മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജൂലൈ 2002

മാസിക



3rd DEATH ANNIVERSARY
26-5-2002



MARIAMMA GEORGE

2nd DEATH ANNIVERSARY
6-6-2002



T.C. GEORGE

*"നിന്റെ മഹത്വമുദിക്കുംനാൾ, നിൽക്കണമിവർ വലഭാഗത്തിൽ"*

*Inserted By*

Loving Children:- Lizy & Raju (USA), Rajan & Annie (S. Africa), Saly & Rajan (Delhi) Mercy & Titty (S. Africa) Sagen & Giji (Pathanamthitta).

**THYKOOTTATHIL, PUTHENPEEDIKA, OMALLOOR, PATHANAMTHITTA**



## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)



# മലങ്കരസഭ

ലക്കം 7, പുസ്തകം 58
ജൂലൈ 2002





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0473 - 312398
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 -224255

### വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 6.50 രൂപ |
| ഒരുവർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


# CONTENTS
# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**
4 നിയമപാലകർ നീതി നിഷേധിക്കുമ്പോൾ
- ഫാ. ഡോ. ജേക്കബ് കുര്യൻ

**ചരിത്രം**
6 തിരുവിതാംകോട് പള്ളി- ചരിത്ര സാക്ഷിയായ പുണ്യസ്ഥലം
- അഡ്വ. തോമസ് ഫിലിപ്പ് ചെങ്ങന്നൂർ

**പ്രസംഗം**
8 പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷ പ്രസംഗം

**പഠനവേദി**
10 ഭക്തിയുടെ വികലരൂപങ്ങൾ
- ഫാ. ഡോ. ജേക്കബ് കുര്യൻ

**കവിത**
16 സക്കായി
- കെ.സി. അലക്സാണ്ടർ, പുനലൂർ

**പ്രഭാഷണ സഭ**
12 കർത്താവ് പുകഴ്ത്തുന്നു
- ബ്രദർ തോമസ് മാത്യു

**ലേഖനങ്ങൾ**
11 ഇന്റർനെറ്റ്- പാർശ്വഫലങ്ങൾ
- അഡ്വ. പി.വി. വർഗീസ്, പൂവത്തിനാൽ

15 Malankara Orthodox Church and Women
- Dr. M.S. Alexander, England

18 സഭാനിയമങ്ങൾ കർശനമായി പാലിക്കുക
- ജോൺ വർഗീസ്, ഇരവിപേരൂർ

19 സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........
- ഗീവർഗീസ് മൈലാടുംപാറ

**സ്ഥിരം പംക്തികൾ**
ധ്യാനപംക്തി, വിശ്വാസപാഠം, പ്രതിമാസ ചിന്തകൾ, വാർത്തകൾ, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം, ബൈബിൾ കടങ്കഥ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

# നിയമപാലകർ നീതി നിഷേധിക്കുമ്പോൾ...

**ഫാ. ഡോ. ജേക്കബ് കുര്യൻ**

നിയമത്തെ അനുസരിക്കുന്നത് കഴിവുകേടും, നിയമപാലകരുടെ വാക്ക് വിശ്വസിച്ചുപോകുന്നത് ബുദ്ധിഹീനതയും എന്നു തെളിയിക്കുന്ന സംഗതികളാണ് കുറെക്കാലമായി മലങ്കര ഓർത്തഡോക്സു സഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനോടുള്ള സമീപനത്തിൽ കണ്ണുരുട്ടിക്കാട്ടുവാൻ ധൈര്യം കാണിച്ചവരെയൊക്കെ വീട്ടിൽ ചെന്ന് കാണാൻ തിടുക്കം കൂട്ടിയ അനന്തപുരിയിലെ ചാണക്യന്മാർ, സഭാ നേതൃത്വത്തിന് സങ്കടം പറയാൻ അവസരം പോലും നിഷേധിക്കുന്ന സന്ദർഭങ്ങൾ വരുത്തിയിരിക്കുന്നു. ഇത് തികച്ചും ഗൗരവതരമായ ഒരു സ്ഥിതി വിശേഷമാണ്.

ഭാരതത്തിലെ ഏറ്റവും പുരാതന സഭയായ മലങ്കരസഭയിൽ വ്യവസ്ഥാപിതവും ഭരണഘടനാനുസൃതവുമായ ഭരണസംവിധാനത്തിനെതിരെ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പേരും പറഞ്ഞ് അരാജകത്വം അഴിച്ചുവിടാൻ ധാരാളം ശ്രമങ്ങൾ നടന്നിട്ടുണ്ട്. അപ്പോഴൊക്കെ ക്രിസ്തീയ സ്നേഹത്തെയും സാക്ഷ്യത്തെയും മുറുകെപ്പിടിച്ചുകൊണ്ട് നിയമാനുസൃതമാർഗ്ഗങ്ങളിലൂടെ മാത്രമെ സഭ അവയോട് പ്രതികരിച്ചിട്ടുള്ളൂ. അനുരഞ്ജനാലോചനകളിൽ ത്യാഗപൂർണ്ണമായ നിലപാടുകൾ സ്വീകരിക്കുവാനും മലങ്കര ഓർത്തഡോക്സ് സഭ ശ്രദ്ധിച്ചിട്ടുണ്ട്. സഭാ വഴക്കിൽ ഉണ്ടായിട്ടുള്ള കൈയ്യേറ്റ ശ്രമങ്ങളൊന്നും നടത്തിയിട്ടുള്ളത് മലങ്കര ഓർത്തഡോക്സുസഭാംഗങ്ങളല്ല. കോടതി വിധികളെല്ലാം തന്നെ 1934 ലെ മലങ്കരസഭാ ഭരണഘടനയുടെ സാധുത എടുത്തുപറഞ്ഞതോടെ വിഘടിത വിഭാഗം, തങ്ങളും സഭയ്ക്കുള്ളിൽ ആണെന്നും തങ്ങൾക്കും സഭാഭരണഘടനയോട് വിധേയത്വം ഉണ്ടെന്നും വാദിക്കുന്ന (കപട) തന്ത്രം പ്രയോഗിച്ചു. ഭരണഘടനാനുസൃതമായി മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചപ്പോൾ, അത് നീട്ടിക്കൊണ്ടുപോകുവാൻ ഉടക്കുകളുമായി വിഘടിതവിഭാഗം കോടതിയെ സമീപിച്ചു. അസോസിയേഷൻ നടന്നാൽ തങ്ങളുടെ കപടതന്ത്രം പൊളിയുമെന്നു കണ്ട്, അസോസിയേഷനു മുമ്പും പിമ്പും ''ക്രമസമാധാന തകർച്ച''യുടെ തന്ത്രം പ്രയോഗിക്കുവാൻ തുടങ്ങി. അതിന്റെ തെളിവാണ്, കോലഞ്ചേരി, കടമറ്റം, ഇടമറുക്, കാഞ്ഞിരമറ്റം, എരുക്കുംചിറ, വെള്ളിക്കുളങ്കര, ഒലവക്കോട്, മംഗലം ഡാം, മുതലായ പള്ളികളിൽ സംഭവിച്ചത്. ചില പള്ളികൾ പൂട്ടിച്ചു; ചിലത് ബലമായി കൈയ്യടക്കി. ഈ പള്ളികളിലൊക്കെ മലങ്കര ഭരണഘടനാനുസൃതമായി നിയമിക്കപ്പെട്ട വികാരിമാരാൽ ആരാധന നടന്നുകൊണ്ടിരുന്നതാണ്. എന്നാൽ ''തൽസ്ഥിതി'' ആനുകൂല്യവും, കോടതിവിധിയും അനുകൂലമായിട്ടുണ്ടായിരുന്നിട്ടും അത് സംരക്ഷിച്ചുകൊടുക്കാതെ ഗുണ്ടാവിളയാട്ടത്തെ പോലീസും അധികാരികളും പ്രോത്സാഹിപ്പിക്കയാണ് ചെയ്തത്. എങ്ങനെയെങ്കിലും ''ക്രമസമാധാന'' പ്രശ്നം സൃഷ്ടിച്ചാൽ, ഏതു കോടതി വിധിയുണ്ടെങ്കിലും ആർ.ഡി.ഓയ്ക്ക് പള്ളി പൂട്ടാമെന്ന പഴുതുപയോഗിച്ച് ആണ് പള്ളികൾ പൂട്ടിയത്. പള്ളി പൂട്ടിയത് മൂലം തങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തെ നിഷേധിച്ചുകളഞ്ഞുവെന്ന് ഒരു മുതലക്കണ്ണീർപ്പത്രപ്രസ്താവനയും വിഘടനവാദക്കാർ ഇറക്കി, ചെളിക്കുണ്ടിൽ മുഖം കഴുകാൻ ശ്രമിച്ചുവെന്നു മാത്രം. ഇതിന്റെ വിജയം ആഘോഷിക്കുവാൻ അവർ അധികാര അകത്തളങ്ങളിൽ സൽക്കാരങ്ങളും ക്രമീകരിച്ചു. ഇതെല്ലാം കണ്ടും കേട്ടും സഹിച്ചും മലങ്കര ഓർത്തഡോക്സു സഭാംഗങ്ങൾ, വസ്തുതകൾ തെളിവുസഹിതവും, വിധികളുടെ ന്യായങ്ങൾ മുഖേനയും അറിയിക്കുവാൻ ശ്രമിച്ചപ്പോഴൊക്കെ, ഭരണതലപ്പത്തിരിക്കുന്നവർ നിഷ്ക്രീയത്വം പാലിച്ചു. നിഷ്പ്പക്ഷതയുടെ പേരും പറഞ്ഞ്, പക്ഷം പിടിച്ച് വോട്ടുറപ്പിക്കുന്ന തലപ്പത്തിരിക്കുന്നവരുടെ മനസിലിരിക്കുന്നത് താഴെപ്പറയുന്നവയാണെന്ന് അറിയുവാൻ കഴിഞ്ഞു.

1. ഓർത്തഡോക്സ് സഭാംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ്. അവർക്ക് പാർട്ടികളോടുള്ള വിധേയത്വമാണ്, സഭയോടുള്ള ബന്ധത്തെക്കാൾ പ്രധാനം എന്ന തോന്നൽ.
2. ഓർത്തഡോക്സു സഭാ നേതൃത്വത്തിലിരിക്കുന്ന പലർക്കും, ഒരു സ്ക്കൂളോ, ഒരു കോഴ്സോ, ഒരു കോളജോ കൊടുത്താൽ വ്യക്തിപരമായി തൃപ്തിപ്പെട്ടുകൊള്ളും. അവർക്ക് വ്യക്തിതാല്പര്യത്തെക്കാൾ വലിയ ഒരു സഭാസ്നേഹമോ കാഴ്ചപ്പാടോ ഇല്ല എന്ന കണക്കുകൂട്ടൽ.
3. ഓർത്തഡോക്സു സഭാംഗങ്ങൾ എത്ര പ്രകോപിതരായാലും ഭീരുക്കളാണ്. ഒന്നിച്ചു നിന്ന് ഒന്നും ചെയ്വാൻ അവർക്കറിയില്ല, അതിനു കഴിവുമില്ല.

കഴിഞ്ഞ കാല ചരിത്രത്തിൽ ഒരു പക്ഷെ മേല്പറഞ്ഞ ധാരണകളെ സാധൂകരിക്കുന്ന നിർഭാഗ്യകരമായ ചില സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടാവാം. പക്ഷെ, ഇന്ന് സാധാരണക്കാരായ സഭാംഗങ്ങൾ ഉണർന്നുകഴിഞ്ഞു. ഒരു ചരിത്ര നിയോഗം സാക്ഷാത്ക്കരിക്കുവാൻ അവർ പ്രതിജ്ഞചെയ്യുകയാണ്. കെ.സി. മാമ്മൻമാപ്പിളയും, എം.എ. ചാക്കോയും, ഇ. ജോൺ ജേക്കബും ഒക്കെ ഏതൊക്കെ സ്ഥാനങ്ങൾ വഹിക്കുമ്പോഴാണ് ഈ സഭയുടെ ശക്തിദുർഗ്ഗങ്ങളായിരുന്നതെന്ന് ചരിത്രം ഓർമ്മിക്കുന്നവർക്കറിയാം. പൊതുജീവിതത്തിൽ തങ്ങളുടെ ചുമതല നിറവേറ്റുന്നതോടൊപ്പം, സഭയെസ്നേഹിച്ച് സത്യത്തിനായി നിലകൊണ്ടതുകൊണ്ട് അവരാരും പക്ഷവാദികളോ ഭീകരന്മാരോ ആയിരുന്നില്ല.

സഭയുടെ ഈ നിർണ്ണായകഘട്ടത്തിൽ നീതി നടപ്പാക്കിത്തരാൻ തയാറാകാത്തവരുടെ അപ്പക്കഷണങ്ങൾ വേണ്ടെന്നു



# ഗുജറാത്തിൽ സഭ പണിത ഗ്രാമവും സ്ക്കൂളും ഗ്രാമവാസികൾക്ക് കൈമാറി



ഗാന്ധിധാം:- മലങ്കര ഓർത്തഡോക്സ് സഭ, ഗുജറാത്ത് ഭൂകമ്പത്തിൽ ഇരയായവർക്കായി ഗ്രാമവും സ്ക്കൂളും ഗ്രാമവാസികൾക്ക് കൈമാറി. ഇൻഡ്യയിലുണ്ടാകുന്ന ദുരന്തങ്ങളിൽ അടിയന്തിര സഹായമെത്തിക്കുവാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുമായി സഭ രൂപീകരിച്ച നാഷണൽ റിലീഫ് സർവ്വീസ് ഓഫ് ദ് ഓർത്തഡോക്സ് ചർച്ച് (നാർസോക്ക്) എന്ന സംഘടന ഗുജറാത്തിലെ, സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. ഭൂകമ്പത്തിൽ തകർന്ന കച്ച് ജില്ലയിലെ അഞ്ചാർ താലൂക്കിലെ അജാപ്പർ എന്ന ഗ്രാമമാണ് ''നാർസോക്ക്'' പുനർനിർമ്മിച്ചത്.

മേയ് 30-ന് വൈകിട്ട് 4.30 മണിക്ക് നടന്ന ഉദ്ഘാടന ചടങ്ങിൽ ഗുജറാത്ത് വ്യവസായവകുപ്പ് മന്ത്രി ശ്രീ. സുരേഷ് ഭായ് മേത്ത മുഖ്യാതിഥിയായിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതുവഴിയായി ദൈവത്തെ സേവിക്കുകയാണെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രേഷ്ഠ നിയുക്ത കാതോലിക്ക ബാവ അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനി പറഞ്ഞു. ഓർത്തഡോക്സ് സഭ ഇൻഡ്യയുടെ അഭിമാനമാണെന്നും സഭയുടെ സേവന തത്പരത കേരളത്തേയും ഗുജറാത്തിനേയും സ്നേഹത്തിൽ ബന്ധിച്ചിരിക്കുകയാണെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ. സുരേഷ് ഭായ് മേത്ത പറഞ്ഞു. നാർസോക്ക് പ്രസിഡന്റ് അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയിൽ നിന്നും ഏറ്റുവാങ്ങി, ഗ്രാമപ്രമുഖൻ ശ്രീ. നാരയൺഭായ്ക്ക് നൽകിക്കൊണ്ട് ബഹു. മന്ത്രി താക്കോൽദാനം നിർവ്വഹിച്ചു. സ്നേഹത്തിന്റെ പ്രതീകമായി മലങ്കര സഭ പണിത ഫ്രണ്ട്സ് സ്ക്കൂളിന്റെ താക്കോൽദാനം ശ്രേഷ്ഠ നിയുക്ത കാതോലിക്കബാവ കച്ച് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ ശ്രീ. രാജീവ് ടോപ്ണോ ഐ.എ.എസ്.ന് നൽകി കൊണ്ട് നിർവ്വഹിച്ചു. ശ്രീ. പുഷ്പാഗന്ദ് ഗഢ്വി (എം.പി.), ശ്രീ. വാസൻഭായ് അഹിർ (എം.എൽ.എ.) ശ്രീ. എ.കെ. ജോണി ഐ.എ.സ്.(ചെയർമാൻ, കണ്ട്ല പോർട്ട്), ശ്രീ. രാജീവ് ടോപ്നോ ഐ.എ.എസ്. (ഡി.ഡി.ഒ. കച്ച്), ശ്രീ. ബിജു ജേക്കബ് ഐ.എ.എസ്. (സീനിയർ ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ) ശ്രീ. നാരായൺ ഭായ് (ഗ്രാമ പ്രമുഖൻ) എന്നിവർ പ്രസംഗിച്ചു.

മാനുഷിക മൂല്യങ്ങളുടെ സാക്ഷ്യമാണ് അജാപ്പർ ഗ്രാമമെന്ന് സ്വാഗത പ്രസംഗത്തിൽ അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി പറഞ്ഞു. നാർസോക്ക് ഡയറക്ടർ വെ.റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ നന്ദിയും പറഞ്ഞു.

രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള സാംസ്ക്കാരിക കൈമാറ്റം കൂടിയായിരുന്നു ഉദ്ഘാടന ചടങ്ങ്. ഗുജറാത്തിന്റെ തനതായ വാദ്യമേള്ളങ്ങളോടെയാണ് അതിഥികളെ ഗ്രാമവാസികൾ സ്വീകരിച്ചത്. ഗ്രാമകവാടം മുതൽ വേദി വരെ അതിഥികളെ ആനയിച്ചത് താലപ്പൊലികൾ ഏന്തിയ മലയാളി അംഗനമാരായിരുന്നു. വമ്പിച്ച ജനാവലി ഉദ്ഘാടന സമ്മേളനത്തിന് സാക്ഷികളായിരുന്നു.

പ്രോജക്ട് ഡയറക്ടർ, വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ, പ്രോജക്ട് മാനേജർ, ഫാ. ലാബി ജോർജ്ജ് പനയ്ക്കാമറ്റം, സൈറ്റ്-ഇൻ-ചാർജ്ജ്, ബ്രദർ. റൻസി വർഗ്ഗീസ്, സൂപ്രവൈസർ ശ്രീ. തോമസ് പി.ജി. എന്നിവരെ ഗ്രാമവാസികൾ പ്രത്യേകം ആദരിച്ചു.

*എഡിറ്റോറിയൽ...........*

വയ്ക്കുവാനും, അവരെയും സഭയുടെ താല്പര്യത്തെ മറികടന്ന്, അവർക്കായി പരവതാനി വിരിക്കുന്നവരെയും പിന്തള്ളി മുമ്പോട്ടു പോകുവാനും സഭാംഗങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഞങ്ങൾ സവിനയം അറിയിച്ചുകൊള്ളട്ടെ. നിയമം പാലിക്കപ്പെടുന്ന അന്തരീക്ഷത്തിൽ, ആരാധന നടത്തുവാനോ സെമിത്തേരി ഉപയോഗിക്കുവാനോ, ഒക്കെ ഇപ്പോൾതന്നെ നിലവിലിരിക്കുന്ന സംവിധാനങ്ങൾ പോലെ പലതിനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുത്തും എടുപ്പിച്ചും, മലങ്കര സഭ കേസിന്റെ കാലത്തോടു വിടപറയുവാനുള്ള, പുത്തൻ ആവേശവുമായി സഭയിലെ യുവജനങ്ങൾ പ്രത്യേകമായും കൈകോർത്തു കഴിഞ്ഞു. പക്ഷെ അവർക്കുവേണ്ടത് ഒരുറപ്പാണ്: അവരുടെ പിതാക്കന്മാർ ക്ഷമിച്ചുകാത്തിരുന്നത്, നിയമാനുസൃതമായ മാർഗ്ഗത്തിൽ നീതി ഉറപ്പാക്കുന്നതിനുവേണ്ടിയായിരുന്നുവെന്ന്. അതു നടക്കാതെവന്നാൽ, അവർ തെരുവിലിറങ്ങും; ഇറങ്ങിയാൽ അതിന്റെ പ്രത്യാഘാതങ്ങളുടെ ഉത്തരവാദിത്തം മുഴുവൻ അവരെ തെരുവിലിറക്കിയ നിഷ്ക്രിയ ഭരണ സംവിധാനത്തിനായിരിക്കും.



**ഈ ദേവാലയത്തിന്റെ പണികൾ വളരെ മനോഹരമാണ്. മുഴുവൻ ഭിത്തികളും കരിങ്കല്ലു കൊണ്ട് മനോഹരമായി തീർത്തിരിക്കുന്നു. മേൽക്കൂരയും കരിങ്കല്ലായിരുന്നു. മാലാഖമാരെയും സൂര്യചന്ദ്രന്മാരെയും, കാസായും ഒക്കെ കൊത്തു പണികളിൽ കാണാം. കൽത്തൂണുകളിൽ എണ്ണയൊഴിച്ച് തിരികത്തിക്കുന്നതിന് സൗകര്യമുണ്ട്. പള്ളിക്ക് ഉപയോഗിച്ചിരിക്കുന്ന കരിങ്കൽ കഷണങ്ങൾ ചിലതിൽ കുരിശടയാളം വ്യക്തമായി കൊത്തിയിരിക്കുന്നു. ചെറുതും വളരെ പുരാതനവുമായ മാമോദീസാ തൊട്ടി, ധൂപക്കുറ്റി, പള്ളിയിലുള്ള മേശമേൽ കൊത്തിയിട്ടുള്ള പെലിക്കൻ പക്ഷിയുടെ ചിത്രം. ലത്തീൻ പോർട്ട്ഗീസ് പോലുള്ള ലിപികളിലുള്ള അവയിലെ എഴുത്തുകൾ. ഇവകളെല്ലാം കൗതുകവും, അത്ഭുതവും സൃഷ്ടിക്കുന്നു.**

# തിരുവിതാംകോട് പള്ളി - ചരിത്ര സാക്ഷിയായ പുണ്യ സ്ഥലം

അഡ്വ. തോമസ് ഫിലിപ്പ്, ചെങ്ങന്നൂർ

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പള്ളികളിൽ ഏറ്റവും ഒടുവിൽ സ്ഥാപിതമായ പള്ളിയാണ് തിരുവതാംകോട് സെന്റ് മേരീസ് പള്ളി. തിരുവനന്തപുരം - കന്യാകുമാരി റൂട്ടിലുള്ള (എൻ.എച്ച്-47) തക്കല ജംഗ്ഷനിൽ നിന്നും ഉദ്ദേശം രണ്ട് കിലോമീറ്റർ നേരെ പടിഞ്ഞാറായി തിരുവിതാംകോട് എന്ന ഗ്രാമത്തിൽ അതിപുരാതനമായ ഈ പള്ളി സ്ഥിതി ചെയ്യുന്നു. ഇത് കന്യാകുമാരി ജില്ലയിൽപെട്ടസ്ഥലമാണ്. തിരുവനന്തപുരത്തു നിന്നും 55 കി.മീ. ദൂരം പള്ളി നിൽക്കുന്ന സ്ഥലത്തേക്കുണ്ട്. തക്കല ജംഗ്ഷനിൽ നിന്ന് രണ്ടരക്കിലോമീറ്റർ ദൂരം കിഴക്കോട്ട് ചെന്നാൽ മാർത്താണ്ഡവർമ്മ മഹാരാജാവ് താമസിച്ചിരുന്ന ശ്രീ പത്മനാഭ കൊട്ടാരത്തിൽ എത്താം.

പള്ളി 25 സെന്റോളം സ്ഥലത്ത് നിൽക്കുന്നു. രണ്ട് ഏക്കറിൽ കൂടുതൽ സ്ഥലം പള്ളിക്ക് ഉണ്ട്. ഈ ദേവാലയത്തിന്റെ പണികൾ വളരെ മനോഹരമാണ്. മുഴുവൻ ഭിത്തികളും കരിങ്കല്ലു കൊണ്ട് മനോഹരമായി തീർത്തിരിക്കുന്നു. മേൽക്കൂരയും കരിങ്കല്ലായിരുന്നു. ഭിത്തികൾക്ക് രണ്ടരയടി കനം വരും. 45 അടിനീളവും 16 അടി വീതിയും 10 അടി ഉയരവും മാത്രമുണ്ടായിരുന്ന പള്ളി അതിന്റെ പഴമ നിലനിർത്തി ഹൈക്കല ഭാഗത്ത് ചില്ലറ മാറ്റങ്ങൾ ഉണ്ടാക്കിയതായി കാണുവാൻ കഴിയുന്നു. എങ്കിലും അതിന്റെ പുരാതനത്വവും മദ്ബഹായുടെ പഴമയും ഒട്ടുമെ നഷ്ടപ്പെടുത്തിയിട്ടില്ല. മാലാഖമാരെയും സൂര്യചന്ദ്രന്മാരെയും, കാസായും ഒക്കെ കൊത്തു പണികളിൽ കാണാം. കൽത്തൂണുകളിൽ എണ്ണയൊഴിച്ച് തിരികത്തിക്കുന്നതിന് സൗകര്യമുണ്ട്. പള്ളിക്ക് ഉപയോഗിച്ചിരിക്കുന്ന കരിങ്കൽ കഷണങ്ങൾ ചിലതിൽ കുരിശടയാളം വ്യക്തമായി കൊത്തിയിരിക്കുന്നു. ചെറുതും വളരെ പുരാതനവുമായ മാമോദീസാ തൊട്ടി. ധൂപക്കുറ്റി, ഇങ്ങനെ പലതും പള്ളിയിൽ കാണാം. പള്ളിയിലുള്ള മേശമേൽ കൊത്തിയിട്ടുള്ള പെലിക്കൻ പക്ഷിയുടെ ചിത്രം. ലത്തീൻ പോർട്ട്ഗീസ് പോലുള്ള ലിപികളിലുള്ള അവയിലെ എഴുത്തുകൾ. ഇവകളെല്ലാം കൗതുകവും, അത്ഭുതവും സൃഷ്ടിക്കുന്നു. ഈ മേശ പോർട്ട്ഗീസുകാർ പള്ളിയ്ക്ക് സംഭാവന നല്കിയതെന്ന് കരുതുന്നു. സ്വന്തം ചുണ്ട് കൊണ്ട് സ്വന്തം ശരീരത്തിലെ രക്തം കൊത്തി ഒഴുക്കി കുഞ്ഞുങ്ങൾക്ക് നല്കുന്ന പെലിക്കൻ പക്ഷിയുടെ പടം വലിയ ത്യാഗത്തിന്റെ പ്രതീകമാണ്. പള്ളിയുടെ തെക്കെ മുറ്റത്ത് ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ് കബറടക്കപ്പെട്ട മാമലശ്ശേരിൽ കോനാട്ട് യാക്കോബ് മല്പാന്റെ കബറിടം കാണാം.

സഭയുടെ കാവൽ പിതാവിന്റെ പുണ്യപാദ സ്പർശങ്ങൾ ഏറ്റ ഈ മണ്ണും, ശ്ലീഹായിൽ സ്ഥാപിതമായി എന്നു വിശ്വസിക്കുന്ന ഈ പള്ളിയും ചരിത്ര പുസ്തകങ്ങളുടെ ചുരുളുകളിൽ ഒതുങ്ങിയിരിക്കുന്നു. ലോക രാഷ്ട്രങ്ങളിൽ നിലവിലുള്ള അതിപുരാതനമായ ക്രൈസ്തവ ദേവാലയങ്ങളുടെ പട്ടികയിൽ ഇതിന് സ്ഥാനമുണ്ട് എന്നും, തന്മൂലം വിദേശികൾ ഇവിടെ പഠനത്തിന് എത്താറുണ്ട് എന്നും പറയുന്നു. മാർത്തോമ്മായുടെ പിൻഗാമികൾ എന്ന് അഭിമാനിക്കുന്നവർ ഈ പള്ളിയോടു കാണിക്കുന്ന അവഗണന അവരെ അത്ഭുതപ്പെടുത്തുന്നുണ്ടായിരിക്കും.

മൈലാപ്പൂരിലെ സുവിശേഷ വേലയുടെ അടിസ്ഥാനത്തിൽ അവിടുത്തെ തദ്ദേശവാസികളായ വെള്ളാള ചെട്ടികളിൽ ചിലർ ക്രിസ്തുമതം സ്വീകരിച്ചു. ഇതിൽ കുപിതനായ ബാലിയോകൻ എന്ന രാജാവിന്റെ പീഢനങ്ങളിൽ സഹികെട്ട് വി. മാർത്തോമ്മാ ശ്ലീഹായുടെ നേതൃത്വത്തിൽ അരുവാമൊഴി മലയിടുക്കിൽക്കൂടി നാഗർകോവിൽ എത്തി. ഇവർ ഇപ്രകാരം മൈലാപ്പൂരിൽ നിന്നും പുറപ്പെടുന്നതിന് മുൻപ് വേണാട് ഇളയരാജാവിനെ കണ്ട് സങ്കടം പ്രകടിപ്പിക്കുവാൻ അവസരം ലഭിച്ചതി



നാൽ തിരുവതാംകോട് വന്നാൽ സംരക്ഷണം നല്കാം എന്ന് ടി. രാജാവിൽ നിന്നും ഉറപ്പ് ലഭിച്ചിരുന്നു. തന്മൂലം നാഗർകോവിൽ നിന്നും ഇവർ തക്കലയിൽ എത്തി, അവിടെ ടെന്റ് കെട്ടി താമസിച്ചു. തക്കലയിൽ നിന്നും വേണാട് രാജാവിനെ, സ്ഥലപ്രമാണികളുടെ ഒപ്പം ശ്ലീഹാ കാണുവാനും ബഹുമാനം അർപ്പിക്കുവാനും ചെന്നു. ഈ സമയം എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്ത രാജാവ് തമ്പാളത്തിൽ മുല്ലപ്പൂക്കൾ, നാരങ്ങ, ചന്ദനം, വിഭൂതി (ഭസ്മം) എന്നിവ നല്കി. എന്നാൽ ക്രിസ്ത്യാനികളായതിനാൽ ഭസ്മം ധരിക്കയില്ല എന്നറിയിച്ചുകൊണ്ട് ബാക്കി സമ്മാനങ്ങൾ സ്വീകരിച്ചു. വിഭൂതി ഉപയോഗിക്കാത്തതിൽ ഇവരെ വിഭൂതി ധരിയാചെട്ടികൾ എന്നു വിളിച്ചിരുന്നു എന്ന്പോലും. ഇപ്രകാരം ഈ സ്ഥലത്ത് വന്ന 64 കുടുംബങ്ങൾക്ക് രാജാവ് കരം ഒഴിവായി വസ്തു നല്കി. കൂടാതെ ആരാധനക്കായി വനത്തിൽ നല്കിയ 21 സെന്റ് സ്ഥലം യക്ഷികളുടെ വാസസ്ഥലമായിരുന്നു എന്നു പറയപ്പെട്ടിരുന്നു. അവിടെ നിന്നിരുന്ന ചന്ദനമരങ്ങൾ മുറിക്കുമ്പോൾ രക്തം മരത്തിൽ നിന്നും വരും എന്നും പറയപ്പെട്ടിരുന്നു. മരം മുറിച്ച രണ്ടാളുകൾ മരിച്ചതിനാൽ അവിടെ ഉടൻ എത്തിയ ശ്ലീഹാ പ്രാർത്ഥിച്ച് അവരെ ഉയർപ്പിക്കുകയും ശ്ലീഹാ തന്നെ മരങ്ങൾ മുറിച്ച് മാറ്റുകയും യക്ഷികൾ സ്ത്രീരൂപം പ്രാപിച്ച് മൂന്ന് ദിക്കിലേക്ക് വലിയ ശബ്ദത്തോടു പോയതായും ശ്ലീഹാ അവിടെ പള്ളി പണിതതായും പറയപ്പെടുന്നു. പള്ളിയുടെ കർമ്മങ്ങൾ നടത്തുന്നതിനായി യാക്കൂബ്, അലക്സാണ്ടർ എന്ന രണ്ട് പേരെ കശ്ശീശാമാരായി തെരഞ്ഞെടുത്ത് നിയമിച്ചു. ഇവരുടെ കബറിലാണ് കോനാട്ട് യാക്കോബ് കശ്ശിശായെയും കബറടക്കിയിരിക്കുന്നത് എന്ന് പറയുന്നു. പള്ളി സ്ഥാപിച്ചതിനു ശേഷം വീണ്ടും മൈലാപ്പൂരിലേക്ക് ശ്ലീഹ യാത്രയായി എന്നും വിശ്വസിക്കുന്നു.

തിരുവിതാംകോട് എത്തിയ ഇവർ തരിസ്സാചെട്ടികളായതിനാൽ ഇവർ താമസിച്ചിരുന്ന ഭാഗത്തിന് തരീസ്സാതെരുവ് എന്നു പറയുന്നു. ഇവർ സ്വർണ്ണം; വെള്ളി, രത്നങ്ങൾ, സിൽക്ക് മുതലായവയുടെ കച്ചവടക്കാരുമായിരുന്നു. പുരുഷന്മാർ, മുൻകുടുമയും കാതിൽ വളയവും സ്ത്രീകൾ വിലയേറിയ ആഭരണങ്ങളും പള്ളിയിൽ പർദയും ഉപയോഗിച്ചിരുന്നു. ഇവരിൽ ചിലർ കായംകുളം, കുണ്ടറ, കാർത്തികപ്പള്ളി, മൂവാറ്റുപുഴ, പിറവം മുതലായ സ്ഥലങ്ങളിൽ കച്ചവടവുമായി ബന്ധപ്പെട്ട് എത്തിയിരുന്നതായി പറയുന്നു. തരീസ്സായികൾ കൊളംബോയുമായി കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു. ഇവരിൽ ചിലർ കായംകുളത്ത് താമസിച്ചതിനാലാണ് പൊൻവാണിഭം എന്ന കുടുംബ പേര് ഉണ്ടായത് എന്നും പറയപ്പെടുന്നു. തിരുവതാംകോട് ഉണ്ടായ വലിയ പകർച്ച വ്യാധി മൂലം ഈ കുടുംബവും ഏറെക്കുറെ ഇല്ലാതാകുകയും ചിലർ മറ്റ് മതങ്ങളിലേക്ക് കടന്നുകൂടുകയും ചെയ്തു. ഇപ്പോൾ ഒരു കുടുംബം പാരംമ്പര്യത്തിന്റെ ചരിത്ര സാക്ഷികളായി ഉള്ളതായി പറയപ്പെടുന്നു. പല പ്രശസ്ത വ്യക്തികളും ഈ കുടുംബത്തിൽ പെട്ടിരുന്നു. സംഗീത രത്നം മാമൻ ഭാഗവതർ. പഴയ സെമിനാരിയിലെ ചിത്രങ്ങൾ വരച്ച ആർട്ടിസ്റ്റ് ജോൺ മുതലായവർ ഇവരിൽ ചിലർ ആണ്. പള്ളിയുമായ് ബന്ധപ്പെട്ട് അത്ഭുതസംഭവങ്ങളും വിവരിക്കുന്നുണ്ട്.

ഒരു ക്രൈസ്തവ സന്യാസി ഈ സ്ഥലത്ത് എത്തുകയും അദ്ദേഹത്തെ തിരിച്ചറിയാതെ ആളുകൾ കളിയാക്കി ഓടിച്ചപ്പോൾ പള്ളിയിൽ അഭയം തേടാൻ ചെന്ന അദ്ദേഹത്തിനുവേണ്ടി പള്ളിയുടെ വാതിൽ തനിയെ തുറന്നതായും പറയപ്പെടുന്നു.

ജനുവരി 15 ഈ ദേവാലയത്തിന്റെ പെരുന്നാൾ ആണ്. ശ്ലീഹായുടെ ഓർമ്മ ദിവസമായ ദുക്റോനോ പെരുന്നാൾ കർക്കിടകം മൂന്നാം തീയതിയിൽ ആഘോഷിക്കുന്നു. ജാതിമതഭേദമെന്യ ആളുകൾ ഈ പെരുനാളിൽ പങ്കെടുക്കുന്നു.

തിരുവിതാംകോട് പള്ളിയിൽ നിന്നും നാലരകിലോമീറ്റർ ദൂരം മാത്രമേ പ്രശസ്തരായ ശ്രീ പത്മനാഭപുരം പാലസിനുള്ളൂ. ഇതിനടുത്തുതന്നെയാണ് ചാരോട് പാലസ്, പെരിഞ്ചാനി, പീച്ചിഡാം, മറ്റു വെള്ളച്ചാട്ടങ്ങൾ, പേച്ചിപ്പാറ അണകൾ, മണവാള കുറിച്ചി, കുളച്ചിൽ തുറമുഖം, ഉദയഗിരിക്കോട്ട ഉച്ചളങ്ങൾ, എസ്റ്റേറ്റുകൾ പിന്നെ കന്യാകുമാരിയും.

ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് നമ്മുടെ പള്ളികളിൽ നിന്ന് തീർത്ഥാടനപരിപാടികളും, മറ്റും സംഘടിപ്പിക്കുന്നതിന് അഭികാമ്യമായിരിക്കും. ഏതായാലും ചരിത്രം തനിമയോടെ ഉറങ്ങുന്ന തിരുവിതാങ്കോടിന്റെ സാധ്യതകൾ നാമിന്നും മനസിലാക്കിയിട്ടില്ല. ●

# ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

*കവിതയിലൂടെ കടങ്കഥ ചൊല്ലാം ബൈബിളിലെ കഥകൾ*
*കേഴ്‌വിക്കാരൊരു നിമിഷം ചിന്തിച്ചുത്തരമോതിടുമോ?*

ജീവനെഴുന്നൊരു പെട്ടിയിലാക്കി പണ്ടൊരു കാലത്ത്
ജീവനെഴുന്നൊരു നരനെയടച്ചഥ ദൂരെയയച്ചല്ലോ!
പെട്ടിക്കുണ്ടൊരു ജീവൻ; ജീവൻ മർത്യനുമുണ്ടല്ലോ
പെട്ടിയതേത്? മർത്യനിതാര്? ചൊല്ലുക സ്നേഹിതരേ
അറിയണമെങ്കിൽ നോക്കുക യോനാ ഒന്നേ പതിനേഴിൽ
ശരിയാണെങ്കിൽ പെട്ടെന്നൊന്നും പറയരുതാരോടും.

പണ്ടൊരു വൈദ്യൻ രോഗിയോടോതി; നദിയിൽ മുങ്ങിവരാൻ
ഇണ്ടലകറ്റാൻ മുങ്ങീ രോഗി നദിയിലൊരേഴുഴം
ഏഴാമത്തെ മുങ്ങിപൊങ്ങലിൽ സൗഖ്യം നേടിയവൻ
കഴിവിൽ മുന്തിയ വൈദ്യനിതാര്? രോഗിയുമതാരാണ്?
അറിയണമെങ്കിൽ രണ്ടാം രാജാവഞ്ചിൽ നോക്കിടുവിൻ
അറിഞ്ഞു കഴിഞ്ഞാൽ പെട്ടെന്നൊന്നും പറയരുതാരോടും

# 2002 ജൂൺ 27-ാം തീയതി എറണാകുളത്തു വച്ച് കൂടിയ മലങ്കര ഓർത്തഡോക്സ് സഭാ നേതൃയോഗത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചെയ്ത അദ്ധ്യക്ഷ പ്രസംഗം

**അ**ഭിവന്ദ്യ പിതാക്കന്മാരേ, സ്നേഹമുള്ള ശ്രീ ആർ. ബാലകൃഷ്ണപിള്ള, ബഹുമാനപ്പെട്ട വൈദികരേ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളേ, വിശ്വാസികളായ സഭാ മക്കളേ,

ഇപ്രകാരം ഒരു യോഗം അടിയന്തിരമായി വിളിച്ചുകൂട്ടേണ്ടതിന്റെ ആവശ്യകത രണ്ടാണ്. ഒന്ന് - സഭാ കേസിലുണ്ടായ വിധിയുടെ നടത്തിപ്പ് സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ. രണ്ട് - ഇടവകപ്പള്ളികൾ തോറും നടക്കുന്ന കൈയ്യേറ്റങ്ങളെ ചെറുത്തു തോൽപ്പിക്കുന്നതിനു നാം സ്വീകരിക്കേണ്ട നടപടികൾ.

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് സഭാ ഭരണഘടനയോടു വിധേയത്വം ഉള്ള മലങ്കര ഓർത്തഡോക്സ് സഭാ മക്കളാണ് ഇവിടെ കൂടിയിരിക്കുന്നത്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വിഘടിത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ നമ്മെ വേദനിപ്പിക്കുന്നു.

കേവലം വ്യക്തിപരമായ വൈരാഗ്യങ്ങളും അഭിപ്രായ ഭിന്നതകളും സഭയിലേക്കു കൊണ്ടുവന്ന് ഏകദേശം 100 വർഷം നീണ്ടു നിന്ന സിവിൽ കേസ്സുകളിൽ അകപ്പെടുകയായിരുന്നു നമ്മുടെ സഭ. ബലഹീനനായ നമ്മുടെ ചെറുപ്പകാലം മുതൽ ഈ കേസ്സ് നടന്നു വരുന്നു. 1934-ൽ സഭയിലെ ഈ ഭിന്നതകൾ അവസാനിക്കത്തക്കവിധം എല്ലാവരും ചേർന്ന് ഒരു വ്യവസ്ഥാപിത മാർഗ്ഗം കണ്ടെത്തി. അന്ന് രൂപീകരിച്ചതാണ് 1934 ലെ സഭാ ഭരണഘടന. പ. അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള മലങ്കരസഭയുടെ ബന്ധവും ചേർച്ചയും, ഭരണനിർവ്വഹണവും, സഭയുടെ ഭരണസംവിധാനങ്ങളും എല്ലാം അതിൽ അർത്ഥ ശങ്കയ്ക്കിടമില്ലാത്ത വിധം ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ അതിലും സംതൃപ്തരല്ലാത്ത ഒരു വിഭാഗം കേസ്സുമായി മുന്നോട്ടു പോയി. അത് ഏതാണ്ട് 1958 വരെ നീണ്ടു. അന്നുണ്ടായിരുന്ന നമ്മുടെ മുൻഗാമികളെല്ലാവരും ചേർന്ന് ഒരു സമാധാന വ്യവസ്ഥ ഉണ്ടാക്കി. അതിൽ ബലഹീനനായ നാമും ഉൾപ്പെട്ടിരുന്നു. എല്ലാ കാര്യങ്ങളും അവിടെ പല തലങ്ങളിൽ ചർച്ച ചെയ്ത് സഭാഭരണഘടന പ്രകാരം സഭ യോജിക്കുകയായിരുന്നു. അതു സംബന്ധിച്ച് വലിയ ആഘോഷ പരിപാടികളും നടന്നതാണ്. പിന്നീട് 1970 വരെ സമാധാനത്തോടും സന്തോഷത്തോടും കൂടി സഭാ ഭരണം നിർവ്വഹിച്ചു പോന്നു. സമാധാനകാലത്ത് നേരത്തെ ഉണ്ടായിരുന്ന വിഭാഗീയതയോ, ഭിന്നതയോ ഇല്ലാതെ ഐക്യത്തോടും, ഏകാഭിപ്രായത്തോടും കൂടി കാര്യങ്ങൾ നടന്നുവന്നിരുന്നു.

1971-ൽ വീണ്ടും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുകയും അത് വീണ്ടും കേസ്സിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തു. അങ്ങനെയുണ്ടായ സഭാ കേസ്സും ഭിന്നതകളും സുപ്രീംകോടതിയിൽ 1995 ജൂൺമാസം 20-ാം തീയതി ഉണ്ടായ അന്തിമ വിധിയാൽ തീർന്നിരിക്കുകയാണ്. സഭയിലെ ഇരു വിഭാഗങ്ങളും ഉന്നയിച്ചിരുന്ന സകല തർക്കങ്ങളും വാദങ്ങളും ഈ വിധിമൂലം അവസാനിക്കുകയാണ്.

വിധിയുടെ അന്തഃസത്ത മലങ്കരസഭയുടെ ഭരണഘടനയുടെ സാധുത അംഗീകരിച്ചുകൊണ്ടുള്ളതാണ്. ഈ ഭരണഘടന പ്രകാരം ഭരിച്ചു കൊണ്ടിരിക്കുന്ന മലങ്കര മെത്രാപ്പോലീത്തായുടെയും പൗരസ്ത്യ കാതോലിക്കായുടെയും സ്ഥാനങ്ങളും സാധുതകളുള്ളതായി കോടതി അംഗീകരിച്ചിട്ടുണ്ട്.

അതനുസരിച്ച് മലങ്കര ഓർത്തഡോക്സ് സഭ എന്ന ഒറ്റ ഒരു സഭയേ ഉള്ളു എന്നും, സഭയും അതിലെ എല്ലാ ഘടക മെത്രാസനങ്ങളും, ഇടവക പള്ളികളും, സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സഭാ ഭരണഘടനയ്ക്ക് വിധേയമാണെന്നും, ഭരണഘടന പ്രകാരം ഭരിക്കപ്പെടണമെന്നും സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്.

പ്രസ്തുത കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് നാം അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും മാർഗ്ഗം സ്വീകരിച്ചു. മലങ്കര സഭയിലെ പ്രശ്നങ്ങൾക്ക് നീതി പൂർവ്വമായ പരിഹാരം നിർദ്ദേശിച്ച ബഹു. സുപ്രീം കോടതി വിധി നടപ്പാക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരവെ സഭയിൽ മനഃപൂർവ്വം പ്രതിസന്ധി സൃഷ്ടിക്കുവാനും സഭാ ഗാത്രത്തെ വീണ്ടും വിഭജിക്കുവാനും ഒരു വിഘടിത വിഭാഗം ശ്രമിച്ചു വരുന്നതായി കാണുന്നു. ഇടവകകളിലും മറ്റും അക്രമങ്ങൾ നടത്തുകയും പള്ളികൾ കൈയ്യേറുകയും ചെയ്യുന്നു. എന്നാൽ കോടതി വിധി നടപ്പാക്കുവാൻ ചുമതലപ്പെട്ട കേരള സർക്കാർ വിഘടിതർക്ക് സഹായം നല്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അതിനെതിരെ മലങ്കര സഭയുടെ പ്രതിഷേധവും, സഭാസമാധാനത്തെ കരുതി സഭ സ്വീകരിച്ച ഉറച്ച നിലപാടും, കോടതിവിധി നടപ്പാക്കാനുള്ള നമ്മുടെ പ്രതിബദ്ധതയും അക്രമികൾക്കെതിരെയുള്ള സഭയുടെ പ്രതികരണവും വ്യക്തമാക്കുന്നതിനാണ് നാം ഇന്ന് മലങ്കരസഭയുടെ നേതൃത്വ സമ്മേളനം വിളിച്ചിരിക്കുന്നത്. ഈ മഹാസമ്മേളനം മലങ്കര സഭയുടെ നേതാക്കളുടെ യോഗമാണ്. സഭയുടെ ഭാവിയും സമാധാനവും നിങ്ങളുടെ കൈകളിലാണ്.

ലോകത്തിലെ തന്നെ അതിപുരാതനവും ഓർത്തഡോക്സ് സഭകളിൽ ഉൾപ്പെട്ടതുമായ മലങ്കര സഭയിൽ വ്യവസ്ഥാപിതവും ഭരണഘടനാനുസൃതവുമായ ഭരണസംവിധാനത്തെ ഒരു കാലത്ത് മലങ്കരയിൽ സഭയെ പിടിച്ചുനിർത്തുവാൻ സഹായിച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേരും പറഞ്ഞ് അരാജകത്വവും അക്രമവും അഴിച്ചുവിടാനുള്ള ശ്രമമാണ് ഇന്നു നടക്കുന്നത്. നിയമവാഴ്ചയിലൂടെ നേടാനാവാത്തത് നിയമനിഷേധത്തിലൂടെ നേടുവാനുള്ള ശ്രമമാണ് ഇക്കൂട്ടർ ചെയ്യുന്നത്.



വിശ്വാസത്തിന്റെ പേരു പറഞ്ഞ് സാധാരണക്കാരായ ജനങ്ങളെ വഞ്ചിക്കുകയാണ്. ഇതിനെതിരെ സഭ ക്രിസ്തീയ സ്നേഹത്തെയും സാക്ഷ്യത്തെയും മുറുകെപ്പിടിച്ചുകൊണ്ട് നിയമാനുസൃതമാർഗ്ഗങ്ങളിലൂടെ മാത്രമേ പ്രതികരിച്ചിട്ടുള്ളു. 1995 -ൽ കോടതി വിധി ഉണ്ടായതിനെ തുടർന്ന് ഉണ്ടായ പല തരത്തിലുള്ള അനുരഞ്ജനാലോചനകളിൽ ത്യാഗപൂർണ്ണമായ നിലപാടുകൾ സ്വീകരിക്കുവാനും സഭ ശ്രദ്ധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ അനുരഞ്ജന ചർച്ചകളിലും സഭ, സമാധാന നിലപാട് എടുക്കുകയും അതിനെ എതിർക്കുന്ന വിഭാഗം തുരങ്കം വയ്ക്കുകയും ആണ് ചെയ്തിട്ടുള്ളത്.

ബ. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സഭാംഗങ്ങളും നേതാക്കളുമായ ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. പി.പി. തങ്കച്ചൻ എന്നിവരുടെ മധ്യസ്ഥതയിലുള്ള ചർച്ചയിൽ തോമസ് മാർ ദീവന്നാസിയോസ് തിരുമേനിയ്ക്ക് എല്ലാ ബഹുമാനങ്ങളും ആദരവുകളും നല്കണമെന്ന ആവശ്യവും സ്വീകരിച്ചു. അന്ന് 10 മണിക്കൂർ ചിന്തിക്കണമെന്ന ആവശ്യം ഉന്നയിച്ച തിരുമേനി, പിന്നീട് കണ്യാട്ടുനിരപ്പ്, എരുക്കുംചിറ, വെള്ളിക്കുളങ്ങര, ഒലവക്കോട്, മംഗലംഡാം എന്നീ ദേവാലയങ്ങളിൽ അക്രമികളുമായി കയറി പള്ളി പൂട്ടിക്കുന്ന അവസ്ഥയിലെത്തിക്കുകയാണ് ചെയ്തത്. കൂടാതെ കടമറ്റം, കോലഞ്ചേരി, ഇടമറുക് തുടങ്ങിയ ദേവാലയങ്ങൾ മുന്നമേ തന്നെ പൂട്ടിക്കുകയും ഉണ്ടായി. മേൽപ്പറഞ്ഞ എല്ലാ പള്ളികളിലും ഭരണഘടനാനുസരണം നിയമിക്കപ്പെട്ട വികാരിമാരാൽ ആരാധന നടന്നുകൊണ്ടിരിക്കുന്ന ദേവാലയങ്ങളായിരുന്നു. എന്നാൽ കൈയ്യേറ്റം നടത്തിയ ഈ പള്ളികളിൽ "കയ്യേറിയ ശേഷമുള്ള തൽസ്ഥിതി" പ്രഖ്യാപിച്ച് ഗവണ്മെന്റും ഭരണ സംവിധാനങ്ങളും നമ്മെ വഞ്ചിച്ചിരിക്കുകയാണ്. അതുമുഖാന്തിരം കോടതി വിധിയുടെ ആനുകൂല്യം ഉണ്ടെന്നിരിക്കെ അതിനെ സംരക്ഷിച്ചു കൊടുക്കാതെ ഗുണ്ടാവിളയാട്ടത്തെ പോലീസും അധികാരികളും പ്രോത്സാഹിപ്പിക്കുകയത്രേ ചെയ്തത്. എങ്ങനെയെങ്കിലും "ക്രമസമാധാന" പ്രശ്നം സൃഷ്ടിച്ചാൽ ഏതു കോടതി വിധിയുണ്ടെങ്കിലും പള്ളി പൂട്ടിക്കാമെന്ന പഴുതുപയോഗിച്ച് പൂട്ടിക്കുകയായിരുന്നു. അതിനുശേഷം പള്ളി പൂട്ടിയതിനെതിരായി ഉപവാസപ്രാർത്ഥനയും ശാന്തിയാത്രയും നടത്തുകയാണ് ഇക്കൂട്ടർ. ഇതിലെ പൊള്ളത്തരം നമ്മുടെ വിശ്വാസികൾ മനസ്സിലാക്കണം.

ഇടവക പള്ളികൾ ഭരണഘടന പ്രകാരം ഭരിക്കണമെന്നും, മെത്രാപ്പോലീത്തന്മാരേയും കാതോലിക്കായേയും നമ്മുടെ ഭരണഘടന പ്രകാരം മാത്രമേ വാഴിക്കപ്പെടുവാൻ ഇടയാകാവൂ എന്നും, പ. പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നള്ളുന്നത് ഭരണഘടനയ്ക്കു വിധേയമായി മലങ്കരസഭയുടെ അറിവോടു സമ്മതത്തോടും കൂടി ആവണം എന്നുമേ ഈ സഭ ആഗ്രഹിക്കുന്നുള്ളു.

മേൽപ്പറഞ്ഞ ഈ സത്യസന്ധവും ന്യായവുമായ അവകാശത്തെ നിഷേധിക്കുവാൻ ആർക്കും സാധിക്കുകയില്ല. അത് നടത്തി തരണമെന്ന ആവശ്യമാണ് ഈ സഭ കേരള സർക്കാരിനു മുമ്പിൽ ഉന്നയിച്ചിട്ടുള്ളത്.

ഈവക വിഷയങ്ങളെപ്പറ്റി ഈ യോഗം ദൈവാശ്രയത്തോടു കൂടി ചിന്തിച്ച് വേണ്ട തീരുമാനങ്ങൾ കൈക്കൊണ്ട്, വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നമ്മുടെ സഭയുടെ പാരമ്പര്യങ്ങളും സത്യവിശ്വാസങ്ങളും സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കുമെന്ന് നാം വിശ്വസിക്കുന്നു.

## കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് ദേവലോകം, കോട്ടയം-38

**കാതോലിക്കേറ്റ് & എം.ഡി. സ്ക്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിൽ ഈ വർഷം പ്രതീക്ഷിക്കുന്ന H.S.A. (Eng:Lit.) ഒഴിവുകളിലേക്ക് നിർദ്ദിഷ്ഠ ഫാറത്തിൽ G.O. (MS) 11/02 G. Edu.dt. 7/1/02 പ്രകാരം നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

**അപേക്ഷാഫാറം 2002 ജൂലൈ 10 മുതൽ Rs. 50/- വിലയ്ക്ക് (By M.O. Rs. 55/-) ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2002 ജൂലൈ 30-നു മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം.**

ദേവലോകം Sd/-
1-7-02 MANAGER

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

**ക്രമാതീതമായി വർദ്ധിച്ചുവരുന്ന അച്ചടിക്കൂലി, കടലാസ് വില, പോസ്റ്റേജ് എന്നിവ നിമിത്തം മലങ്കരസഭ മാസികയുടെ വരിസംഖ്യ വർദ്ധിപ്പിക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. പുതുക്കിയ വരിസംഖ്യ നിരക്ക് 2002 സെപ്റ്റംബർ ഒന്നുമുതൽ നിലവിൽ വരും.**

### വരിസംഖ്യ

**ഇന്ത്യയിൽ**

ഒറ്റപ്രതി : 6.50 രൂപ
ഒരു വർഷം : 75 രൂപ
നാലു വർഷം : 300 രൂപ
പത്തു വർഷം : 750 രൂപ.

**വിദേശത്തേക്ക്**

ഒരു വർഷം : 600 രൂപ. (വർദ്ധിപ്പിച്ചിട്ടില്ല)

**(പരസ്യനിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല)**

# ഭക്തിയുടെ വികല രൂപങ്ങൾ

*ഫാ. ഡോ. ജേക്കബ് കുര്യൻ*

### 1. പ്രോസ്പിരിറ്റി ഭക്തി

“പ്രോസ്പിരിറ്റി” എന്ന ഇംഗ്ലീഷ് പദത്തിന് പുകഴ്ച, സമൃദ്ധി എന്നൊക്കെ അർത്ഥം കൊടുക്കാറുണ്ട്. ലൗകികമായ പുകഴ്ചയിലും സമൃദ്ധിയിലും ലക്ഷ്യം വച്ചുംകൊണ്ടും, ലക്ഷ്യം നേടുന്നതിന്റെ സാക്ഷ്യം നിർവ്വഹിച്ചുകൊണ്ടും, വളർന്നുവരുന്ന കൂട്ടായ്മ പ്രസ്ഥാനങ്ങളെയാണ് “പ്രോസ്പിരിറ്റി” ഭക്തിയെന്നു വിശേഷിപ്പിക്കുന്നത്. റിവൈവൽ ഭക്തിയുടേയും “ബോൺ എഗെയിൻ” ഭക്തിയുടെയും ചില രീതികളെ പ്രോസ്പിരിറ്റി ഭക്തിയിൽ ചേർത്തിട്ടുണ്ട്. വിഷയംവച്ചുകൊണ്ട് പ്രാർത്ഥിക്കുക, ലക്ഷ്യം നേടുവാവൻ ഉപവാസ പ്രാർത്ഥന നടത്തുക, കൂട്ടായ്മയിലെ ചില സിദ്ധന്മാരുടെ പ്രത്യേക മദ്ധ്യസ്ഥതക്ക് പ്രാമാണികത്വം നൽകുക മുതലായവ പ്രോസ്പിരിറ്റി ഭക്തിയുടെ രീതികളിൽ ചിലതാണ്. പ്രോസ്പിരിറ്റി ഭക്തി, ലോകായതത്വമാണെന്ന് അവരൊരിക്കലും സമ്മതിക്കയില്ലതാനും. രോഗസൗഖ്യവും, ജീവിത നടത്തിപ്പും ചോദിച്ചു വാങ്ങുന്നത് വേദപുസ്തകപ്രകാരമല്ലേയെന്നും അവർ തിരിച്ചു ചോദിക്കുകയും ചെയ്യും.

സൂക്ഷ്മമായി പരിശോധിച്ചാൽ, അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നുള്ള തരത്തിൽ വികലമെന്നു യേശുക്രിസ്തു വിശേഷിപ്പിച്ച ഭക്തി തന്നെയാണിതെന്ന് മനസ്സിലാക്കാം (മത്തായി 6:7). യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും എന്നു പറഞ്ഞ യേശുക്രിസ്തുവിന്റെ പ്രാർത്ഥനാശൈലിയിൽ മൂന്ന് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.

(1) ദൈവഹിതത്തിന് ഒന്നാം സ്ഥാനം (2) ദൈവരാജ്യം അഥവാ ദൈവഭരണം ഐഹികമല്ല എന്ന ബോധ്യം (3) കുരിശും കഷ്ടതയും ആണ് ദൈവകരുതലിന്റെയും തലോടലിന്റെയും പ്രത്യക്ഷ ലക്ഷണങ്ങൾ.

ഈ മൂന്നു ഘടകങ്ങളെയും അവഗണിക്കുന്ന ‘പ്രോസ്പിരിറ്റി’ ഭക്തി യഥാർത്ഥത്തിൽ പിന്തുണ തേടുന്നത് രണ്ടു തരം ആളുകളിൽ നിന്നാണ്. ഒന്ന്, സാമ്പത്തിക സൗകര്യമുള്ളവരെങ്കിലും, മനഃസമാധാനം തേടുന്നവർ. രണ്ട്, ജീവിതഭാരങ്ങളാൽ നെടുവീർപ്പിടുന്നവർ. ഒന്നാമത്തെ വിഭാഗം ആളുകൾക്ക്, ഇപ്പോഴുള്ള, സാമ്പത്തിക സൗകര്യങ്ങൾ നഷ്ടപ്പെടാതെയുള്ള ഒരു മനഃസമാധാനം വേണം. രണ്ടാമത്തെ വിഭാഗം ആളുകൾക്ക്, ഇപ്പോഴുള്ള ബുദ്ധിമുട്ടുകൾ അത്ഭുതകരമായി ഒന്നു തരണം ചെയ്യണം. ഇവർക്ക് രണ്ടു കൂട്ടർക്കും സ്വീകാര്യമായ ചില ആത്മീയ പദ്ധതികൾ പ്രോസ്പിരിറ്റി ഭക്തിയിലുണ്ട്. മനംമാറ്റവും ജീവിത വ്യതിയാനവും, സാമൂഹ്യ വ്യതിയാനവും അനാവശ്യമെന്നു പറയുകയില്ലെങ്കിലും അവയില്ലാതെ തന്നെ ക്രിസ്തുവിൽ സന്തോഷമനുഭവിക്കാമെന്നും ഉദിഷ്ട കാര്യലബ്ധി സാധിക്കുമെന്നും വന്നാൽ അതു ആയിരിക്കുമല്ലോ പലർക്കും താല്പര്യം. ഇതുതന്നെയാണ് പ്രോസ്പിരിറ്റി ഭക്തിയുടെ ആകർഷണവും. കുരിശില്ലാത്ത ഭക്തിവെറും നാട്യം മാത്രമാണ്.

### 2. സോഷ്യൽ ഭക്തി

സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള പരിശ്രമം അതിൽതന്നെ ആരാധനയാണെന്നും, മർദ്ദിതരുടെയും ചൂഷിതരുടെയും പക്ഷം പിടിച്ച് അവർക്കായി ധർമ്മ സമരങ്ങൾ നടത്തുന്നതിലാണ് ആത്മീയത എന്നും പഠിപ്പിക്കുന്ന സോഷ്യൽ ഭക്തിയും ഇന്നുണ്ട്. മോശയുടെ നേതൃത്വത്തിൽ ഇസ്രയേൽ മക്കളുടെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടിന്റെയും, ലാറ്റിനമേരിക്കൻ വിമോചന ദൈവശാസ്ത്രത്തിന്റെയും ചുവടുപിടിച്ചാണ് “സോഷ്യൽ ഭക്തി ജനകീയമാകുന്നതെങ്കിലും യഥാർത്ഥ വിമോചന ദൈവശാസ്ത്രത്തിന് സോഷ്യൽ ഭക്തിയിൽ ഒതുങ്ങാത്ത പല മാനങ്ങളുമുണ്ട്.

‘പ്രതികരണവും’, ‘പക്ഷംചേരലും’, ‘വിമോചനവും’, ഈ ഭക്തിയുടെ പല്ലവികളാണ്. വികലമായിത്തീർന്നിട്ടുള്ള ഈ ഭക്തിയുടെ പ്രധാന ബലഹീനത വ്യക്തിപരമായ വിശുദ്ധജീവിതത്തിനും, ദൈവത്തോടുള്ള പ്രാർത്ഥനാ സംസർഗ്ഗത്തിനു. വലിയ വില കൊടുക്കാതിരിക്കുന്നുവെന്നതാണ്. സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ എന്തും ആകാം എന്ന ധാരണയും സോഷ്യൽ ഭക്തി വളർത്തിയെടുക്കുന്നു. ദൈവത്തോടുള്ള ബന്ധവും, ജീവിത വിശുദ്ധിയും ഇല്ലാത്ത സാമൂഹ്യ പ്രതിബന്ധത പൈശാചികം മാത്രമാണ്.

### 3. കമ്മ്യൂണൽ ഭക്തി

“കമ്മ്യൂണൽ” എന്ന പദംകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്, സാമുദായികത്വമെന്നാണ്. ഒരു “സമുദായം” അഥവാ “വർഗ്ഗം” എന്ന നിലയിൽ ചില അവകാശങ്ങളും ചടങ്ങുകളും ഒക്കെയായി മാറുന്ന സഭാജീവിതത്തെയാണ് കമ്മ്യൂണൽ ഭക്തികൊണ്ടിവിടെ അർത്ഥമാക്കുന്നത്. ‘സഭ’യെന്ന പദം അലങ്കാരത്തിനുപയോഗിക്കും. പക്ഷെ കാര്യങ്ങളുടെ പോക്ക് സമുദായം എന്ന നിലയിലാണ്. അപ്പോൾ പിന്നെ, സമുദായ

**യേശുക്രിസ്തുവിന്റെ പ്രാർത്ഥനാശൈലിയിൽ മൂന്ന് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.**

**(1) ദൈവഹിതത്തിന് ഒന്നാം സ്ഥാനം (2) ദൈവരാജ്യം അഥവാ ദൈവഭരണം ഐഹികമല്ല എന്ന ബോധ്യം (3) കുരിശും കഷ്ടതയും ആണ് ദൈവകരുതലിന്റെയും തലോടലിന്റെയും പ്രത്യക്ഷ ലക്ഷണങ്ങൾ.**





# ഇന്റർനെറ്റ് - പാർശ്വഫലങ്ങൾ

അഡ്വ. പി.വി. വർഗീസ്, പൂവത്തിനാൽ (ദുബായ്)

ഇന്റർനെറ്റ് വിവിധ മേഖലകളിൽ വൻ പരിവർത്തനമാണ് വരുത്തിയിരിക്കുന്നത്. ഉല്പാദകർ അവരുടെ ഉല്പന്നങ്ങളുടെയും വ്യാപാരികൾ അവരുടെ വില്പനക്കുള്ള സാധനങ്ങളുടെയും ഗുണമേന്മയും വിലയും ഉൾപ്പടെ എല്ലാ വിവരങ്ങളും വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്കു നൽകുന്നു. ഉപഭോക്താക്കൾ ഇന്റർനെറ്റ് വഴി Yellow pages നോക്കി ഏതു സാധനം എവിടെ ലഭ്യമാണെന്നു കണ്ടുപിടിക്കുന്നു. ഇങ്ങനെ ഇന്റർനെറ്റ് വഴി വ്യാപാരവ്യവസായം നടക്കുന്നു. ഇതിനു ഇ-കൊമേഴ്സ് എന്നറിയപ്പെടുന്നു. ഇങ്ങനെ വാണിജ്യ രംഗത്ത് വൻ പരിവർത്തനം ഉണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്തും ഏറെ പ്രയോജനകരമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എൻസൈക്ലോപീഡിയ മുഴുവനും ഇന്റർനെറ്റിൽ ലഭ്യമാണ്. സ്ക്കൂളിലും കോളേജിലും പഠിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചും വിശദമായ അറിവു നൽകുന്ന “സൈറ്റു”കൾ ഉണ്ട്. ചോദ്യം ചോദിക്കാനും ഉത്തരം നൽകാനും ചില സൈറ്റുകളിൽ അവസരം ഉണ്ട്.

ഇതിനെല്ലാം ഉപരി കമ്യൂണിക്കേഷൻ രംഗത്താണ് ഏറെ നേട്ടങ്ങൾ ഉണ്ടായിരിക്കുന്നത്. Telex വഴി ലോകത്തിന്റെ ഏതു ഭാഗത്തും അയച്ചുകൊണ്ടിരുന്ന വിവിരങ്ങൾ ഇനിയും ഇ-മെയിൽ വഴി അയക്കാം. ഫാക്സ് വഴി അയച്ചുകൊണ്ടിരുന്ന രേഖകൾ സ്കാന്നർ ഉപയോഗിച്ച് സ്കാൻ ചെയ്ത് ഇ-മെയിൽ വഴി അയക്കാം. എസ്.ടി.ഡി., ഐ.എസ്.ഡി. വഴി ഇന്ത്യയിലെ വിവിധ നഗരങ്ങളിലും വിദേശത്തും സംസാരിച്ചുകൊണ്ടിരുന്നത് ഇനി കമ്പ്യൂട്ടർ ഉപയോഗിച്ച് വോയ്സ് മെയിൽ ആയി സംസാരിക്കാം. ഇങ്ങനെ ആയിരവും പതിനായിരവും ചെലവാക്കിക്കൊണ്ടിരുന്നിടത്ത് ഇനിയും ലോക്കൽ കോൾ ചാർജ്ജിൽ അഞ്ചോ പത്തോ രൂപക്കു ചെയ്യാനാവും.

ഇവയെല്ലാം ഇന്റർനെറ്റിന്റെ നല്ല വശങ്ങൾ. മിക്ക കണ്ടുപിടിത്തങ്ങൾക്കും നേട്ടങ്ങളോടൊപ്പം തന്നെ ദോഷഫലങ്ങളും ഉണ്ട്. അണുശക്തി കണ്ടുപിടിച്ചത് ശാസ്ത്രീയമായ ഒരു വൻ നേട്ടമാണെങ്കിലും അതുപോഗിച്ചു ബോംബു നിർമ്മിച്ചതോടു കൂടി മനുഷ്യരാശിയെ ഒന്നടങ്കം ഒന്നിച്ചു നശിപ്പിക്കാൻ ഉതകുന്ന ഒരു കണ്ടുപിടിത്തമായി അതു പരിണമിച്ചു. വിവിധ വകുപ്പുകളും ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചതോടുകൂടി ജോലികൾ എളുപ്പമായിത്തീർന്നു. എങ്കിലും വൈറസിന്റെ ആക്രമണം, കമ്പ്യൂട്ടർ തകരാറ് എന്നിവ മൂലം ജോലികൾ ചിലപ്പോൾ തുടരുക അസാദ്ധ്യമായിത്തീരുന്നു. അതുപോലെ ഇന്റർനെറ്റും നേട്ടങ്ങളോടൊപ്പം ധാരാളം കോട്ടങ്ങളും നിരത്തുന്നു.

കൂട്ടുകാർക്കെല്ലാം കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ഉണ്ടെന്നു പറഞ്ഞ് സാമ്പത്തിക സൗകര്യമില്ലാത്ത മാതാപിതാക്കളെക്കൊണ്ട് നിർബ്ബന്ധിച്ച് അവ വാങ്ങിക്കുന്നതോടുകൂടി പ്രശ്നം ആരംഭിക്കുന്നു. മുറിയിൽ കതകടച്ചിരുന്ന് മണിക്കൂറുകളോളം കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നു. കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിനു കറണ്ടു. ഇന്റർനെറ്റ് പ്രവർത്തിക്കുന്നതിന് ഫോൺ ഇന്റർനെറ്റിനോട് ഘടിപ്പിക്കേണ്ടതുകൊണ്ട് ഫോണും തുടർച്ചയായി പ്രവർത്തിപ്പിക്കുമ്പോൾ കറണ്ടു ബില്ലും ഫോൺ ബില്ലും വർദ്ധിക്കുന്നു. ധാരാളം സമയം കമ്പ്യൂട്ടറിനു മുമ്പിൽ ഇരിക്കുമ്പോൾ അതു കണ്ണിനെയും കാഴ്ച ശക്തിയേയും ബാധിക്കുന്നു. കമ്പ്യൂട്ടറിൽ നിന്നും റേഡിയേഷനും ഉണ്ടാകും എന്നു പറയപ്പെടുന്നു. അങ്ങനെ ഇതു ആരോഗ്യത്തെയും ബാധിക്കുന്നു. ധാരാളം സമയം കമ്പ്യൂട്ടറിനു മുമ്പിൽ ഇരിക്കുമ്പോൾ പഠിത്തത്തിനുള്ള സമയം കുറയുന്നു.

അശ്ലീലം പ്രദർശിപ്പിക്കുന്ന ധാരാളം വെബ്സൈറ്റുകൾ വിദേശത്തുണ്ട്. അത്

ശേഷം 28-ാം പേജിൽ

ക്കേസ് എന്നതും സമുദായ സംസ്ക്കാരത്തിന്റെ പൈതൃകമായി കാണുന്നവർ സമുദായത്തിന് നേതൃത്വം കൊടുക്കുന്നവരായി ഉണ്ടാകും. കൗദാശികാനുഭവത്തെക്കാൾ ഉപരിയായി സാമുദായിക ആചാരങ്ങളായി മാറുന്ന ‘കൊച്ചിനെമുക്കിലും’, ‘കല്യാണവും,’ ‘ശവമടക്കും’, ‘ചാത്തവും’; ‘പെരുന്നാളും’, ‘ഘോഷയാത്രയും’ ഒക്കെയുള്ള കമ്മ്യൂണൽ ഭക്തിയാണ് ചില പുരാതന സഭകളുടെ മുഖ്യധാരയിൽ ഇന്നു കാണുവാൻ കഴിയുന്നത്.

കമ്മ്യൂണൽ ഭക്തിയിൽ കൈമോശം വരുന്നത് പലതുമുണ്ട്. ദൈവമക്കളുടെ ആത്മീയ സംതൃപ്തി, അർത്ഥ പൂർണ്ണമായ ആരാധനാജീവിതം, ഫലപ്രദമായ ക്രിസ്തീയ സാക്ഷ്യം, നേതൃത്വത്തെക്കുറിച്ചുള്ള മതിപ്പ്, ഇങ്ങനെ പലതും. നേതൃത്വത്തോട് ബഹുമാനമുള്ളതുകൊണ്ടോ, ദൈവഭയം നേതൃഭയമായി വിചാരിക്കുന്നതുകൊണ്ടോ, വലിയ എതിർപ്പൊന്നും പുറത്തുകാട്ടാതെ കമ്മ്യൂണൽ ഭക്തിയോടൊപ്പം ‘റിവൈവൽ’ ഭക്തിയെ ചേർത്ത് ആത്മീയ സംതൃപ്തി നേടുകയാണ് പലരും, ഈ പോക്ക് അധികകാലം പോകാൻ സാധ്യമല്ല.

‘കമ്മ്യൂണൽ’ ഭക്തിയുടെ അതിപ്രസരങ്ങളെ സഭാഭക്തിയിലേക്ക് പൊരുത്തപ്പെടുത്തി, സഭാ ശുശ്രൂഷയിൽ കൂടി ദൈവമക്കൾക്ക് സംതൃപ്തി നൽകുന്ന കാര്യങ്ങളെ മുൻഗണനാക്രമത്തിൽ പുനഃക്രമീകരിക്കുകയെന്ന തികച്ചും ഗൗരവതരമായ ഒരു ദൗത്യം സഭയ്ക്കുണ്ട്. ഇത് പ്രസംഗങ്ങളിലും, പത്രക്കുറിപ്പിലും ഒതുങ്ങുന്ന ഒരു ദൗത്യമല്ല. സഭയുടെ മുഴുവൻ ശ്രദ്ധയും അപ്രകാരം ആകുന്നതും അല്ലാതിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം സാധാരണ ജനങ്ങൾക്കാണ് വേഗം മനസിലാകുന്നത്.



# കർത്താവു പുകഴ്ത്തുന്നു

ബ്രദർ. തോമസ് മാത്യു (കൊല്ലം ഭദ്രാസന സുവിശേഷകൻ)

മനുഷ്യൻ നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം എന്നരുളിചെയ്ത കർത്താവ് മനുഷ്യരാലുള്ള പുകഴ്ച ആഗ്രഹിക്കുന്ന മനുഷ്യനോട് വചനത്തിൽകൂടി പറയുന്നത്. "കർത്താവു പുകഴ്ത്തുന്നവനത്രെ കൊള്ളാവുന്നവർ എന്നത്രെ." 2 കൊരി. 10:17 അങ്ങനെ ദൈവത്താൽ പുകഴ്ച ലഭിച്ച ഒരാളെ തിരുവചനത്തിൽ നിന്നും പരിചയപ്പെടാം. ഈ നീതിമാന്റെ ജീവിതത്തിൽ ദൈവം പുകഴ്ത്തുന്നതിന് ആധാരമായി ഉണ്ടായിരുന്ന സ്വഭാവ ശ്രേഷ്ഠതകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കിയിരിക്കുന്നത് നമ്മുടെ ജീവിതത്തിൽ ദൈവത്താൽ പുകഴ്ച ലഭിക്കുവാൻ നാം എങ്ങനെ ജീവിക്കണം എന്നു മനസ്സിലാക്കുവാൻ സഹായകരമാകും.

**1. മോശ**

സംഖ്യ 12:3-ൽ മോശയെ ദൈവം വളരെ പുകഴ്ത്തി പറഞ്ഞിരിക്കുന്നത് കാണാം. "മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു." സംഖ്യ 12:3 ഒരു കാലത്ത് താൻ മുൻകോപിയും കൊലപാതകനും ആയിരുന്നു. എങ്കിലും യഥാർത്ഥമായ ദൈവിക ദർശനം പ്രാപിച്ചപ്പോൾ താൻ അതിസൗമ്യനായി തീർന്നു. സൗമ്യത ആത്മാവിന്റെ ഫലമാണല്ലോ. യഥാർത്ഥമായ ദൈവത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വ്യക്തിക്ക് സൗമ്യത ഇല്ലാതെ വരികയില്ല. സൗമ്യതയുടെ ആത്മാവില്ലാതെ വരുമ്പോൾ ആണ് ഭവനത്തിലും സഭയിലും, സമൂഹത്തിലും പ്രശ്നങ്ങൾ തലയുയർത്തുന്നത്. ആയതിനാൽ ദൈവജനം ദൈവത്താലുള്ള പുകഴ്ച ആഗ്രഹിക്കുന്നു എങ്കിൽ സൗമ്യതയുള്ളവരായിക്കണം. കൂടാതെ ദൈവാനുഗ്രഹങ്ങൾക്ക് അവകാശികളായിതീരണമെങ്കിലും സൗമ്യത കുടിയേ തീരു (വി. മത്താ 5:5) അടുത്തതായി "എന്റെ ദാസനായ മോശയോ അങ്ങനെയല്ല അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു" സംഖ്യ 12:7 എന്നു വായിക്കുന്നു. മനുഷ്യർക്ക് ഏറ്റവുമധികം വേണ്ടതും എന്നാൽ ഇന്ന് അനേകരിലും അൽപം പോലും കാണുവാൻ കഴിയാത്തതുമായ ഒന്നത്രെ വിശ്വസ്ത. ഗൃഹവിചാരകൻമാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിക്കണം" എന്നത്രേ (1 കൊരി. 4:2) വി. മോശ അപ്രകാരം തന്നെ ആയിരുന്നു. എബ്രാ 3:2 ലും അതുപോലെ ദാനിയേലിക്കുറിച്ച് "അവൻ വിശ്വസ്തനായിരുന്നതുകൊണ്ട് ഒരു കുറവും അവനിൽ കണ്ടെത്തിയില്ല". (ദാനിയേൽ 6:4) എന്നു വായിക്കുന്നു. ദൈവ വേലക്കാർക്കും ദൈവജനത്തിനും എതിരെ കുറ്റം കണ്ടു പിടിക്കുവാൻ സാത്താനും സമൂഹവും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മെ ദൈവം വിശ്വസ്തൻ എന്ന് എണ്ണുവാൻ ഇടയാകണം. ദൈവാത്മാവിൽ മറ്റൊരു ഫലമാണല്ലോ വിശ്വസ്തത. "വിശ്വസ്തന്മാർ മനുഷ്യ പുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു." എന്നു ദാവിദ് വിലപിക്കുന്ന വിലാപം ഇന്ന് ഏറെ അർത്ഥവത്തായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരങ്ങൾ വാഞ്ചിക്കുകയും ഫലങ്ങൾ തള്ളിക്കളയുകയും ചെയ്യുന്നവരാൽ നിറഞ്ഞിരിക്കുന്നു ആത്മീയഗോളം. ദൈവവചനം പറയുന്നു "യഹോവ വിശ്വസ്തന്മാരെ കാക്കും" അല്പത്തിൽ വിശ്വസ്തനായിരുന്നാൽ അധികത്തിനു വിചാരകനാക്കുന്നവനാണ് ദൈവം. (വി. മത്താ. 25:21,23) ആകയാൽ ദൈവം ആക്കുന്ന സ്ഥാനത്ത്, ഏല്പിക്കുന്ന കാര്യങ്ങളിൽ നാം വിശ്വസ്തരായിരിക്കാം. എന്നാൽ കർത്താവിനാൽ പുകഴ്ച ലഭിക്കും.

**ദൈവ വേലക്കാർക്കും ദൈവജനത്തിനും എതിരെ കുറ്റം കണ്ടു പിടിക്കുവാൻ സാത്താനും സമൂഹവും നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ നമ്മെ ദൈവം വിശ്വസ്തൻ എന്ന് എണ്ണുവാൻ ഇടയാകണം. ദൈവാത്മാവിൽ മറ്റൊരു ഫലമാണല്ലോ വിശ്വസ്തത. പരിശുദ്ധാത്മാവിന്റെ വരങ്ങൾ വാഞ്ചിക്കുകയും ഫലങ്ങൾ തള്ളിക്കളയുകയും ചെയ്യുന്നവരാൽ നിറഞ്ഞിരിക്കുന്നു ആത്മീയഗോളം.**

മൂന്നാമത് മോശ ദൈവ കല്പന പൂർണ്ണമായി അനുസരിക്കുന്നവനായിരുന്നു എന്നു കാണാം. പുറ 40:16 വായിക്കുമ്പോൾ യഹോവ മോശയോടു കല്പിച്ചതുപോലെ തന്നെ താൻ ചെയ്തു എന്ന് എട്ടുതവണ രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. ദൈവകല്പന കേട്ട് കാലിൽ നിന്ന് ചെരുപ്പ് അഴിക്കുവാനും കൈയിൽ നിന്ന് വടി നിലത്തിടുവാനും മാത്രമല്ല ദൈവം പറയുന്ന ഏതു കാര്യവും അപ്രകാരം തന്നെ ചെയ്യുവാനും താൻ ബദ്ധശ്രദ്ധാലു ആയിരുന്നു. സമാഗമന കൂടാരത്തിന്റെ പണികൾ ദൈവം കല്പിച്ചതുപോലെ തന്നെ ചെയ്തു എന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ നടപ്പും പ്രവൃത്തിയും ക്രമീകരിക്കുന്നതിനൊപ്പം തന്നെ ആരാധനാകാര്യത്തിലും ദൈവകല്പന അണുവിട തെറ്റാതെ അനുസരിക്കുന്നവരായിരിക്കണം. "അനുസരിക്കുന്നത് യാഗത്തെക്കാളും നല്ലത് (1 ശമു 15:22.) അനുസരണക്കേട് യുഗാന്ത്യലക്ഷണമാണ് (2 തിമോ 3:2) അനുസരണം കെട്ടവർക്ക് മുന്നറിയിപ്പായി തിരുവെഴുത്തിൽ കാണാം. കല്പന ലംഘിച്ച് ഒന്നു നോക്കിയതിന്റെ ഫലമായി ഉപ്പുതൂണായി ഭവിച്ച ലോത്തിന്റെ ഭാര്യയും (ഉല്പ. 19:26) ദൈവകല്പനയ്ക്കു വിരുദ്ധമായി യാത്ര ചെയ്ത യോനയുമെല്ലാം. അനുസരണം തനിക്ക് ദൈവത്തിൽ നിന്നു പുകഴ്ച ലഭിക്കുവാൻ മുഖാന്തിരമായി. ദൈവകല്പന അനുസരിച്ചാൽ കർത്താവു നമ്മെ പുകഴ്ത്തും.

"വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തേക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തെരഞ്ഞെടുത്തു. എബ്രാ 11:24 വിശ്വാസത്തിന്റെ പടയോട്ടത്തോരാളിയാണ് മോശ. വിശ്വാസത്തിന്റെ കാവൽപ്പടയാളിയാണ് മോശ. വിശ്വാസത്തിന്റെ പോരാട്ടത്തിലെ വീരപോരാളിയാണ് മോശ. മിസ്രേമിലെ നിക്ഷേപത്തേക്കാൾ ക്രിസ്തുവിന്റെ നിന്ദവലിയവ എന്നു കണ്ട ദീർഘദർശി ഏറ്റവും സമ്പൽ സമൃദ്ധമായ നാടായിരുന്നു. മിസ്രയിം പ്രാചീന സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായിരുന്നു ഈജിപ്റ്റ്. മിസ്രയീമിലെ അടുത്ത ഫറവോ രാജാവാകുവാനുള്ള സാദ്ധ്യത നിസ്സാരമെന്നെണ്ണി. ക്രിസ്തീയ ജീവിതം ക്രൂശിന്റെ പാതയാണ്. ലോകത്തിന്റെ മുന്നിൽ അപമാനിതനാകും. യേശുക്രിസ്തുവിന്റെ കഷ്ടതപ്പാടുകളെ പിൻതുടർന്ന് ക്രൂശുവഹിച്ചുകൊണ്ട് വധസ്ഥലത്തേയ്ക്ക് എന്നപോലെ പോകാനാണ് ക്രൂശിന്റെ വഴി.

കഷ്ടതയുടെ കഠിന ശോധനയിൽകൂടി കടന്നുപോയ പുണ്യ പിതാക്കന്മാർ ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയത്. സഹദേന്മാർ രക്തംകൊണ്ട് സാക്ഷ്യം വഹിച്ചതിനാൽ വെളി. 7:14-17 ൽ കാണാം "ഇവർ മഹാ കഷ്ടത്തിൽ നിന്നു വന്നവർ എന്നു സ്വർഗ്ഗം സാക്ഷിക്കുന്നവരോടൊപ്പം കർത്താവിൽ പുകഴ്ച ലഭിച്ചു.

മോശയുടെ ജീവിതത്തിൽ ദൈവം പുകഴ്ത്തുവാൻ മുഖാന്തിരമായിതീർന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിലും പാലിക്കുവാൻ ഇടയാകട്ടെ.

മലങ്കര സഭയിലെ ആത്മീയ പിതാക്കന്മാരുടെയും പുരോഹിത ശ്രേഷ്ഠരുടെയും
അനുഗ്രഹങ്ങളും പ്രശംസയും പിടിച്ചുപറ്റി, ചലച്ചിത്ര പിന്നണി ഗായകൻ
അലക്സ് കെ. പോൾ (ചിത്രങ്ങൾ-നാടോടി, മാന്ത്രികം, ഒന്നാമൻ..) നയിക്കുന്ന
സെന്റ് മാത്യൂസ് ഓർക്കെസ്ട്ര അഞ്ചാം വർഷത്തിലേക്ക്.
അലക്സ് കെ. പോൾ നയിക്കുന്ന പ്രോഗ്രാമുകൾ
ഗാനമേള, ഫ്യൂണറൽ ക്വയർ,
വെഡ്ഡിംഗ് ക്വയർ & റിസപ്ഷൻഹാൾ പ്രോഗ്രാം.

പത്യേകതകൾ:- ദേവാലയ അന്തരീക്ഷത്തിനനുയോജ്യമായ പശ്ചാത്തല സംഗീതം, ട്രഡീഷണൽ ട്യൂണിൽ മാത്രമുള്ള ആലാപനം.
സെന്റ് മാത്യൂസ് ഗോസ്പൽ ടീം:- ഇടവകകളുടെ ആവശ്യാനുസരണം പ്രഗത്ഭരായ വൈദിക പ്രസംഗകരുടെ നേതൃത്വത്തിൽ വചന ശുശ്രൂഷയും അലക്സ് കെ. പോൾ നേതൃത്വം നൽകുന്ന ഗാന ശുശ്രൂഷയും കേരളത്തിനകത്തും പുറത്തും നടത്തപ്പെടുന്നു.
Contact:- ALEX K. PAUL, PLAY BACK SINGER, KUTTIKATTIL HOUSE, KIZHAVALLOOR . P.O.
KONNI, PATHANAMTHITTA, KERALA, PH: 0473-343385., MOB: 98471 11439.

# ബാലസഭ

## നടവഴികൾ...

### ഒരു ചെറിയ സംവാദം

"സൂക്ഷം പല്ലി ചൊല്ലി" റോബിൻ സന്തോഷത്തോടെ വിരലുയർത്തി. ക്ലാസ്സ് റൂമിലിരുന്ന് ശെന്തരുണിക്കാടിന്റെ പ്രത്യേകതകൾ വർണ്ണിക്കുകയായിരുന്നു അവൻ.

"നീയാരാ ഗൗളി ശാസ്ത്രജ്ഞനോ? പല്ലിക്ക് മാത്രം കരയാൻ പാടില്ലെ? അതൊക്കെ വെറും നുണ". കേൾവിക്കാരിൽ നിന്നും അനൂപ് എണീറ്റു നിന്ന് എതിർത്തു തുടങ്ങി.

"എടാ ക്ഷുദ്ര ജീവികളുടെ സത്യങ്ങൾ നിനക്കറിയാൻ പാടില്ലാഞ്ഞിട്ടാണ്. പല്ലി, ചിലന്തി, ഈയൽ ഇവയ്ക്കൊക്കെ ചില പ്രത്യേകതകളുണ്ട്, നിത്യജീവിതത്തിൽ അവയ്ക്ക് സ്ഥാനവുമുണ്ട്. ഈ ജീവികളിലേതെങ്കിലും മനുഷ്യശരീരത്തിൽ സ്പർശിച്ചാൽ അത് വലിയ ദോഷവുമാണ്...."

"അവന് അറിയാവുന്നതു കൊണ്ടല്ലേ പറയുന്നത് നീയൊന്ന് ശ്രദ്ധിച്ചിട്ട് പറയൂ." ജോസഫും ബെന്നിയുമൊക്കെ റോബിനെ സപ്പോർട്ട് ചെയ്ത് സംസാരിച്ചു തുടങ്ങി.

"ങ്ഹും! കുറച്ച് പേട്ടു ജീവികളുടെ കുറെ കാര്യം അറിയാമെന്നല്ലാതെ ഇവൻ ക്ഷുദ്രജീവികളെക്കുറിച്ച് ഡോക്ടറേറ്റൊന്നും എടുത്തിട്ടില്ലല്ലോ." അനൂപിന് ശരിക്കും അരിശം വന്നു. പെട്ടെന്നാണവൻ ശ്രദ്ധിച്ചത് റോബിന്റെ ഉടുപ്പിന്റെ അഗ്രത്തിലൊരു പാറ്റക്കുഞ്ഞ് വിരണ്ടു നിൽക്കുന്നു.

"ദോഷം ദോഷം, ഇന്ന് നിനക്ക് ,ദോഷം തന്നെ നീയൊന്നു നോക്കിക്കേ" അനൂപ് വിരൽ ചൂണ്ടിപ്പറഞ്ഞു. "നിന്റെ ഉടുപ്പിലൊരു പാറ്റാ"

ഞെട്ടിയെണീറ്റ അവൻ ആദ്യമൊന്നമ്പരന്നു പിന്നീട് ഉന്മേഷത്തോടെ പറഞ്ഞു തുടങ്ങി.

"നിനക്കറിയില്ലേ? തേയിലപ്പെട്ടിയിൽ കടന്ന്, കപ്പൽ കയറി ഇന്ത്യയിലെത്തിയ പാറ്റയ്ക്ക് ഫോറിൻ പൗരത്വമാണുള്ളത് ഇതിന് അത്ര വലിയ ദോഷമില്ലെന്നു മാത്രവുമല്ല അതൊരു ഭാഗ്യവുമാണ്..."

മച്ചിലിരുന്ന പല്ലി വീണ്ടും ചിലച്ചു "കേട്ടില്ലേ? റോബിൽ വിരലുയർത്തി"

"അവനോട് പറഞ്ഞിട്ട് കാര്യമില്ല അവൻ തലമൂത്ത രാഷ്ട്രീയക്കാരന്റെ മകനായിപ്പോയി 10 ശതമാനം കാര്യവും 90 ശതമാനം ഗ്യാസും. എനിക്ക് വേറെ പണിയുണ്ട്. ഒരു ക്ഷുദ്ര ശാസ്ത്രം" ഈ ചിന്തയിൽ അനൂപ് റോബിന്റെ സഹായിയായി മച്ചിലിരുന്ന പല്ലിയെ കോപത്തോടെ നോക്കി പുറത്തേക്കു പാഞ്ഞു.

തോമസ് പി. കൊട്ടാരക്കര


(താഴെ കൊടുക്കുന്ന ബൈബിൾ പാഠം മുഴുമിപ്പിക്കുക-പൂർത്തിയായതിനുശേഷം മാത്രം വേദപുസ്തകം തുറന്നു, നോക്കുക)

പത്രോസ് യോഹന്നാൻ - ഒമ്പതാം മണി-ദേവാലയത്തിലേക്ക് -മുടന്തൻ - ഭിക്ഷ ചോദിച്ചു - പത്രോസ് പറഞ്ഞു - വെള്ളിയും പൊന്നുമില്ല - ഉള്ളത് തരുന്നു - യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക - കൈക്കു പിടിച്ചു നടന്നു, തുള്ളി - കണ്ടവർക്ക് പരിഭ്രമം, വിസ്മയം

(അപ്പൊ. പ്രവൃത്തി 3:1-10 ന്റെ ശുഷ്കരൂപം)

## ബുദ്ധിമാൻ






## വചനപാത...

ഈർഷ്യയും ശാഠ്യവും ഉള്ളേടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്. (വി. യാക്കോബ് 3:16)



# MALANKARA ORTHODOX CHURCH AND WOMEN

[This article does not represent the official views of the Church regarding women. However, the personal views of the auther deserve wider attention to enable some rethinking in the future - Editor]

Dr. M.S. Alexander, England

God recognised the need for a woman in the life of a man and that is the reason why he created Eve in the Garden of Eden. Church recognises the need for a woman in a man's life and that is the reason why the Church accepts matrimony as a sacrament and conducts Holy Matrimony service to join a man and a woman in the presence of God to become husband and wife. During the service the Priest gives the same advice to the bride and bridegroom. The Church gives permission to the newly wed couple to lead a family life after the marriage. The Church itself is considered to be the bride of our Lord.

Yet, very sadly women are treated as second class people in the church. Many of us when they think of women they think about, "That woman in the street, or that woman who comes to do the kitchen work or clean the house" and do not think about their own mothers, wives, or sisters.

Very often I ask the question, "Who is a member of our Church?". The answer is all those who are batptised into our Church-whether they are alive or departed.

Very often I ask the question, "Who is a member of the Parish?". The answer to this question is very complex. By tradition, women are not members of the Parish and this excludes 50% of the members of the Church. Male children and young people are also excluded and this will exclude about 15% to 20% of the members of the Church. Those who are not paying membership subscription are also excluded. This includes those people who are poor, old, unemployed, disabled, and people who are temporary residents living in the area of the Parish and a large number of free riders who continue to be involved in Church activities without taking membership as the membership is taken by the senior most adult member of the family. This means that only adult male persons paying the membership fee determined by the Parish are members of the Parish and this may be only about 20% of all the eligible members of the Church attending the Parish.

Can all such members of the Parish attend annual general body meeting and influence the decisions of the Parish? No. By tradition it is important that only those members of the Parish who confess and receive holy communion are allowed to attend the general body meeting of the Parish. This means that only about 10% of the eligible members of the Church within the Parish are allowed to attend annual general body meeting and accept membership of the parish committee.

This means that our Parish work is managed by less than 10% of the total membership of our Church and naturally those who take part in the activities of the Church are, "Activists or Extremists." They use the Church as a platform to promote their own self interest. This is one of the main reasons why there is frequent conflict during general body meetings within the Church. Of course there are some good people among the 10% who continue to do a good job of maintaining our faith and tradition.

Who is losing out of our policy? I have noted that a number of young people leave our Church because they do not see a role for themselves within the Church. They go elsewhere where they are welcomed and where they have a role to play. In addition to this, we have excluded 50% of the members of our Church (women) from the activities of the Parish. Sadly, the Church is scoring own goals leading to self destruction by our policy of excluding women and other good people who can contribute to the work of the Parish.

How much are we losing out by our policy? It is difficult to quantify the loss for our Church by excluding women. However, I am absolutely convinced that we are losing out financially, losing out intellectually, and losing out many useful workers, and losing out in many other ways.

The financial loss is enormous. Pointing out the one penny that was donated by a widow, Jesus told the Disciples that she contributed more than anyone else present in the synagogue because she gave all that she had. In the olden days women were not working and earning. Nowadays a substantial number of women work, they are good earning members, and they certainly can contribute. they can pay their

own membership fee from their own income and they can contribute generously for various activities. By excluding our women, we are depriving ourselves of generous contribution from women.

Women are taking an important role in the day to day running of our society at present. A substantial number of them work as teachers, nurses, lawyers, doctors, judges, civil servants etc. etc. In fact women can be seen in every type of employment. Sexual discrimination in the place of work is against Human Right Acts, and against the law. The society recognises their ability to contribute. Why cannot we recognise their ability to contribute to the policies and activities of our Church?

Women certainly can enhance the quality of worship in the Church. At present they are only responders of prayer and hymns and they are not initiators to read Bible or start hymns etc. Of course, we all know that women read the Bible in their homes, in prayer groups, in Sunday Schools etc. and if they can read elsewhere, why cannot they read inside the Church aswell? It is well known that women can sing songs very well with a beautiful voice and why cannot they initiate hymns?

It is high time for our Church to review the role we give to women in our church. It is my personal view that women should be allowed to take membership of the Parish by paying the subscription fee. The right for membership should be matched with the responsibility to pay the membership fee aswell. This will certainly increase the membership of the Parish, and certainly increase the income of the Parish.

It is my personal view that every adult-male or female-should become a member of the parish by paying voluntarily a membership fee accepted by the parish. Of course there should be exception for those who are unable to pay the membership fee.

It is my personal view that women should attend the annual general body meeting of the Parish, and they should have voting rights. They should be able to stand for election to become members of the parish Committee and should have the opportunity to take membership of the committee or even become office bearers of the Parish.

It is my personal view that women should be allowed to become members of the Managing Committee of our Church. They are capable to influence the decisions at the highest level in our Church.

It is my personal view that women should be allowed to speak publicly in the Church or in our meetings. We all know that they talk a lot in private and why should we stop them speaking in public.

Participation of women in activities of our church at all levels increases the number of workers available to do various works of our Church. We always say work is plenty, but workers are few. This human resource problem can be overcome to some extent by involving women in the activities of the Church. When we think about women, let us think about our own mothers, wives, sisters, and this will make it easier for us to give an important role for women in our Church. This will certainly help our Church to become a 21st century Church and responding to the changes that are happening within our society, and increasing our commitment to serve our Lord Jesus Christ.



# സക്കായി

കെ.സി. അലക്സാണ്ടർ, പുനലൂർ

മുഖ്യൻ; ശ്രീമാൻ, സക്കായി
ചുങ്കക്കാരിൽ അതിപാപി
കർത്തൻവരവു ശ്രവിച്ചപ്പോ-
ളവനെ കാണ്മാനതിയായി-
ട്ടാശയതുണ്ടായകതാരിൽ.
ആളിൽ ചെറുതാം സക്കായി
വഴിയിൽ കണ്ടൊരു കാട്ടത്തി-
ത്തരുവിൽ കേറി അതിവേഗം
മേവി മറവായ് കൊമ്പുകളിൽ
എത്തിയേശു തരുമൂലേ
കൂടെ വലുതാം ജനതതിയും
അഖിലം കാണ്മാൻ കഴിവുള്ളോ-
രവനെ മറയ്ക്കാനാർക്കാകും
വിളിച്ചവനോതിസക്കായീ!
ഇറങ്ങുകീഴെ അതിമോദം
പാർക്കണമിന്നിഹ നിൻഗേഹേ
കരുതുകയെന്നെ നിന്നതിഥി
കൈക്കൊണ്ടവനെ സക്കായി
നീരസമുളവായ് ജനതയ്ക്കും
സ്വത്തിൽ പാതി പകുത്തങ്ങ്
ഏകീടുന്നേനെളിയോർക്കായ്
തെല്ലും നീതിയതില്ലാതെ
ആസ്തിയതേതും ചേർത്തെങ്കിൽ
നൽകാം തിരികെയതിപ്പോഴേ
നാലുമടങ്ങായന്യർക്ക്
എണ്ണണമെന്നെ നിൻരാജ്യേ
കഴുകീടണമെ കറകളെയും
എന്നതുകേട്ടു കനിഞ്ഞങ്ങ്
കൃപതൻ കടലാം കർത്താവ്
വലുതാം രക്ഷയവന്നേകി-
ച്ചേർത്താനവനെ തൻ സവിധേ.





# പത്തൊൻപത്




എം.സി. വറുഗീസ്, ആലുവ

ടീനേജിന്റെ അവസാന വർഷമായ പത്തൊൻപത് സംഖ്യാഗണത്തിൽ അത്ര പ്രാധാന്യമുള്ളതായി നാം കരുതാറില്ല, പക്ഷെ അത് ഒരു സുപ്രധാന അക്കം തന്നെയാണ്, പത്തും ഒൻപതും ചേരുന്ന പത്തൊൻപത് അരവും അരവും ചേരുമ്പോൾ വില്ലരം എന്ന പോലെ ശക്തനും സംപൂജ്യനും ആയിത്തീരുന്നു. പത്തിന്റെ ഭാഗത്ത് ദശാംശം, ദശാവതാരം, ദശമൂലം, ദശപുഷ്പം, ദശശാസനകൾ, എന്നിത്യാദിയും ഒൻപതിന്റെ ഭാഗത്ത് നവഗ്രഹങ്ങൾ, നവധാന്യങ്ങൾ, നവരസങ്ങൾ നവരത്നങ്ങൾ എന്നിത്യാദികളും! ഇവ എല്ലാം പത്തൊൻപതിൽ ഒതുക്കിവച്ചിരിക്കുന്നതിനാൽ ആ "വിവാഹ പ്രായ"നെ വിസ്മരിക്കാനൊക്കമോ? വേറെയുമുണ്ട് രസകരങ്ങളായ വസ്തുതകൾ!

കാലേ അരയ്ക്കാൽ പണത്തിന് ഏഴേഅരയ്ക്കാൽ വെറ്റില; ഒരുപണത്തിന് എത്ര വെറ്റില! കൊച്ചുന്നാളിൽ അച്ചൻ ചോദിച്ച ചോദ്യത്തിന് തൊട്ടടുത്തുള്ള മാടക്കടയിലെ മമ്മതിന്റെ സഹായത്തോടെ ശരിയുത്തരം ഞാൻ പറഞ്ഞത് ഓർക്കുന്നു. ഒരു പുഞ്ചിരിയും പുറം തലോടലും ആയിരുന്നു കിട്ടിയ അഭിനന്ദനം! റേഷ്യോ ആന്റ് പ്രപ്പോർഷൻ അന്ന് അറിയില്ലാത്ത ഒൻപതു വയസുകാലം!

കണക്കു ശാസ്ത്രവിശാരദനായിരുന്ന പ്രൊഫ. രാമാനുജനും വളരെ ചെറുപ്പത്തിലേ മരിച്ചു. തന്റെ തീവ്രമായ രോഗശയ്യയിൽ വച്ച് യാദൃച്ഛികമായി പത്തൊൻപതിന്റെ പ്രാഗൽഭ്യം പറഞ്ഞ ഒരു സംഭവം ഉണ്ടായി. 1729-ാം നമ്പർ കാറിൽ വന്ന ഒരു സന്ദർശകൻ തനിക്ക് അപകടം ഉണ്ടായതും കഷ്ടിച്ചു രക്ഷപ്പെട്ടതും വിവരിച്ചശേഷം ആ ദുശ്ശകുനം പിടിച്ച സംഖ്യയെ പഴിക്കുകയും ശപിക്കുകയും ചെയ്ത മാന്യനോട് രാമാനുജം പറഞ്ഞു. "സ്നേഹിതാ, 19ന്റെ 91 ഇരട്ടിയാണ് 1729. എല്ലാ അക്കങ്ങളും ചേർത്തു കിട്ടിയാൽ 19 കിട്ടുന്നു. വേറൊന്നുണ്ട്. വി. ഖുറാനിലെ അദ്ധ്യായങ്ങൾ 19X5=114 ആണ് നിങ്ങൾ ഭാഗ്യവാനാണ്!. "ആ നമ്പർ ഐശ്വര്യമുള്ളതാണ്.

ദാവീദു രാജാവ് യുദ്ധമെല്ലാം വിജയിച്ച് സന്തുഷ്ടനായി ഒരു രാത്രി ഉദ്യാനത്തിൽ മലർന്നു കിടന്നു കൊണ്ട്, ആകാശവും ആകാശവിതാനവും, പകലും രാത്രിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഒക്കെ മനസിലോർത്തും ധ്യാനിച്ചും ആഹ്ലാദിക്കയായിരുന്നു. എല്ലാം ആസ്വദിച്ചുകൊണ്ട് ഒടുവിൽ തന്റെ പ്രൗഢിയും, ആഢ്യത്വവുമെല്ലാം ദൈവസന്നിധിയിൽ നമിച്ച് സമർപ്പിക്കുന്നതും, "എന്റെ വായിലെ വാക്കുകളും ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദകരമായി ഭവിക്കട്ടെ" എന്ന് വാഞ്ഛിച്ച് പ്രണമിക്കുന്നതും സങ്കീർത്തനങ്ങൾ 19-ാം അദ്ധ്യായം ഉദ്ഘോഷിക്കുന്നു.

ആദിയിൽ ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ അഭിസംയോജനവും അവിഭാജ്യതയും ഏകജഡത്വവും പ്രഘോഷിക്കുന്ന കർത്തൃഭാഷണം വി. മത്തായിയുടെ ഏവൻഗേലിയോൻ 19-ാം അദ്ധ്യായം വിവരിക്കുന്നു. ക്രിസ്തീയ സഭകളുടെ വിവാഹ കൂദാശകളിൽ ഈ ഭാഗം വായിച്ച് വധൂവരന്മാരെ ഉദ്ബോധിപ്പിക്കുന്നു! അതുപോലെ തന്നെ, ഭവനശുദ്ധീകരണ കൂദാശകളിൽ, ചുങ്കക്കാരൻ സഖായിയുടെ പശ്ചാത്താപവും പ്രായശ്ചിത്തവും രക്ഷയുടെ ദിവ്യസന്ദേശവും വായിച്ചു ജലം ശുദ്ധീകരിച്ച് ഭവനങ്ങളിൽ തളിക്കപ്പെടുന്നു. അതും വി. ലൂക്കോസ് 19 ൽ. വി. യോഹന്നാൻ 19-ൽ യേശുവിന്റെ കുറ്റാരോപണവും ശിക്ഷാ വിധിയും അനന്തര സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു! എല്ലാം എല്ലാം 19-ൽ തന്നെ!

ഇനി 19 നെ ഒന്നു മറിച്ചിട്ടാലൊ; 91 അതും അതിവിശിഷ്ടം തന്നെ. അത്യുന്നതന്റെ നിഴലിൽ വസിക്കുന്ന മനുഷ്യനു ദൈവീകസുരക്ഷയും ആനന്ദാനുഗ്രഹങ്ങളും നിർല്ലോഭം ലഭിക്കും എന്ന അനുഗ്രഹവാഗ്ദാനവും 91-ാം സങ്കീർത്തനത്തിൽ സാക്ഷിപ്പെടുത്തിയിരിക്കുന്നു. രക്ഷയുടെ തുറമുഖത്തെക്കുള്ള മോക്ഷയാത്രയിൽ തുണയും കാവലും സാഹയാത്രയും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇനി 19+91=110-ാം സങ്കീർത്തനത്തിൽ ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക. എന്ന സുരക്ഷിതത്വവും അഭയസങ്കേതവും അരുളപ്പെട്ടിരിക്കുന്നു. മധുരവും മനോജ്ഞവുമായ രക്ഷാകവചവും സാത്താന്യ സൈന്യങ്ങളിൽ നിന്നുള്ള നിത്യമോചനവും ഉറപ്പുവരുത്തുന്ന ദിവ്യവചനവും എഴുതപ്പെട്ടിരിക്കുന്നു.

സീയോൻയാത്ര, സാക്ഷികളുടെ സമൂഹത്തോടുകൂടെ നടത്തുന്ന സത്യക്രിസ്ത്യാനിക്ക് ഇപ്പറഞ്ഞ വാഗ്ദത്തം മറക്കാനൊക്കുമോ? അതുപോലെ തന്നെ പൂർണ്ണപൗരത്വവും വോട്ടവകാശവും നേടാനൊക്കുന്ന പത്തൊൻപതിനെയും വിസ്മരിക്കാമോ?



മറിയാമ്മ കുരുവിള, കൊച്ചി | തമ്പി എറണാകുളം | അന്നാമ്മ നാഗാലാൻഡ് | കൊച്ചുമ്മൻ വകയാർ

# സഭാനിയമങ്ങൾ കർശനമായി പാലിക്കുക

ജോൺ വർഗീസ്, ഇരവിപേരൂർ

നമ്മുടെ സഭയിൽ കണ്ടുവരുന്ന ചില തെറ്റായ പ്രവണതകൾ ചൂണ്ടിക്കാണിക്കാനും അതു തിരുത്തണമെന്ന ഭ്യർത്ഥിക്കാനുമാണ് ഇതെഴുതുന്നത്.

(1) നോമ്പനുഷ്ഠാനത്തിന്റെ കാര്യത്തിൽ വളരെ ലാഘവത്തോടെയുള്ള സമീപനമാണ് അടുത്ത കാലത്തായി സഭാംഗങ്ങൾക്കുള്ളത്. പരിശുദ്ധ ഔഗേൻ ബാവാ സഭയിലെ ചില പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ 1966-ൽ നോമ്പാചരണത്തിൽ ചില ഇളവുകൾ പ്രഖ്യാപിച്ചതിന്റെ മറപിടിച്ച് നമ്മുടെ ആളുകൾ (വൈദികർ ഉൾപ്പെടെ) പരസ്യമായി നോമ്പിനെ ലംഘിക്കുന്നതായി കാണുന്നു. "മൂന്നു നോമ്പും കഷ്ടാനുഭവ ആഴ്ചയിലെ നോമ്പും ആണ്ടടക്കം ബുധൻ, വെള്ളി ദിവസങ്ങളിലെ നോമ്പും പൂർവ്വകാലം മുതൽ ആചരിച്ചു വരുന്ന പ്രകാരം തന്നെ മേലിലും ആചരിക്കണം" എന്നാണ് പരിശുദ്ധ ഔഗേൻ ബാവായുടെ കല്പനയുടെ (No.39/9-2-1966) പ്രസക്ത ഭാഗം. സാധാരണ ബുധൻ, വെള്ളി ദിവസങ്ങളിലായാലും പാൽ, മത്സ്യം എന്നിവ പോലും ഉപയോഗിക്കാൻ അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഈ ഇളവുകൾ ഒരു വ്യക്തി സ്വന്ത നിലയിൽ അനുഭവിക്കുന്നതിൽ കുഴപ്പമില്ല. എന്നാൽ സഭയുമായി ബന്ധപ്പെട്ട സമ്മേളനങ്ങളിലും സ്ഥാപനങ്ങളിലും ഈ ഇളവുകൾ മുതലെടുത്ത് നോമ്പിൽ നിഷിദ്ധമായ ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ഒരിക്കലും ശരിയല്ല. അനുവദിച്ചിരിക്കുന്ന ഇളവുകൾ വ്യക്തികൾ സ്വന്തനിലയിൽ അനുഭവിക്കുവാൻ വിടുകയും, പരസ്യമായി അനുഭവിക്കുന്നതു നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(2) "മറ്റു സഭകളിൽ വച്ചു നടത്തുന്ന വിവാഹത്തിന്, നമ്മുടെ സഭയിൽ വച്ചു നടക്കുന്ന വിവാഹങ്ങൾക്കു കൊടുത്തു വരുന്ന രീതിയിലുള്ള വിവാഹക്കുറി (അതായത് ദേശക്കുറി) കൊടുക്കുകയോ പ്രസ്തുത വിവാഹങ്ങളുടെ വിളിച്ചു ചൊല്ല് നമ്മുടെ പള്ളികളിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു" എന്ന് 1977 ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് എടുത്ത നിശ്ചയം (പാത്രിയർക്കീസ് കക്ഷിയിൽ നടക്കുന്ന വിവാഹത്തിനൊഴികെ) കർശനമായി പാലിക്കേണ്ടതാണ്. ചില വൈദികർ ഈ നിയമം ലംഘിക്കുന്നതും ചില ഇടവകകളിൽ ഈ നിയമം കൃത്യമായി പാലിക്കാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. "വിവാഹം നടത്തുന്നതിന് വധുവിന്റെയോ വരന്റെയോ ഇടവകയിൽ നിന്ന്, വിവാഹശുശ്രൂഷ നടത്തുന്ന പള്ളിയിലെ വികാരിയുടെ പേർക്ക് നൽകുന്ന അപേക്ഷാപത്രികയും ദേശകുറി എന്നറിയപ്പെടുന്നു. കുർബാനാ സംസർഗം ഉള്ള സഭകൾ തമ്മിലേ വിവാഹത്തിന് ദേശകുറി കൊടുക്കാറുള്ളൂ." (മലങ്കരസഭാവിജ്ഞാനകോശം പേജ് 405). ചുരുക്കത്തിൽ മറ്റുള്ളവർക്ക് ഒരു സർട്ടിഫിക്കേറ്റ് നൽകിയാൽ മതി. നമ്മുടെ ഒരു സഭാംഗം സഭ വിട്ടുപോകുന്നതിന് കാനോനികമായ പ്രതിബന്ധമുള്ളതു കൊണ്ടും ഔദ്യോഗികമായി അംഗീകരിക്കാനാകാത്തതുകൊണ്ടും പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതുകൊണ്ടും എടുത്തിരിക്കുന്ന സുന്നഹദോസ് നിശ്ചയം കൃത്യമായി പാലിക്കാൻ വൈദീകരെയും സഭാംഗങ്ങളെയും ബോധവൽക്കരിക്കാൻ ഇടവക മെത്രാപ്പോലീത്താമാർ ശ്രമിച്ചാൽ നന്നായിരുന്നു.25 വർഷം മുമ്പ് തീരുമാനിച്ചിരിക്കുന്ന ഈ വിഷയം ഓർമ്മപ്പെടുത്തിക്കൊണ്ട് സഭാ കേന്ദ്രത്തിൽ നിന്ന് ഒരു കല്പന പുറപ്പെടുവിക്കുന്നതും നന്നായിരിക്കും.

(3) വിവാഹകൂദാശ നടത്താനായി സഭ അനുവദിച്ചിരിക്കുന്ന ദിവസങ്ങളുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ-തീരെ ഒഴിച്ചുകൂടാൻ പാടില്ലാത്ത സന്ദർഭങ്ങളിൽ മാത്രം-മറ്റു ചില ദിവസങ്ങളിൽ ഈ കൂദാശ നടത്താൻ പരിശുദ്ധ കാതോലിക്കാബാവാ അനുവദിക്കാറുണ്ട്. എന്നാൽ ഈ അവസരം മുതലെടുത്തുകൊണ്ട് നമ്മുടെ ആളുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. വളരെ ഗൗരവത്തോടുകൂടി അനുഷ്ഠിക്കേണ്ട ചില കാര്യങ്ങൾ വളരെ ലാഘവത്തോടെ അനുഷ്ഠിക്കുന്നത് സഭയ്ക്കും സഭാമക്കൾക്കും നല്ലതല്ല. വധു അംഗമായിരിക്കുന്ന മാർത്തോമ്മാ സഭ ഞായറാഴ്ച വിവാഹ കൂദാശ നടത്താൻ അനുവദിക്കാത്തതിന്റെ പേരിൽ മാത്രം ശനിയാഴ്ചയോ നമ്മൾ അനുവദിക്കാത്ത മറ്റു ദിവസങ്ങളിലോ വിവാഹം നടത്തുന്നതിന് അവർ നമ്മുടെ ആളുകളെ പ്രേരിപ്പിക്കുകയും നമ്മുടെ ആളുകൾ അതിനു വഴങ്ങുകയും ചെയ്യുന്നത് അങ്ങേയറ്റം അപലപനീയമാണ്. നമ്മുടെ വരന്റെ ഭാഗത്തുള്ളവർ വഴങ്ങാതിരുന്നാൽ വധുവിന്റെ ഭാഗത്തുള്ളവർ നമ്മുടെ വഴിയിൽ വരുമെന്നുള്ളതാണ് സത്യം. അസത്യമായ വിവരങ്ങൾ ചേർത്ത് അപേക്ഷ തയ്യാറാക്കി വികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സഭാതലവന്റെ സമീപത്തുവന്ന് അനുവാദം വാങ്ങി പിഴയടച്ചാണ് ഇവയെല്ലാം പ്രവർത്തിക്കുന്നത്. വിവാഹം നടത്താനായി സഭാ കേന്ദ്രത്തിൽ വന്ന് പ്രത്യേക അനുവാദം വാങ്ങുന്നവരിൽ യഥാർത്ഥത്തിൽ അർഹതയുള്ളവർ 25% പോലും കാണുകയില്ല. ശേഷിച്ചവർ അവസരം മുതലെടുത്ത് സഭാ തലവനെ കബളിപ്പിച്ച് സ്വന്തം സഭയെ അവഹേളിക്കുകയാണ്. വധുവിന്റെയോ വരന്റെയോ, അങ്ങേയറ്റം അവരുടെ മാതാപിതാക്കളുടെയോ അസൗകര്യം മാത്രമേ പ്രത്യേക അനുവാദത്തിന് പരിഗണിക്കാവൂ. വധൂവരന്മാരുടെ സഹോദരങ്ങളുടെ പോലും അസൗകര്യം പരിഗണിക്കാൻ പാടില്ല.


(4) നമ്മുടെ സഭാംഗങ്ങളായ പെൺകുട്ടികൾ വിവാഹിതരായി മറ്റു സഭകളിലേക്കു മാറുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. ഇപ്രകാരം സഭ വിട്ടു പോകുന്നവരിൽ നല്ല പങ്കും നവീകരണ സഭകളിലേക്കാണ് പോകുന്നത്. നവീകരണ സഭകളെക്കാൾ നമ്മൾ മുൻഗണന കൊടുക്കേണ്ടത് പുരാതന സഭകൾക്കാണല്ലോ. കൂദാശകൾ പരസ്പരം

ശേഷം 22-ാം പേജിൽ





# "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" സമ്പൂർണ്ണമായ പ്രാർത്ഥന



ഗീവർഗീസ് മൈലാടുംപാറ, തെള്ളിയൂർ.

അഖിലാണ്ഡമണ്ഡലങ്ങളെ സൃഷ്ടിച്ചു പരിപാലിക്കുന്നവനും അത്യുന്നതനും, അമർത്യനും ബലവാനുമായ ദൈവത്തോടു പ്രാർത്ഥിക്കുവാൻ യേശുനാഥൻ നമ്മെ പഠിപ്പിച്ചത് വെറും ഒരു കൊച്ചു പ്രാർത്ഥനയാണ് ഗലീല മുതൽ ജറുശലേം വരെ ഏതാണ്ട് മുന്നൂറോളം ചതുരശ്ര കിലോമീറ്റർ ദൂരം ചുറ്റി സഞ്ചരിച്ച് ഏതാണ്ട് മൂന്നര വർഷക്കാലം രക്ഷയുടെ സദ്വാർത്ത അറിയിച്ച യേശുനാഥൻ പഠിപ്പിച്ച ഒരേ ഒരു പ്രാർത്ഥന ആണ് "സ്വർഗ്ഗസ്ഥനായ പിതാവേ" എന്നുള്ള പ്രാർത്ഥന. വി. മത്തായി 6:9-13 വരെ ഉള്ള വാക്യങ്ങൾ

കൊച്ചു പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നതായ "വലിയ മർമ്മങ്ങൾ" എന്തൊക്കെയാണ് എന്ന് ഈ ലേഖനത്തിലൂടെ നമുക്ക് ധ്യാനിക്കാം. ഈ പ്രാർത്ഥന ഏഴു ചെറിയ പ്രാർത്ഥനകളുടെ സമാഹാരമാണ്. "ഏഴ്" സംപൂർണ്ണതയെ കുറിക്കുന്നു.

1) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ.

2) നിന്റെ രാജ്യം വരേണമേ

3) നിന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലും ആകണമേ

4) ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരേണമേ

5) ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ.

6) പരീക്ഷയിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ.

7) ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

ഇതിൽ ആദ്യത്തെ മൂന്നു പ്രാർത്ഥനകൾ ദൈവമഹത്വത്തിനും, ദൈവികാനുഭവങ്ങൾക്കും വേണ്ടി ഉള്ളതാണ്. എന്നാൽ ബാക്കി നാലെണ്ണം മാനുഷിക മൂല്ല്യങ്ങളിൽ അധിഷ്ഠിതമാണ്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.... എന്ന് നമ്മൾ അഭിസംബോധന ചെയ്യുമ്പോൾ സ്വർഗ്ഗം സിംഹാസനവും ഭൂമി പാദപീഠവുമാക്കി സർവ്വവും അടക്കി വാണരുളുന്ന മഹോന്നതനായ ദൈവത്തെ തന്റെ മഹത്വത്തിന്റെ പൂർണ്ണതയിൽ നമ്മുടെ അന്തർ നേത്രങ്ങളാൽ കാണണം (യെശയ്യാവ് 66:1) ദൈവത്തെ പിതാവെന്നു നമ്മൾ വിളിക്കുമ്പോൾ നാം സ്വയം പുത്രത്വം അംഗീകരിക്കുന്നു (1 യോഹന്നാൻ 3-1). ഒരു പിതാവിനു നാം നൽകേണ്ടതായ സ്നേഹം, ബഹുമാനം, അനുസരണം എന്നിവ നൽകുന്നുണ്ടോ? മലാഖി 1:6-ൽ ദൈവം ചോദിക്കുന്നു "നിങ്ങൾ എന്നെ പിതാവെന്നും യജമാനനെന്നും വിളിക്കുന്നു" ഞാൻ പിതാവെങ്കിൽ എന്നോടുള്ളതായ ബഹുമാനം എവിടെ? ഞാൻ യജമാനനെങ്കിൽ എന്നോടുള്ളതായ ഭക്തി എവിടെ? അളവില്ലാത്ത സകല നന്മ സ്വരൂപി ആയിരിക്കുന്ന ദൈവത്തെ നാം വിളിക്കുമ്പോൾ ഈ മനോഭാവത്തോടും, ഭയഭക്തിയോടും കൂടി ആയിരിക്കണം അവിടുത്തെ തിരുനാമത്തെ സ്തുതിക്കേണ്ടതും സ്തോത്രം ചെയ്യേണ്ടതും.

"നിന്റെ രാജ്യം വരേണമേ"

നിന്റെ രാജ്യം വരേണമേ എന്നു പറഞ്ഞാൽ "ദൈവരാജ്യ അനുഭവം" ആണ്. വി. പൗലോസ് ശ്ലീഹാ റോമ. 14:17-ൽ ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രെ. നീതി (Righteousness) എന്നാൽ ദൈവവുമായി നല്ല ബന്ധത്തിൽ (Right relation with God) ആയിരിക്കുക എന്നതാണ്. അതായത് ദൈവകല്പനകൾ പഠിക്കുക എന്നതാണ്. (യെഹസ്ക്കേൽ 18: 5-9). ഇനി സമാധാനം എങ്ങനെ ലഭിക്കും? പരസ്പരം ക്ഷമിക്കുമ്പോൾ കുടുംബത്തിലും, ജോലിസ്ഥലത്തും, സമൂഹത്തിലും, രാജ്യത്തിലും, ഇടവകകളിലും സഭയിലും ലോകത്തിലും സമാധാനം ഉണ്ടാകും. നീതിയും സമാധാനവും ഉള്ള സ്ഥലത്തുമാത്രമെ പരിശുദ്ധാത്മാവിന്റെ സന്തോഷം അനുഭവവേദ്യമാവുകയുള്ളൂ. അങ്ങനെ "ദൈവരാജ്യ അനുഭവം" വ്യക്തികളിലൂടെ ലോകത്തിൽ എല്ലായിടത്തും എത്തിച്ചേരേണ്ടിയിരിക്കുന്നു.

"നിന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂമിയിലും ആകണമേ" ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് വി. യോഹന്നാൻ 6:40 ൽ പറയുന്നു. ഇപ്രകാരം കാണുന്നു. "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേൽപ്പിക്കും". അതായതു

# സൺഡേസ്ക്കൂൾ വാർത്തകൾ

1) ഒ.കെ.ആർ: കേരളത്തിനു വെളിയിലുള്ള സൺഡേസ്ക്കൂളുകളെ ഏകോപിപ്പിച്ച്, ഔട്ടർ കേരള റീജിയൻ (Outer Kerala Region = O.K.R.) എന്ന പേരിൽ ഒരു മേഖല ആക്കുവാനുള്ള പദ്ധതി ഒ.എസ്.എസ്.എ.ഇ. എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു കഴിയുമ്പോൾ പരിശുദ്ധ സുന്നഹദോസിന്റെ അനുമതിയോടുകൂടി പ്രാവർത്തകമാക്കുന്നതാണ്. നാഗ്പൂർ ഓർത്തഡോക്സു സെമിനാരി, ഈ മേഖലയുടെ ആസ്ഥാനമായും, അവിടുത്തെ പ്രിൻസിപ്പൽ റവ. ഫാദർ ഡോക്ടർ റെജി മാത്യൂസ് റീജിയനൽ ഡയറക്ടറായും പ്രവർത്തിക്കും. ആ സെമിനാരിയിലെ തന്നെ അദ്ധ്യാപകനായ ഫാദർ നൈനാൻ ജോർജ്ജ് ഒ.വി.ബി.എസ്. ഡയറക്ടറായും പ്രവർത്തിക്കും. അവിടുത്തെ വെളിയിലുള്ള നാലു ഭദ്രാസനങ്ങൾക്കും - മദ്രാസ്, ബോംബെ, ഡൽഹി, ഡിസ്ട്രിക്ട് തലത്തിലും ഇൻസ്പെക്ടേഴ്സും ഉണ്ടായിരിക്കും. ഒ.കെ. ആറിൽ സൺഡേസ്ക്കൂൾദിനം ആചരിക്കുന്നത് ഡിസംബറിൽ ആയിരിക്കണമെന്ന് അഭിപ്രായമുണ്ട്. ഈ മേഖലയിലേക്ക് പുതിയ പാഠ പുസ്തകങ്ങൾ ഇംഗ്ലീഷിൽ തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഓറിയന്റൽ ചർച്ച്സ് ഒരുക്കിയ കരിക്കുലത്തിൽ വലിയ മാറ്റമൊന്നും വരുത്താതെയാണ് പുതിയ പുസ്തകങ്ങൾ ഒരുക്കുന്നത്. ഇക്കാര്യത്തിന് ആവശ്യമായ രൂപരേഖ മദ്രാസ് ഭദ്രാസനാധിപൻ ഡോ. മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നൽകുന്നതാണ്.

കേരളത്തിനു വെളിയിലുള്ള ഇടവകകളിൽ സൺഡേസ്ക്കൂൾ പ്രവർത്തനം കാര്യക്ഷമതയോടെ നടത്തിയിരുന്നെങ്കിലും, അവയെ ഏകോപിച്ച് ഒരു റീജിയണൽ ഡയറക്ടറുടെ മേൽനോട്ടത്തിൽ കൊണ്ടുവരുന്നത് ഇപ്പോൾ മാത്രമാണ്. അമേരിക്കയിൽ നേരത്തെ തന്നെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ സുസംഘടിതമായി നടക്കുന്നുണ്ട്. പരീക്ഷാ സംബന്ധമായ തീരുമാനങ്ങൾ എക്സിക്യൂട്ടിവ് കമ്മറ്റി എടുക്കുകയുണ്ടായി.

### കേരളത്തിനു പുറത്തുള്ള സൺഡേസ്ക്കൂളുകൾക്ക് പുതിയ പാഠ്യപദ്ധതി

കേരളത്തിനു പുറത്തുള്ള സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ഒരു പുതിയ പാഠ്യപദ്ധതി തയ്യാറാക്കി വരുന്നു പുതിയ പുസ്തകങ്ങൾ തയ്യാറാക്കുന്നവരുടെ ഒരു മീറ്റിംഗ് മെയ് 26 ശനിയാഴ്ച രാവിലെ തിരുവല്ലാ ബഥനി അരമനയിൽ കൂടി. ഔട്ടർ കേരളാ റീജിയന്റെ ഡയറക്ടറായ ഫാ. റജി മാത്യു പുതിയ കരിക്കുലം അവതരിപ്പിച്ചുകൊണ്ട് ബാഹ്യകേരള സണ്ടേസ്ക്കൂളുകളുടെ പ്രസക്തിയെപ്പറ്റി പ്രസംഗിച്ചു. പുതിയ സിലബസ് അനുസരിച്ച് പാഠങ്ങൾ തയ്യാറാക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി സണ്ടേസ്ക്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറൽ ഫാ. റ്റി.ജെ. ജോഷ്വാ ക്ലാസ്സെടുത്തു. അഭി. ഐറേനിയോസ് തിരുമേനി വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവുമാ വളർച്ചയെ ലാക്കാക്കി വേണം പാഠങ്ങൾ ഉണ്ടാവേണ്ടത് എന്ന് തന്റെ ക്ലാസിൽ സൂചിപ്പിച്ചു. ഔട്ടർ കേരളാ റീജിയന്റെ ഒ.വി.ബി.എസ്. ഡയറക്ടർ ഫാ. നൈനാൻ കെ. ജോർജ്ജ് നന്ദി പ്രകടിപ്പിച്ചു.

നാഗപ്പൂർ സെമിനാരിയിലെ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് പുതിയ പാഠ്യപദ്ധതി തയ്യാറാവുന്നത്. ഫാ. റജി മാത്യു കോ-ഓർഡിനേറ്ററും ഫാ. ബിജേഷ് ഫിലിപ്പ്, ഫാ. ഏബ്രഹാം തോമസ് (കൽക്കട്ട) ഫാ. പി.കെ. തോമസ് (ഡൽഹി) ഫാ. പി.സി. ഫിലിപ്പ് (ബാംഗ്ലൂർ), ശ്രീ. ജോസി ഏബ്രഹാം (ബോംബെ), ശ്രീ. ജേക്കബ് പി. വറുഗീസ് (ഷാർജ) എന്നിവരംഗങ്ങളുമായുള്ള ഒരു കരിക്കുലം കമ്മറ്റിയും ഡീക്കൻ തോമസ് നൈനാൻ സെക്രട്ടറിയും ഫാ. ബിജേഷ് ഫിലിപ്പ്, ഫാ. തോമസ് വറുഗീസ് എന്നിവർ അംഗങ്ങളായുള്ള ഒരു എഡിറ്റോറിയൽ കമ്മറ്റിയും പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിൽ പ്രവർത്തിച്ചു വരുന്നു. പുതിയ സിലബസ് അനുസരിച്ചുള്ള ആദ്യ പുസ്തകം 2003 ജനുവരിയിൽ പുറത്തിറങ്ങും.

---

18-ാം പേജിൽ നിന്നു തുടർച്ച...

സാധുവായി അംഗീകരിക്കുന്ന നിലയ്ക്ക് അതാണല്ലോ നല്ലത്. നമ്മുടെ പെൺകുട്ടികൾ മറ്റു സഭകളിലേക്ക് വിവാഹിതരായി പോകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ മുൻഗണന കൊടുക്കേണ്ടത് അപ്പോസ്തോലിക സഭകൾക്കാണെന്ന് നമ്മുടെ സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് ആവശ്യമായി തോന്നുന്നു. അല്ലാത്ത പക്ഷം നവീകരണ സ്വാധീനം നമ്മുടെ സഭയിൽ വർദ്ധിക്കാനിടയാകും.

(5) ഇപ്പോഴത്തെ തലമുറയിൽ പെട്ട നമ്മുടെ ചില സഭാംഗങ്ങളുടെ പേരു കേട്ടാൽ അവർ ക്രൈസ്തവരോ അക്രൈസ്തവരോ എന്നോ, പുരുഷനോ സ്ത്രീയോ എന്നോ (മനുഷ്യനോ വളർത്തു മൃഗമോ എന്നോ) തിരിച്ചറിയാൻ പ്രയാസമാണ്. പുതിയ തലമുറയ്ക്ക് വ്യക്തി നാമങ്ങൾ നൽകുന്ന കാര്യത്തിൽ നമുക്കൊരു പാരമ്പര്യമുണ്ടായിരുന്നു. അറുപതുകളിൽ ഉണ്ടായ പരിഷ്ക്കാരം നിമിത്തം ഒന്നു രണ്ടു തലമുറകളുടെ ക്രൈസ്തവ വ്യക്തി നാമങ്ങൾ നമ്മൾ നശിപ്പിച്ചു. ഈ രീതിയിൽ പോയാൽ ഇനിയും വരുന്ന ഒന്നു രണ്ടു തലമുറകൾ കഴിയുമ്പോൾ ക്രൈസ്തവ വ്യക്തിനാമങ്ങൾ അപ്രത്യക്ഷമാകും. അതുകൊണ്ട് മാമ്മോദീസാ വേളയിൽ കുട്ടികൾക്ക് ക്രൈസ്തവനാമം നൽകുന്നതിനും ആ പേരുകൾ ഔദ്യോഗിക പേരിന്റെ ഭാഗമാക്കി മാറ്റാനും നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

(6) ഹേവോറോ ദിനങ്ങളിൽ (ഉയിർപ്പു ഞായറാഴ്ച മുതൽ പുതുഞായറാഴ്ചവരെ) നോമ്പില്ലാത്തതിനാൽ ഏതു ദിവസവും വിവാഹകൂദാശ നടത്താമല്ലോ. സാധാരണ ശനിയാഴ്ച വിവാഹകൂദാശ നടത്താൻ അനുവദിക്കാറുമില്ല. സാധാരണ ശനിയാഴ്ചയ്ക്കുള്ള നിരോധനത്തിന്റെ അതേ കാരണം തന്നെ ഹേവോറോ ശനിയാഴ്ചയ്ക്കും ബാധകമല്ലേ? മാറാനായ പെരുന്നാളുകളുടെ തലേന്നും കാനോനിക നോമ്പാരംഭങ്ങളുടെ തലേന്നും വിവാഹ കൂദാശ നടത്താൻ അനുവദിക്കാമോ?



ഒരു വിശ്വാസി





# കർത്തൃദിനചിന്തകൾ

ഫാ. പി. എം. സഖറിയ പള്ളിക്കപറമ്പിൽ

### ജൂലൈ 14
### പെന്തിക്കോസ്തിക്കുശേഷം 8-ാം ഞായർ
### വി. യോഹ. 6:47-59

ഞാൻ ജീവന്റെ അപ്പമാകുന്നു

മാളികമുറിയിലെ നിസ്തുല സംഭവത്തിന്റെ ഒരു ഏകദേശരൂപം വി. യോഹന്നാൻ തന്റേതായ ശൈലിയിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് ലോകത്തിനു തന്നെത്തന്നെ നൽകുന്ന രക്ഷാകര സംഭവത്തിന്റെ പ്രതീകം.

യേശുക്രിസ്തു തന്നെ സ്വയം വിശേഷിപ്പിച്ചത് "ജീവന്റെ അപ്പമെന്നാണ്". വിശ്വാസ സമൂഹത്തിന്റെ നിലനിൽപ്പിന് ആധാരമായിരിക്കുന്നത് സാക്ഷാൽ അപ്പമായ യേശുക്രിസ്തുതന്നെയാണെന്ന് സാരം. വിശ്വാസികളുടെ സമൂഹം ജീവന്റെ അപ്പമായിരിക്കുന്ന യേശുക്രിസ്തുവിന്റെ കൂട്ടായ്മയിൽ വസിക്കേണ്ടിയിരിക്കുന്നു. അതിന്റെ അടയാളമാണ് ജീവന്റെ അപ്പമായ യേശു. പുതിയ യുഗത്തിന് ശക്തി പകരുന്നതും, സാക്ഷ്യമുള്ള സമൂഹത്തിന്റെ ശക്തി കേന്ദ്രവും സാക്ഷാൽ ക്രിസ്തു തന്നെ.

ജീവന്റെ അപ്പം നിത്യ ജീവന്റെ ആഹാരമായാണ് ഇവിടെ ചിത്രീകരിക്കുന്നത്. താത്കാലികവും, നിലനിൽക്കുന്നതുമായ ആഹാരത്തിന്റെ വൈരുദ്ധ്യം ഈ ഭാഗത്ത് ദർശിക്കാം. ഈ വാക്യങ്ങളിൽ മരണവും, ജീവനും, കാലവും, നിത്യതയും തമ്മിലുള്ള ബന്ധവും വെളിവാക്കപ്പെട്ടിരിക്കുന്നു. നിത്യജീവന്റെ ആഹാരം യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലൂടെയാണ് വെളിവാക്കപ്പെട്ടിരിക്കുന്നത്. ആ ബന്ധത്തിൽ മരണത്തിനും, ജീവനും, കാലത്തിനും, നിത്യതയ്ക്കും ഒരു പുതിയ അർത്ഥം ലഭിക്കുന്നു.

നിത്യജീവനിലേക്ക് നയിക്കുന്ന അപ്പം നൽകാനാണ് യേശു ലോകത്തിലേക്ക് വന്നത്. പിതാവായ ദൈവം തന്റെ മുദ്ര പതിപ്പിച്ചിരിക്കുന്ന മനുഷ്യപുത്രൻ എന്ന നിലയിലാണ് യേശുക്രിസ്തു ഇതു ചെയ്യുന്നത്. ജീവൻ നൽകുന്ന മാംസവും, രക്തവുമുള്ള മനുഷ്യപുത്രനായാണ് ക്രിസ്തുവിനെ നാം കാണുന്നത്. ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ നാം അനുഭവിക്കുന്നതു മൂലം ദൈവമഹത്വത്തിനു സുതാര്യമായ (transparant) അവന്റെ മഹത്വവുമായി വിശ്വാസികൾ ഒന്നുചേരുന്നു.

### ജൂലൈ 21
### പെന്തിക്കോസ്തിക്കുശേഷം 9-ാം ഞായർ
### വി. ലൂക്കോസ് 14:7-11

സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും

ഈ വേദഭാഗം വി. ലൂക്കോസിൽ മാത്രമേ കാണുന്നുള്ളു. അതിഥിയും, ആതിഥേയനും സ്വീകരിക്കേണ്ട നിലപാടുകളും, പെരുമാറ്റ രീതിയും ഓർമ്മിപ്പിക്കുന്നതിനോടൊപ്പം ലോകത്തിന്റെ മൂല്യവും, ദൈവിക മൂല്യവും തമ്മിലുള്ള പ്രകടമായ വ്യത്യാസവും ഈ ഭാഗം വ്യക്തമാക്കുന്നുണ്ട്.

പ്രമുഖ സ്ഥാനങ്ങൾ കാംക്ഷിച്ച് ശാസ്ത്രിമാരും, പരീശന്മാരും ആർത്തിയോടെ ഓടുന്നത് യേശു ശ്രദ്ധിച്ചിരിക്കാം. ഈ ഓട്ടത്തിനിടയിൽ മറ്റുള്ളവരെ മാനിക്കാതെ, അവരുടെ ആവശ്യങ്ങൾക്ക് യാതൊരു പരിഗണനകളും നൽകാതെ, ദൈവിക പ്രമാണങ്ങൾക്കു പോലും ക്ഷതം ഏൽപ്പിക്കുന്ന അവസ്ഥ സംജാതമാകുന്നു. മറ്റുള്ളവർക്ക് തടസ്സമാകാത്തവിധത്തിലായിരിക്കണം നാം നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കേണ്ടത്.

എളിമയുടെ ആവശ്യകതയും യേശു പഠിപ്പിക്കുന്നു. വിവാഹവിരുന്നിലെ ആതിഥേയനെപ്പോലെ ദൈവരാജ്യവിരുന്നിലേക്ക് ദൈവം ലോകത്തെ ക്ഷണിക്കുന്നു. അവിടെ ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്നതും, സ്ഥാനങ്ങൾ നൽകുന്നതും ദൈവമാണ്. ദൈവീക ക്ഷണത്തോട് ആർ ക്രിയാത്മകമായി പ്രതികരിക്കുന്നുവോ അവർക്ക് പ്രവേശനം ലഭിക്കും. സ്വയ നീതീകരണമല്ല, ആത്മവിനയവും, താഴ്മയുമാണ് ദൈവം ക്രമീകരിച്ചിരിക്കുന്ന സ്ഥാനങ്ങളിലേക്ക് നമ്മെ ഉയർത്തുന്നത്.

ഇന്നത്തെ ലോകത്തെ നാം വീക്ഷിച്ചാൽ സകലതിനേയും ചവിട്ടിത്താഴ്ത്തി മുന്നോട്ട് കുതിക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യ സമൂഹത്തെ കാണാം. മറ്റുള്ളവരേക്കാൾ ഒരുപടി താൻ മുന്നിലാണെന്ന് സമൂഹത്തെ സമ്മതിപ്പിക്കുവാൻ എല്ലാവരും കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ആത്മാർത്ഥതയില്ലാത്ത സ്നേഹം ഭാവിക്കുന്നു. അഹന്തയും, അത്യാഗ്രഹവും മനുഷ്യനെ അധഃപതനത്തിലേക്കാണ് നയിക്കുന്നതെന്നും, താഴ്മയും, സ്വയം വെറുമയുമാണ് അവനെ ശ്രേഷ്ഠനാക്കുന്നതെന്നും ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. മുഖ്യാസനത്തിൽ ഇരുത്തുക എന്നത് ദൈവത്തിന്റെ അധികാര പരിധിയിൽ പെട്ട കാര്യമാണ്. അനുതപിച്ച് വിനയപ്പെടുന്നവർക്കാണ് മുഖ്യാസനം തയ്യാറാക്കപ്പെടുന്നത്.

### ജൂലൈ 28
### പെന്തിക്കോസ്തിക്കുശേഷം 10-ാം ഞായർ
### വി. മത്തായി 18:1-14

"ആരും അപ്രധാനരല്ല"

സമൂഹത്തിൽ "വലിയവർ" ആകാൻ നാമെല്ലാവരും തത്രപ്പെടുന്നു. സഹവിശ്വാസികളോ, സഹപ്രവർത്തകരോ നമ്മെക്കാൾ ആദരിക്കപ്പെടുകയും, അംഗീകരിക്കപ്പെടുകയും ചെയ്യുന്നത്



## ഞായർദിന ചിന്തകൾ

നമ്മൾ പലപ്പോഴും ഇഷ്ടപ്പെടുന്നില്ല. തങ്ങളുടെ കൂട്ടത്തിൽ ആരാണ് വലിയവൻ എന്ന് ശിഷ്യന്മാരുപോലും പലപ്പോഴും തർക്കിച്ചു കൊണ്ടിരുന്നു. അധികാരത്തിനും, പദവികൾക്കും വേണ്ടിയുള്ള ശിഷ്യന്മാരുടെ നെട്ടോട്ടം കർത്താവിനെ വേദനിപ്പിച്ചിരുന്നു. മഹാനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകണമെന്നും (മർക്കൊ. 10:42–45) ശുശ്രൂഷിക്കപ്പെടുന്നതിലല്ല, ശുശ്രൂഷിക്കുന്നതിലാണ് ജീവിതത്തിന്റെ മഹത്വമെന്നും (യോഹ. 13:4–15) കർത്താവ് ചൂണ്ടിക്കാട്ടി.

സ്ഥാനമാന പദവികൾ ചൊല്ലി മത്സരിച്ചിരുന്ന ശിഷ്യന്മാരെ, വിനയത്തിലും, എളിമയിലുമാണ് മഹത്വം എന്നു പഠിപ്പിക്കുവാൻ അവരുടെ നടുവിൽ യേശു ഒരു ശിശുവിനെ നിർത്തുന്നു. ശിശുക്കളുടെ നിഷ്കളങ്കതയും, വിശ്വാസവും, ആശ്രയവുമെല്ലാമാണ് സ്വർഗ്ഗരാജ്യപ്രവേശന സവിശേഷതകളായി യേശു കാണുന്നത്.

അപരന്റെ ഉയർച്ചയിൽ കയ്പില്ലാത്ത, കോപവും പിണക്കവുമെല്ലാം ക്ഷണത്തിൽ മറക്കുന്ന ശിശുഭാവം തന്റെ ശിഷ്യന്മാർക്കുണ്ടാകണം എന്ന് യേശു ആഗ്രഹിക്കുന്നു. ചെറിയവരിൽ ഒരുവനായി ശിശു മാറുന്നു. അധികാരങ്ങളും, സ്ഥാനമാനങ്ങളും ഇല്ലാത്തവർ അങ്ങനെയുള്ളവർക്ക് ഇടർച്ച വരുത്തുന്നവർക്കെതിരെ കടുത്ത താക്കീത് യേശു നൽകുന്നു. ചെറിയവർ എന്ന പദപ്രയോഗം കൊണ്ട് ബലഹീനരേയും തെറ്റിപ്പോകുന്നവരേയുമാണ് കർത്താവ് ഉദ്ദേശിക്കുന്നത്. അധികാര ഭ്രമത്തിന്റെ ആവേശത്തിൽ നേതാക്കന്മാർ ബലഹീനർക്ക് ഇടർച്ചയ്ക്ക് കാരണമാകരുത്. കർത്താവിലുള്ള അവരുടെ വിശ്വാസത്തെ ദുർബ്ബലപ്പെടുത്തുന്ന, പാപം ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്ന പ്രവർത്തനമാണ് ഇടർച്ച.

12 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ കാണാതെപോയ ആടിന്റെ ഉപമ പറയുന്നു. ഈ ഉപമ വി. ലൂക്കോസിലും, ഈ ഭാഗത്തും മാത്രമേ കാണുകയുള്ളൂ. രണ്ടു സുവിശേഷകന്മാരും വ്യത്യസ്ത പശ്ചാത്തലത്തിൽ വ്യത്യസ്ത ദൈവശാസ്ത്ര ഉദ്ദേശങ്ങളോടെ വിശദീകരിക്കുന്നു. ചുങ്കക്കാരുടേയും, പാപികളുടെയും സ്നേഹിതനായി യേശു പ്രവർത്തിച്ചതിനെ വിമർശകമായി വീക്ഷിച്ചവരോട് പറയുന്ന ഉപമയായാണ് വി. ലൂക്കോസ് ഇതിനെ വിവരിക്കുന്നതെങ്കിൽ വി. മത്തായിയുടെ ചിത്രീകരണത്തിൽ ബലഹീന സഹോദരന്മാരേയോ, ഇടയന്റെ പ്രത്യേക കരുതൽ ആവശ്യമുള്ളവരേയോ ഉദ്ദേശിച്ചു കൊണ്ടാണെന്ന് മനസിലാക്കാം. ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്ന് വ്യക്തമാകുന്നത്. ഒരു വ്യക്തിപോലും നശിച്ചുപോകരുതെന്നാണ് ദൈവഹിതമെന്നും, മാനസാന്തരപ്പെടുന്ന ഏതു പാപിയെക്കുറിച്ചും സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകുമെന്നുമാണ്. എന്നാൽ മത്തായിയുടെ സുവിശേഷത്തിലെ സൂചന ബലഹീനർ ഓരോരുത്തരും ദൈവമുമ്പാകെ വിലപ്പെട്ടവരാണെന്നുമാണ്.

### ഓഗസ്റ്റ് 4
### പെന്തിക്കോസ്തിക്കുശേഷം
### 11–ാം ഞായർ
### വി. മർക്കോസ് 6:7–13

#### പ്രഘോഷണശൈലി

യറുശലേമിലെ തിരസ്കരണത്തിന്റെ മുന്നോടിയാണ് സ്വന്തം ഗ്രാമത്തിൽ യേശുവിന് സംഭവിച്ച തിരസ്ക്കരണം. എന്നാൽ യേശു ഇതിൽ നിരാശനാകാതെ പിതാവ് തന്നെ യേൽപ്പിച്ച ദൗത്യവുമായി മുന്നോട്ട് പോകുന്നു. ദൈവരാജ്യ പ്രഘോഷണം യേശു ഒറ്റയ്ക്കല്ല നിർവഹിക്കുന്നത് എന്നുള്ളത് ദൗത്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. ദൈവിക ലക്ഷ്യത്തിലേക്ക് യിസ്രായേലിനെ നയിക്കാനാണ് യേശു വന്നത്. 12 ഗോത്രങ്ങളെ അനുസ്മരിപ്പിക്കുന്ന 12 ശിഷ്യന്മാർ. യുഗാന്ത്യത്തിൽ 12 ഗോത്രങ്ങളും വീണ്ടെടുക്കപ്പെടുമെന്ന് യിസ്രായേൽ പ്രത്യാശിച്ചിരുന്നു. അപ്പോൾ യേശു ശിഷ്യന്മാരെ അയയ്ക്കുന്നത് ഒരു പ്രതീകാത്മക സംഭവമാണ്. നഷ്ടപ്പെട്ട ആടുകളെ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

ദൗത്യനിർവ്വഹണത്തിന്റെ മൂന്നു വശങ്ങൾ വി. മർക്കോസ് ഇവിടെ വ്യക്തമാക്കുന്നു.

(a) വചനത്തിന്റെ ദിവ്യശക്തി:- അതു ജീവിത പരിവർത്തനത്തിന്റെ ആവശ്യകതയെ പ്രഘോഷിക്കുന്നു.

(b) പിശാചുക്കളെ പുറത്താക്കാനുള്ള ദിവ്യശക്തി:- തിന്മയ്ക്കെതിരെ പ്രവർത്തിക്കുവാൻ

(c) രോഗികളെ സുഖപ്പെടുത്താനുള്ള ദിവ്യശക്തി:- മനുഷ്യജീവിതത്തെ മെച്ചമാക്കുന്ന യത്നങ്ങൾ.

യേശുവിനാൽ അയയ്ക്കപ്പെട്ടവർ സ്വവൈദഗ്ദ്ധ്യത്താൽ ഒരു വിൽപ്പന ചരക്ക് പരസ്യപ്പെടുത്തുന്ന ഒരു പ്രതിനിധിയല്ല. ഇക്കാലത്ത് ഇത്തരം പ്രവണതകൾ ഏറിയിട്ടുണ്ടല്ലോ. ഓരോരുത്തരുടേയും ആവശ്യാനുസരണം സുവിശേഷഘോഷണത്തെ ഒരു വിൽപനചരക്കാക്കി മാറ്റുന്നു.

ഒരു പ്രഘോഷകന്റെ ജീവിത ശൈലി യേശു വ്യക്തമാക്കുന്നു. വടിയോ, സഞ്ചിയോ, ആഹാരമോ, പണമോ, രണ്ടു വസ്ത്രമോ എടുക്കാതെ ഏതു സ്ഥലത്തു ചെന്നാലും അവിടെയുള്ള ജനത്തിന്റെ നന്മയിലാശ്രയിച്ചു സുവിശേഷം പ്രസംഗിക്കണം. ഇത് അക്ഷര പ്രകാരം അനുസരിക്കണമെന്നല്ല, ഇതലടങ്ങിയിരിക്കുന്ന ആത്മീയ സമീപനമാണ് പ്രധാനം. ഇന്നു പല പ്രഘോഷകരിലും പ്രകടമാകുന്ന ആർഭാടവും പണസഞ്ചിയിയിലുള്ള ആശ്രയവും തികച്ചും അനാസ്ഥികമാണ്. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളിൽ അവരോട് താദാത്മ്യം പ്രാപിച്ച് അവരുടെ സേവകരായി അവരെ ആശ്രയിച്ച് ജീവിക്കുക. യേശു പങ്കു വയ്ക്കുന്ന ചിന്തയിതാണ്.

പ്രഘോഷണദൗത്യം ദുഷ്കരമാണ്. നിഷേധവും, തിരസ്കരണവും അഭിമുഖീകരിക്കേണ്ടിവരും, ദൈവത്തിലാശ്രയിച്ച് ഏറ്റെടുത്ത് ചെയ്യുന്ന സുവിശേഷകരെ പ്രോത്സാഹിപ്പാൻ നമുക്കും സാധിക്കണം. ഓരോ വിശ്വാസിയും ഓരോ സുവിശേഷകനായി മാറിയാലേ സഭ സാക്ഷിക്കുന്ന സമൂഹമായി തീരുകയുള്ളൂ. അനുദിനജീവിതമാണ് നമ്മുടെ സാക്ഷ്യത്തിന്റെ മേഖല. നമ്മുടെ ജീവിതം സാക്ഷ്യത്തിന്റെ സ്വാഭാവിക അവസ്ഥയായി തീരണം. നാം പ്രത്യേകമായി ചെയ്യേണ്ട ജോലിയല്ലത്. ഒരു റോസാപുഷ്പം അതിന്റെ മണം അനുസ്യൂതം പരത്തുന്നതുപോലെ സാക്ഷ്യാനുഭവം നമ്മിൽ നിന്നും നിരന്തരം പ്രവഹിച്ചു കൊണ്ടിരുന്നാൽ ഒരു ഉജ്ജ്വല പ്രഘോഷകനായി നമുക്കു മാറാം.



പുസ്തകാഭിപ്രായം

# കുടുംബാരാധനാ സഹായി

വളരെ സ്വാഗതാർഹമായ ഒരു കൃതിയാണ് ഫാദർ പി.റ്റി. ചെറിയാൻ ക്രോഡീകരിച്ചിട്ടുള്ള "ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ കുടുംബപ്രാർത്ഥന ക്രമം". ഇന്നു മിക്കഭവനങ്ങളിലും കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ആരാധന അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കുടുംബത്തകർച്ചയുടെ പ്രധാന കാരണവും അതു തന്നെ. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ പുലരും എന്നുള്ള പ്രസ്താവന ഒരു യാഥാർത്ഥ്യമാണ്.

കുടുംബനവീകരണവും, കുടുംബക്ഷേമവും നാം ലക്ഷ്യമാക്കുന്നു എങ്കിൽ, ഒന്നാമതായി ചെയ്യേണ്ട കാര്യം കുടുംബാരാധന നിർബ്ബന്ധമായും നടത്തുവാൻ തക്ക പ്രോത്സാഹനവും, പ്രബോധനവും നൽകുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ പുസ്തകത്തിന്റെ പ്രസക്തി വെളിപ്പെടുന്നു. ഫാദർ പി.റ്റി. ചെറിയാൻ ഉത്തരേന്ത്യയിൽ ഓർത്തഡോക്സു സഭയുടെ ഒരു മിഷനറിയായും ഇടവക വൈദികനായും സേവനമനുഷ്ഠിച്ച ശേഷം കോട്ടയം ഭദ്രാസനത്തിലെ പല ഇടവകകളിലും ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കുടുംബാരാധന ക്രമീകൃതവും; അർത്ഥപൂർണ്ണവും ആക്കുവാൻ ആഗ്രഹിച്ചു കൊണ്ട് ഫാദർ ചെറിയാൻ പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിനു പല സവിശേഷതകളുണ്ട്. ഒന്ന്, പ്രാർത്ഥന എന്ത്, എന്തിന്, എങ്ങനെ എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകിക്കൊണ്ട് പൗലോസ് മാർ ഗ്രീഗോറിയോയ് മെത്രാപ്പോലീത്താ എഴുതിയിട്ടുള്ള ലേഖനം ആദ്യം ചേർത്തിരിക്കുന്നത് സാധാരണക്കാരായ ഏവർക്കും വളരെ പ്രയോജനം ചെയ്യും. പ്രാർത്ഥനയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ചുകൊണ്ടു വേണമല്ലോ അതിലേക്കു പ്രവേശിക്കേണ്ടത്. രണ്ട്, ഗീവർഗീസ് മാർ ഈവാനിയോസ്, പൗലോസ് മാർ മിലിത്തിയോസ്, എന്നീ പിതാക്കന്മാരുടെ ആസ്വാദനങ്ങളും അഭിനന്ദനങ്ങളും പുസ്തകത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. മൂന്ന്, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ രചിച്ചിട്ടുള്ള സന്ദർഭോചിത പ്രാർത്ഥനകളിൽ നിന്ന് പല പ്രാർത്ഥനകളും ഇതിൽ ഉചിതമായി ചേർത്തിട്ടുള്ളത് പുസ്തകത്തിനു പുഷ്ടി നൽകുന്നു. നാല്, പ്രചാരത്തിലിരിക്കുന്ന പ്രാർത്ഥനകൾ വിശ്വാസികൾക്ക് അപരിചിതങ്ങളല്ല.

അഞ്ച്, കാനോനിക പ്രാർത്ഥനകൾക്കു പുറമേ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കു സ്ഥാനം നൽകിയിട്ടുണ്ട്. കുടുംബാംഗങ്ങൾക്കുവേണ്ടിയും, വിവിധ ആവശ്യങ്ങളിൽ കഴിയുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ ക്രമീകരണമുണ്ട്. പ്രാർത്ഥന നമ്മിൽ മാത്രം ഒതുങ്ങി നിൽക്കാതെ, മറ്റുള്ളവരെയും, സമൂഹത്തെയും, രാഷ്ട്രത്തെയും എല്ലാം പ്രാർത്ഥനാവലയത്തിൽ വരുത്തുന്നത് ആവശ്യമായ കാര്യമാണ്. ആറ്, പ്രാർത്ഥനയോടൊപ്പം പോകേണ്ട അനുഭവമാണ് വേദവായനയും ധ്യാനവും. വ്യക്തിപരമായി അക്കാര്യം നിർവ്വഹിക്കുന്നതിനെക്കാൾ കുടുംബം ഒരുമിച്ച് ചെയ്യുന്നത് യുക്തമാണ്. ഏഴ്, പുസ്തകത്തിന്റെ അവസാന ഭാഗത്ത് ഒരുമിച്ച് ആലപിക്കുവാൻ സഹായകമായി ചില ഗീതങ്ങൾ ചേർത്തിട്ടുണ്ട്.

കുടുംബാരാധന ക്രമമായും അർത്ഥപൂർണ്ണമായും നടത്തുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ പുസ്തകം വളരെ പ്രയോജനപ്രദമായിരിക്കും. പുസ്തകത്തിന്റെ കെട്ടും മട്ടും ആകർഷകമാണ്. ഫാദർ ചെറിയാന് എന്റെ ഹൃദയംഗമമായ അനുമോദനങ്ങൾ!

**ഫാദർ റ്റി. ജെ. ജോഷ്വ**

## പിതാക്കന്മാരുടെ ഓർമ്മകൾ



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് (ജൂലൈ 12)



സഖറിയാസ് മാർ ദീവന്നാസിയോസ്
(ജൂലൈ 7)



ഗീവർഗീസ് മാർ ദീയസ്ക്കോറോസ്
(ജൂലൈ 24)



എം.സി. കുറിയാക്കോസ് റമ്പാൻ
(ജൂലൈ 20) (മലങ്കരസഭ മുൻ പത്രാധിപൻ)



ഫാ. റ്റി. വി.ജോർജ്ജ് നെടുമാവ്
(ജൂലൈ 30)

# വിശ്വാസപാഠം

**വി**ശുദ്ധ മൂറോനിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടോ? സുഗന്ധദ്രവ്യങ്ങൾ ചേർത്ത് എണ്ണ കാച്ചി പുരട്ടുന്നത് പരിശുദ്ധാത്മാഭിഷേകത്തിനുപകരമാകുമോ?

ഒരു പ്രൊട്ടസ്റ്റന്റ് വിശ്വാസിയുടെ ചോദ്യമാമ്. പരിശുദ്ധാത്മാഭിഷേകം എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ആണല്ലൊ. അതിനെന്തെങ്കിലും പ്രത്യക്ഷ തെളിവുവേണ്ടേ.

ചില തെളിവുകൾ.

(a) സ്നാനമേറ്റ കർത്താവിന്റെ മേൽ - പ്രാവുരൂപത്തിൽ

(b) വി. ശ്ലീഹന്മാരുടെ മേൽ - കർത്താവ് ഊതിയപ്പോൾ, തീനാവുകൾ പോലെ,

(c) ശമര്യർക്കും - എഫേസ്യർക്കും അപ്പോസ്തോലിക കൈവയ്പുമൂലം

(d) ശ്ലൈഹിക കാലത്ത് - വി. തൈലാഭിഷേകം മൂലം (1 യോഹ 2:20)

ആദ്യത്തെ 3 എണ്ണം മനസിലായിക്കാണും. അവസാനത്തേത് പിടികിട്ടിയിട്ടില്ല. വിശദമാക്കാം.

ശ്ലൈഹികകാലത്ത് തൈലങ്ങൾ ഉണ്ടായിരുന്നോ എന്നു ചോദിച്ചാൽ തീർച്ചയായും ഉണ്ടായിരുന്നു. 2 വേദഭാഗങ്ങൾ മാത്രം നോക്കുക വി. മർക്കോസ് 6:13, യാക്കോ. 5:14 അഭിഷേകം എന്നു പറയുമ്പോൾ അതു കേവലം ഒരു തോന്നലൊ, അനുഭൂതിയോ മാത്രമല്ല, വി. തൈലം കൊണ്ടുള്ള പൂശൽ അത്രെ. പരിശുദ്ധാത്മാവിന്റെ ഉപരമാനങ്ങളിൽ എണ്ണയും ഉണ്ട്. (സങ്കി. 45:7, മത്താ. 25:3-4). അഭിഷേക തൈലത്തിലെ ചേരുവകൾ പുറപ്പാട് 30:23-25 ൽ പറയുന്നുണ്ട്. മൂറ്, സുഗന്ധലവംഗം, വഴനത്തൊലി, ബാൽസം, ഒലിവെണ്ണ തുടങ്ങിയവ കൃത്യമായ അനുപാതത്തിൽ പ്രാർത്ഥനാപൂർവ്വം ഉണ്ടാക്കിയെടുത്ത തൈലം മുറപ്രകാരം വിശുദ്ധീകരിച്ചു കഴിയുമ്പോൾ വി. തൈലമായി. ഈ തൈലത്തിന്റെ നിർമ്മാണം ആരു നടത്തണമെന്നും, ആരു നടത്തരുതെന്നും, ആരെ എങ്ങനെ അഭിഷേകം ചെയ്യണമെന്നും, ദൈവം തന്നെ കൽപ്പിച്ചതത്രെ. ദൈവത്തിന് പഴയതെന്നും, പുതിയതെന്നും രണ്ടു നിയമങ്ങൾ ഇല്ലല്ലൊ.

അപ്പോസ്തോലിക കാലത്തു തന്നെ പരിശുദ്ധാത്മദാനത്തിന് വി. തൈലം ഉപയോഗിച്ചിരുന്നു എന്നതിന്റെ പ്രത്യക്ഷ തെളിവാണ് 1 യോഹ. 2:27. അവിടെ അദ്ദേഹം ഉപയോഗിച്ചിരിക്കുന്ന പദം മ്ശീഹൂസൊ (സുറിയാനി) തൈലം പൂശൽ -unction എന്നത്രെ. യഹൂദന്മാർക്കും, ശ്ലൈഹികകാലത്തും അഭിഷേക തൈലം അപരിചിതമായ ഒന്നല്ലായിരുന്നു. രാജാക്കന്മാരേയും, പുരോഹിതരേയും വാഴിക്കുമ്പോൾ അഭിഷേക തൈലം തലയിൽ ഒഴിക്കുമായിരുന്നു.

ആദിമ നൂറ്റാണ്ടുകളിലെ വി. സഭാപിതാക്കന്മാരുടെ എഴുത്തുകളിലെല്ലാം വി. തൈലം കൊണ്ടുള്ള അഭിഷേകത്തെപ്പറ്റി പറയുന്നുണ്ട്. വി. സിപ്രിയൻ (A.D. 254).

'സ്നാനമേറ്റയാൾക്ക് തൈലാഭിഷേകം പ്രാപിക്കേണ്ടത് ആവശ്യമാകുന്നു. തൈലാഭിഷേകം പ്രാപിക്കുമ്പോൾ അയാൾ ദൈവത്താൽ അഭിഷിക്തനാകുകയും, ക്രിസ്തുവിന്റെ കൃപ അവനിൽ ഉണ്ടാകുകയും ചെയ്യും. സ്നാനമേറ്റവരെ അഭിഷേകം ചെയ്യുന്ന തൈലം വി. കുർബ്ബാന വഴിയാണ് ത്രോണോസിൻമേൽ കൂദാശ ചെയ്യപ്പെടുന്നത് (is sanctified) ബലിപീഠമോ, പള്ളിയോ ഇല്ലാത്തവന് വി. തൈലം കൂദാശ ചെയ്യാൻ സാധ്യമല്ല. അതിനാൽ വേദവിപരീതികൾക്ക് ആത്മാഭിഷേകം ഇല്ല തന്നെ''. വി. അപ്രേം പറയുന്നു. വി. തൈലം മൂലം പരിശുദ്ധാത്മാവ് തന്റെ ആടുകളുടേമേൽ തന്റെ മുദ്ര പതിക്കുന്നു. വി. കൂറിലോസ് (315).

ഇതൊരു സാധാരണ തൈലം എന്നു വിചാരിച്ചു പോകാതെ സൂക്ഷിച്ചുകൊള്ളണം. വി. കുർബ്ബാനയിലെ അപ്പം പരിശുദ്ധാത്മവിളിക്കു ശേഷം വെറും സാധാരണഅപ്പമല്ല. പ്രത്യുത, ക്രിസ്തുവിന്റെ ശരീരമത്രെ. അതുപോലെ ഈ വിശുദ്ധ തൈലവും പിന്നീട് സാധാരണ തൈലമല്ല. അതു ക്രിസ്തുവിന്റെ കൃപാപൂർവ്വമായ ദാനമാണ്. പരിശുദ്ധാത്മവാസം മൂലം തന്റെ ദൈവികത്വം പ്രദാനം ചെയ്യത്തക്ക വണ്ണം അത് ആക്കിതീർക്കപ്പെട്ടിരിക്കുകയാണ്.

തിരുവെഴുത്തിൽ കാണുന്നില്ല എന്നു പറഞ്ഞുകൊണ്ട് അപ്പോസ്തോലിക കാലം (യോഹന്നാൻ ശ്ലീഹായുടെ കാലം മുതൽ) മുതലുള്ള തൈലാഭിഷേകത്തെ പുച്ഛിക്കുന്നവർ ചില കാര്യങ്ങൾ മനസിലാക്കുക. രണ്ടാം നൂറ്റാണ്ടിൽ വ്യക്തമായും പ്രാബല്യത്തിൽ വന്നു എന്ന് രേഖകളും, സാക്ഷ്യങ്ങളും ഉള്ള സത്യമത്രെ വി. മൂറോനഭിഷേകം. വി. മൂറോൻ-മശിഹായുടെ പരിമള വാസനയാണ്, സത്യവിശ്വാസത്തിന്റെ അടയാളമാണ്, മുദ്രയാണ്, വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമാണ്. സത്യവിശ്വാസികൾക്ക് നൽകപ്പെടുന്ന പരിശുദ്ധ റൂഹായുടെ പരിപൂർണ്ണ നൽവരത്തിന്റെ ലക്ഷ്യമാണ് വി. മൂറോൻ. ഈ അഭിഷേകം കൈവയ്പുമൂലമുള്ള പരിശുദ്ധാത്മ ദാനമാണ്. അപ്പോ. പ്ര. 8:17, 19:2 എന്നീ ഭാഗങ്ങൾ മനസിരുത്തി വായിക്കുക. ചില കാര്യങ്ങൾ കൂടി മനസിലാകും. വിസ്താര ഭയത്താൽ നിർത്തുകയാണ്. വി. മൂറോൻ കൂടാതെ സ്നാനം പൂർത്തിയാക്കപ്പെടുന്നില്ല എന്നത് ക്രിസ്തീയ സഭയുടെ ആദിമുതലുള്ള പതിവുമത്രെ.



**അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട കുന്നുക്കുരുടി സെ. ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി ആയി റവ. ഫാദർ ഫിലിപ്പ് അരിമ്പാച്ചിറ എം.എം. 2002 ജൂൺ 16-ാം തീയതി ചാർജ്ജെടുത്തു. കോട്ടയം വടക്കൻമണ്ണൂർ സെ. തോമസ് പള്ളി ഇടവകാംഗമായ ഇദ്ദേഹം 20 വർഷമായി അങ്കമാലി ഭദ്രാസനത്തിൽ സേവനമനുഷ്ടിക്കുന്നു.**





# കോപത്തെ സർഗ്ഗശക്തിയാക്കി മാറ്റാം

**- ഗുരുജി**

**ജീ**വിത വിജയത്തിനാവശ്യമായ ഒരു ഘടകമാണ് കോപം എന്നു പറഞ്ഞാൽ പലരും നെറ്റി ചുളിക്കും. കാരണം കോപത്തെ മനുഷ്യന്റെ ഒരു ദുർബലവികാരമായിട്ടാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. കോപം വരുമ്പോൾ നമ്മിൽ ആദ്യമായിട്ടുണ്ടാകുന്ന വികാരം പ്രതികാരവാഞ്ഛയാണ്. പ്രതികാരം പല രൂപത്തിൽ പ്രത്യക്ഷപ്പെടാം. ചിലർ ശകാരവാക്കുകൾകൊണ്ട് തിരിച്ചടിക്കും. മറ്റു ചിലർ ശാരീരിക കയ്യേറ്റം നടത്തും. കൊച്ചു കുട്ടികൾ സാധനങ്ങൾ വലിച്ചെറിഞ്ഞും വീട് അലങ്കോലപ്പെടുത്തിയും പ്രതികരിക്കും. അധ്യാപകർ വടികൊണ്ട് മറുപടി നൽകും. ദേഷ്യം വരുമ്പോൾ സ്വയം പ്രതികാരം ചെയ്യാൻ കഴിവോ മനസ്സോ ഇല്ലാത്തവർ ദൈവത്തോടു തന്നെ പ്രതികാരം ചെയ്യാൻ ആവശ്യപ്പെടുന്നു. 59-ാം സങ്കീർത്തനത്തിൽ ദാവീദ് രാജാവ് ശൌലിന്റെ ചെയ്തികൾക്കെതിരേ പ്രതികരിക്കാൻ ദൈവത്തോടാവശ്യപ്പെട്ടതുപോലെ.

കുടുംബത്തിന്റെ സൈ്വരത നഷ്ടപ്പെടുത്താൻ കോപത്തിനുള്ള കഴിവ് ഒന്നു വേറെതന്നെയാണ്. കോപം എങ്ങനെ ഒരു കുടുംബത്തെ നശിപ്പിക്കും എന്നുള്ള കഥ പറഞ്ഞുകൊണ്ടാണ് വി. വേദപുസ്തകം തുടങ്ങുന്നതുതന്നെ. വലിയ കോപം കൊലപാതകത്തിൽ കലാശിക്കും. സ്വന്തം സഹോദരനായ ഹാബേലിനെ കൊല്ലാൻ കായീനെ പ്രേരിപ്പിച്ചത് കോപമായിരുന്നു. ലോകമഹായുദ്ധങ്ങൾപോലും കോപത്തിന്റെ പരിണിതഫലമാണ്. തീവ്രവാദികളും, ഭീകരപ്രവർത്തകരും കോപം കൊണ്ട് സമൂഹത്തെ മുഴുവൻ വിറപ്പിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്.

ഇതൊക്കെ കോപത്തിന്റെ നിഷേധാത്മക പ്രതികരണങ്ങൾമാത്രം. എന്നാൽ കോപത്തെ സ്വർഗ്ഗശക്തിയാക്കി മാറ്റാൻ കഴിയും എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. ഒരു അമേരിക്കൻ വനിത തനിക്കുണ്ടായ അമർഷത്തോട് പ്രതികരിച്ചതിങ്ങനെയാണ്. മദ്യപാനിയായ ഒരു ഡ്രൈവർ കാരണം അവർക്കവരുടെ ഏകപുത്രൻ നഷ്ടപ്പെട്ടു. അടക്കാനാവാത്ത രോഷവും സങ്കടവും അവരിൽ നിറഞ്ഞുപൊങ്ങി. പക്ഷേ തന്നിലുണ്ടായ കോപത്തെ സമൂഹത്തിന് മുഴുവൻ പ്രയോജനം ചെയ്യുന്ന ഒരു ശക്തിയാക്കി മാറ്റാൻ അവർ തീരുമാനിച്ചു. അമേരിക്ക മുഴുവൻ സഞ്ചരിച്ച് മദ്യപിച്ച് വണ്ടി ഓടിക്കുന്നവർക്കെതിരേ പൊരുതാൻ ജനങ്ങളെ അവർ സംഘടിപ്പിച്ചു. MADD(Mothers Against Drunk Driving) എന്ന പേരിൽ ഒരു പ്രസ്ഥാനത്തിനവർ രൂപം നൽകി. ആയിരക്കണക്കിന് അമ്മമാർ അംഗങ്ങളായ ഈ സംഘടന അമേരിക്കയിലെ ഒരു സർഗ്ഗശക്തിയായി ഇന്ന് വളർന്നിരിക്കുന്നു. അമേരിക്കൻ കോൺഗ്രസ്സിൽ മദ്യപാനികളുടെ ഡ്രൈവിംഗിനെതിരേ നിയമം കൊണ്ടുവരാൻ ഈ സംഘടനയ്ക്കു കഴിഞ്ഞു. മനുഷ്യന്റെ ദൗർബല്യമായ ഒരു വികാരത്തെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന ശക്തിയാക്കി മാറ്റുകയാണവർ ചെയ്തത്.

വർണ്ണവിവേചനം നിലനിന്നിരുന്ന തെക്കെ ആഫ്രിക്കയിലെ ട്രെയിൻയാത്രയിൽ മഹാത്മഗാന്ധിക്കുണ്ടായ അനുഭവം പ്രസിദ്ധമാണല്ലോ. ഒന്നാം ക്ലാസ്സിലാണ് ഗാന്ധി യാത്ര ആരംഭിച്ചത്. രാത്രി ഒമ്പതുമണിയോടടുപ്പിച്ച് തീവണ്ടി നേറ്റാളിന്റെ തലസ്ഥാനമായ മാരിറ്റ്സ്ബർഗ്ഗിൽ എത്തിചേർന്നു. വെള്ളക്കാരനായ ഒരു യാത്രക്കാരൻ ഗാന്ധിജിയെ അടിമുടി വീക്ഷിച്ചു. ഗാന്ധിജി ഒരു ''കറുത്ത'' മനുഷ്യനാണെന്ന യാൾക്ക് മനസ്സിലായി. വെള്ളക്കാരൻ യാത്ര ചെയ്യുന്ന കമ്പാർട്ടുമെന്റിൽ ഒരു കറുത്ത മനുഷ്യൻ ഇരിക്കുന്നതയാളെ ക്ഷോഭിപ്പിച്ചു. ഏതാനും ഉദ്യോഗസ്ഥരുമായി തിരിച്ചുവന്ന് ഗാന്ധിജിയോട് മറ്റൊരു മുറിയിലേക്ക് മാറിയിരിക്കാൻ ആവശ്യപ്പെട്ടു. ഗാന്ധിജി വിസമ്മതിച്ചു. അയാൾ ഗാന്ധിജിയെ പിടിച്ച് പുറത്തേക്ക് തള്ളി. സാധനങ്ങളും മറ്റും പുറത്തേക്ക് എടുത്തെറിഞ്ഞു. തീവണ്ടി സ്റ്റേഷൻ വിട്ടു. വർണ്ണവിദ്വേഷമെന്ന ആരൂഢമൂലമായ രോഗത്തിന്റെ വെറും ഒരു ചിഹ്നം മാത്രമായിരുന്നു ആ ഏറ്. അത് ശീതകാലമായിരുന്നു. തെക്കെ ആഫ്രിക്കയിലെ ഉന്നതപ്രദേശമായ മാരിറ്റ്സ്ബർഗിൽ തണുപ്പ് വളരെ കൂടുതലും. തണുത്തു വിറച്ച് റയിൽവേസ്റ്റേഷനിൽ കിടന്ന് ഗാന്ധിജി രോഷാകുലനായി പ്രതികരിച്ചതെങ്ങനെയാണ്? തന്നെ ട്രെയിനിൽനിന്നും എടുത്തെറിഞ്ഞ വെള്ളക്കാരെ ഒരു ദിവസം തന്റെ രാജ്യത്തിൽനിന്നു തന്നെ എറിഞ്ഞുകളയും എന്ന് റെയിൽപ്ലാറ്റ്ഫോമിൽ കിടന്നുകൊണ്ട് അദ്ദേഹം ചിന്തിച്ചിരിക്കണം. കോപത്തോടുള്ള ഒരു ക്രിയാത്മക പ്രതികരണമാണ് സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

കോപം മനുഷ്യസഹജമായ ഒരു വികാരമാണ്. കോപം ഉണ്ടാവരുത് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നില്ല. കാരണം കോപം അതിൽതന്നെ ഒരു പാപമല്ല. പക്ഷേ കോപത്തിന്റെ പ്രേരണയിൽ ഉണ്ടാകാവുന്ന പ്രവൃത്തി പാപമാകാം. അതുകൊണ്ടാണ് ''കോപിച്ചാൽ പാപം ചെയ്യരുത്'' എന്ന് വി. പൗലൂസ് എഫേസ്യക്കാരെ സങ്കീർത്തന പിൻബലത്താൽ ഉപദേശിച്ചത്. (4:26,27). കോപത്തോടുള്ള സമീപനം നല്ലതായിരിക്കണം എന്നർത്ഥം. സൗമ്യഭാവമൂർത്തിയായ യേശുക്രിസ്തുവിനുപോലും കോപം വന്ന സന്ദർഭങ്ങളുണ്ട്. (വി. മത്തായി 21:12,13). യറുശലേം ദേവാലയത്തിൽ വിൽക്കുന്നവരേയും വാങ്ങുന്നവരേയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു. ഇതിനെ ധർമ്മരോഷം എന്നു വിളിക്കാം. ഇത്തരം കോപപ്രകടനങ്ങൾ സമൂഹത്തിനു മുഴുവൻ പ്രയോജനകരമാകുമ്പോൾ അത് ധാർമ്മികതയുടെ ഭാഗമാകുന്നു. യേശുക്രിസ്തുവിന് ധർമ്മരോഷം ഉണ്ടായതായി വേദപുസ്തകത്തിന്റെ മറ്റു ചില ഭാഗങ്ങളിലും (വി. മർക്കോസ് 3:5) സൂചനകളുണ്ട്.

കോപത്തെ എങ്ങനെ കീഴടക്കാം? സൗമ്യഭാവത്തിന് പേരുകേട്ട ഐറിഷ്-ഓസ്ട്രേലിയൻ സിസ്റ്റർ എലിസബേത്ത് ഇതിനുത്തരം നൽകുന്നു.

പ്രകോപനം എന്തായിരുന്നാലും സദാ സൗമ്യവതിയായിരിക്കുന്ന അവരോട് ഒരിക്കൽ ഒരു സുഹൃത്ത് ചോദിച്ചു 'ഈ പുഞ്ചിരിയും, സൗമ്യഭാവവും നിങ്ങൾക്ക് ജന്മനാ കിട്ടിയതാണോ'' 'അല്ല' എന്നവർ ഉത്തരം പറഞ്ഞു. ഞാൻ കുട്ടിയായിരിക്കുമ്പോൾ എന്റെ അമ്മ എനിക്ക് വലിയ ഒരു ഉപദേശം തന്നു. ഞാൻ ഇന്നേവരെ അത് പാലിച്ചു വരുന്നു'. എന്തായിരുന്നു നിങ്ങളുടെ അമ്മയുടെ ഉപദേശം? "കോപം മറ്റൊരാളുടെ പ്രവൃത്തിയോ (Action)ടുള്ള നമ്മുടെ പ്രതികരണമാണ് (Reaction). ഏതു തരത്തിലാണ് പ്രതികരിക്കേണ്ടത് എന്നു തീരുമാനിക്കാൻ നമുക്കു കഴിയും. പ്രകോപനത്തോടുള്ള എന്റെ പ്രതികരണം മൗനമാണ്''. അവർ പറഞ്ഞു. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പീലാത്തോസിന്റെ മുന്നിൽ യേശുവിനെ കുറ്റം ചുമത്തി പ്രകോപിപ്പിച്ചപ്പോൾ യേശു മൗനം പാലിച്ചാണ് അവർക്ക് മറുപടി നൽകിയത് (വി. മർക്കോസ് 15:1–6). കോപം വരുമ്പോൾ നിങ്ങൾക്ക് മൗനമായിരിക്കുവാൻ പരിശീലിച്ചുകൂടെ?

വീണ്ടുവിചാരമില്ലാതെ പ്രവർത്തിച്ചാൽ കോപം കൈയ്പ്പുള്ള അനുഭവമായിത്തീരും. ആന്തരികമായി നമ്മെ നശിപ്പിക്കുകയും ചെയ്യും. ബന്ധങ്ങൾ നശിപ്പിക്കാനല്ല കെട്ടിപ്പടുക്കാനാണ് കോപത്തെ ഉപയോഗിക്കേണ്ടത് എന്നാണ് വി. പൗലോസ് ശ്ലീഹായുടെ അഭിപ്രായം. കോപത്തെ താലോലിക്കുന്നവർ മനസ്സിനെ വിഭജിച്ച് സാത്താന് പാർപ്പിടം നൽകുന്നു. അതുകൊണ്ടാണ് സൂര്യൻ അസ്തമിക്കുന്നതുവരെ കോപം വച്ചുകൊണ്ടിരിക്കുന്നത് എന്ന് അദ്ദേഹം ഉപദേശിക്കുന്നത്. (എഫേ. 4:26) നിങ്ങൾ ആരെങ്കിലുമായി ഇപ്പോൾ കോപത്തിലാണോ? എങ്കിൽ ഉറങ്ങുന്നതിനു മുമ്പേ നിങ്ങളുടെ മനസ്സിനെ ശുദ്ധീകരിക്കുക. കോപത്തെ നിയന്ത്രിക്കാനുള്ള പരിശീലനം പ്രാർത്ഥനയിലൂടെ ഓരോ വ്യക്തിയും സ്വയം നേടുകയാണ് വേണ്ടത്.

*11–ാം പേജിൽ നിന്നു തുടർച്ച...*

ഇവിടുത്തെ കമ്പ്യൂട്ടർ ഇന്റർനെറ്റ് വഴി പിടിച്ചെടുക്കുന്നു. കുട്ടികൾ ഇത്തരം "സൈറ്റു"കൾ തേടിപ്പോകാറുണ്ട്. ഇന്റർനെറ്റ് വഴി നേരിട്ടു കണ്ടിട്ടില്ലാത്ത ധാരാളം പേരുമായി സൗഹൃദം സ്ഥാപിക്കാൻ കഴിയുന്നു. ഇതിൽ മിക്കതും ദോഷകരമായ കൂട്ടുകെട്ടിൽ ചെന്നവസാനിക്കുന്നു.

ഇങ്ങനെ ഇന്റർനെറ്റ് മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതിയെയും, കുട്ടികളുടെ ആരോഗ്യം, വിദ്യഭ്യാസം സ്വഭാവം എന്നിവയേയും ദോഷകരമായി ബാധിക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ട്. ഇതിനെ നിയന്ത്രിക്കാൻ എന്തെങ്കിലും ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു.

ഇന്റർനെറ്റിന്റെ ആഗമനത്തോടുകൂടി ഇന്റർനെറ്റ് ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ വൻ തോതിൽ ആരംഭിച്ചു. കൃത്യമ വൈറസ് സൃഷ്ടിച്ച് ഇന്റർനെറ്റ് വഴി ലോകമെമ്പാടുമുള്ള കമ്പ്യൂട്ടറിൽ കടത്തിവിട്ട് അതിലുള്ള പ്രധാനപ്പെട്ട ഡേറ്റ നശിപ്പിക്കുന്നത് ചിലരുടെ വിനോദമായിരിക്കുന്നു. കമ്പ്യൂട്ടറിൽ സൃഷ്ടിക്കുന്ന ബിൽ സ്വീകാര്യമാണെന്നു വന്നതോടുകൂടി കമ്പ്യൂട്ടർ ഉപയോഗിച്ച് കൃത്യമ ബിൽ ഉണ്ടാക്കി കമ്പനികളിൽ നിന്നും പണം തട്ടുന്ന ധാരാളം ജോലിക്കാർ ഉണ്ട്. ആന്ധ്രാപ്രദേശിലുള്ള ഒരാൾ ഒരു യൂറോപ്യൻ രാജ്യത്തെ ലോട്ടറിയിൽ ഒന്നാം സമ്മാനം നേടിയതായി വെളിപ്പെടുത്തി. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ ധാരാളം ബാങ്കുകാർ നിക്ഷേപത്തിനുവേണ്ടി അദ്ദേഹത്തെ സമീപിക്കുകയും യൂറോപ്പിൽപോയി സമ്മാനം വാങ്ങി വരാനുള്ള പണം ലോൺ തരണമെന്ന് അയാൾ വ്യവസ്ഥ വക്കുകയും പല ബാങ്കുകളും അയാൾക്കു ലോൺ നൽകുകയും അങ്ങനെ ലക്ഷക്കണക്കിനു രൂപ വാങ്ങിക്കൊണ്ട് അയാൾ അപ്രത്യക്ഷമാകുകയും ചെയ്തു. ലോട്ടറി കമ്പനിയുടേതാണെന്നു പറഞ്ഞ് അയാൾ ആവശ്യപ്പെട്ടവർക്കെല്ലാം ഒരു ഇന്റർനെറ്റ് അഡ്രസ്സ് നൽകി. ആ വെബ്സൈറ്റ് പരിശോധിച്ചവർക്ക് അയാൾക്കാണ് ഒന്നാം സമ്മാനം എന്നു മനസ്സിലായി. പക്ഷേ ആ വെബസൈറ്റും അഡ്രസ്സും അയാൾ തന്നെ സ്വയം സൃഷ്ടിച്ചതാണെന്നു മാത്രം. ഇന്റർനെറ്റ് അഡ്രസ്സ് ഏതെങ്കിലും രാജ്യത്തെ കാണിക്കുന്നില്ല. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങൾ സൈബർ ക്രൈം എന്ന പേരിൽ അറിയപ്പെടുന്നു. ഇങ്ങനെ ഇന്റർനെറ്റ് വൻ നേട്ടങ്ങളോടൊപ്പം വൻ തോതിൽ ദോഷവും ഉണ്ടാക്കുന്നു.


## MATRIMONIAL

Orthodox, Syrian Christian Parents in Kuwait, Invite Proposals for their Son B. Tech (29' 163 c.m.) working as a computer Engineer in a reputed company in Kuwait, and coming in August, from Parents of God fearing, good looking educated girls. (Engineers, M.B.A., M.C.A, and Such other Professionals only).

*Contact:-*

BOX NO. 278
MALANKARA SABHA
DEVALOKAM, KOTTAYAM-686038

## MATRIMONIAL

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറും ഓർത്തഡോക്സ് യുവജന പ്രസ്ഥാനം കേന്ദ്രകമ്മറ്റി അംഗവും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഗസ്റ്റ് ലക്ചറായി ജോലി നോക്കിയിരുന്നതും ഇപ്പോൾ സൗദിയിൽ പ്രശസ്തമായ കമ്പനിയിൽ ഉയർന്ന തസ്തികയിൽ ജോലിയുള്ളതുമായ പത്തനംതിട്ട ജില്ലയിലെ യുവാവ് ജൂലൈ ആദ്യവാരം അവധിക്കു വരുന്നു. MSc Physics, BEd PGDMM 27/180. കോളജ്, +2 അദ്ധ്യാപികമാർ MSc Maths, Chemistry, UGC/Set/MPhil എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ളതും മറ്റ് നല്ല തസ്കകളിൽ ജോലിയുള്ളതുമായ ഓർത്തഡോക്സ് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജോലിയില്ലാത്ത വിദ്യാഭ്യാസ യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതാണ്.

*Contact:-*

Phone No. 0473-305111, 351462




## വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് എൻഡോവ്മെന്റ് ഫണ്ട് – അറിയിപ്പ്

1984 ൽ സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ചരമവാർഷിക കനകജൂബിലി വിപുലമായ പരിപാടികളോടെ കൊണ്ടാടുകയുണ്ടായി. പ്രസ്തുത ജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രകാശിപ്പിച്ചു. അതിനായി നടത്തിയ പരസ്യശേഖരണത്തിലൂടെ ലഭിച്ച തുക സ്മരണിക പ്രസിദ്ധീകരിക്കുന്നതിനുള്ള ചിലവ് കഴിച്ച് ബാങ്കിൽ സ്ഥിരനിക്ഷേപമായി ഇട്ട് അതിൽനിന്ന് ലഭിക്കുന്ന പലിശ സാധുസംരക്ഷണത്തിനായി 1985 മുതൽ ഉപയോഗിച്ചു വരുന്നു. ആണ്ടിൽ രണ്ടുപ്രാവശ്യം തുക വിതരണം ചെയ്യുന്നുണ്ട്. ഓഗസ്റ്റ് മാസത്തിൽ നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസസഹായത്തിനും ഫെബ്രുവരി മാസത്തിൽ രോഗികൾക്ക് ചികിത്സാ സഹായത്തിനുമായി നൽകുന്നു. ഇപ്പോൾ മൂന്നേകാൽ ലക്ഷം രൂപയാണ് സ്ഥിരനിക്ഷേപമായി ബാങ്കിലുള്ളത്. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് സ്മാരക നിധി എന്ന പേരിലുള്ള ഈ സഹായനിധി മലങ്കര മെത്രാപ്പോലീത്തായും കിഴക്കിന്റെ കാതോലിക്കായുമായ പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് നേരിട്ട് കൈകാര്യം ചെയ്യുന്നു.

പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷനായും ശ്രേഷ്ഠനിയുക്ത കാതോലിക്കാ ഉപാദ്ധ്യക്ഷനായും ഫാദർ കെ.ജെ. ഗബ്രിയേൽ കാര്യദർശിയായും 12 പേരുൾപ്പെടുന്ന ഭരണസമിതി ഈ സ്മാരകനിധിയുടെ നടത്തിപ്പിന് പരിശുദ്ധ ബാവാതിരുമേനിയെ സഹായിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസ സഹായത്തിനും ചികിത്സാ സഹായത്തിനും അനേകർ അപേക്ഷകരായി വരുന്നു. ഇവരുടെ ആവശ്യം കണക്കിലെടുത്ത് തക്കവിധം സഹായിക്കുന്നതിന് പലിശ മതിയാകുന്നില്ല. അപേക്ഷകരുടെ എണ്ണവും അവരുടെ ആവശ്യത്തിന്റെ ഗൗരവവും അനുസരിച്ച് വേണ്ടത്ര തുക ഇല്ല എന്നത് ഒരു പോരായ്മയാണ്. മലങ്കര സഭയുടെ സ്വാതന്ത്ര്യം കാത്തു സംരക്ഷിക്കുവാൻ മരണം വരെ പോരാടിയ സഭാഭാസുരന്റെ പേരിലുള്ള ഈ സ്മാരകനിധി വർദ്ധിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. പ്രത്യേകിച്ച് ആ മഹാത്മാവിനെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നടപടികൾ സ്വീകരിച്ചു വരുന്ന ഈ സന്ദർഭത്തിൽ. ആയതിനാൽ ഈ സ്മാരകനിധിയിലേക്ക് ഉദാരമായി സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*സംഭാവന അയയ്ക്കേണ്ട വിധം:–* **Vattasseril Mar Dionysious Endowment Fund** എന്ന പേരിൽ ചെക്കോ ഡ്രാഫ്റ്റോ എഴുതി **Fr. K.J. Gabriel, Orthodox Theological Seminary, P.B. No. 98, Kottayam;** എന്ന വിലാസത്തിൽ അയയ്ക്കുക.


*Favours Received*





**T.G. VARGHESE & FAMILY,**
**Kuwait**

## MATRIMONIAL

Orthodox Parents settled in Mumbai Invite marriage, propsals for thier Son Deacon, B.com. B.D. 27 Yrs, 5'6" Medium Complexion. Parents of girls with teaching qualifications respond with full details.

*Contact:-*

BOX NO. 277
MALANKARA SABHA
DEVALOKAM, KOTTAYAM-686038

**3rd DEATH ANNIVERSARY**
**(26.07.2002)**



**ALEYAMMA VARGHESE**
**AYIRATTE, CHENGAROOR, (PURAMATTOM)**

**Your Memory- Our Inspiration in life, and yet your prayers be our guideline.**

***Fondly Remembered by:***

**Sorrowing Husband, Children**
**Children-in-law & Gr. Children**

NEW THIPPASANDRA, BANGALORE-75

# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

ചോദ്യം

### 2 കൊരിന്ത്യർ 7-8

1. എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം ആരുടെ വരവിനാൽ പൗലോസിനെ ആശ്വസിപ്പിച്ചു എന്നാണ് പറയുന്നതു?
2. പൗലോസിന്റെ "കണ്ണുനീരിന്റെ കത്ത്" നെക്കുറിച്ചുള്ള പരാമർശം ഏതു വാക്യത്തിലാണ്?
3. 7: 9,10 വാക്യത്തിൽ രണ്ട് തരത്തിലുള്ള ദുഃഖത്തെക്കുറിച്ചു പൗലോസ് പറയുന്നു. അവ ഏവ?
4. തീത്തോസിന് കൊരിന്ത്യരോട് സ്നേഹം വർദ്ധിക്കുവാൻ കാരണം എന്ത്?
5. ദാനധർമ്മം എല്ലാ ദൈവീക കാര്യങ്ങൾ പോലെ അത്യാവശ്യമാണെന്ന് പൗലോസ് പഠിപ്പിക്കുന്ന വാക്യം എഴുതുക?
6. ദാനധർമ്മത്തിൽ ദൈവപ്രസാദം കിട്ടുവാൻ എന്തു ചെയ്യണം?
7. "ഏറെ പെറുക്കിയവന് ഏറെയും കുറെ പെറുക്കിയവന് കുറവും കണ്ടില്ല." എന്തു പെറുക്കിയ കാര്യമാണ് ഈ പറയുന്നത്.
8. 7-ാം ചോദ്യത്തിലെ സംഭവം ദാനം വഴി എന്ത് ഉണ്ടാകുന്നു എന്നാണ് പഠിപ്പിക്കുന്നത്?
9. ധനശേഖരണത്തിൽ അപവാദങ്ങൾ ഉണ്ടാകാതിരിക്കുവാൻ പൗലോസ് എന്തു ചെയ്തു?
10. കൊരിന്ത്യരെക്കുറിച്ചുള്ള പ്രശംസ എങ്ങനെ തെളിയിക്കണമെന്നാണ് പൗലോസ് പറയുന്നത്?

### മെയ് ലക്കം ശരിയുത്തരം അയച്ചുതന്നവർ

1. ജാസ്മിൻ ജോർജ്ജ്, പാന്തപ്ലാക്കിൽ, ആലുവ.
2. ഓമന ജോൺ, മെഴുവേലി.
3. ഏലിയാമ്മ പൗലോസ്, മണലിൽ, വയനാട്.
4. മോളി മാത്യു, നാരങ്ങാനം.
5. ആലീസ് അബ്രഹാം, ആന്തരീയേത്ത്, കോയമ്പത്തൂർ
6. റാണി കുരുവിള, അനു എന്റർപ്രൈസസ്, ഫരീദാബാദ്.
7. അന്നമ്മ മത്തായി, നേതാജി റോഡ്, ആലുവ.
8. കെ.സി. ഏലിസബത്ത് തമ്പി, പനമ്പിള്ളി നഗർ, കൊച്ചി.
9. ലില്ലിക്കുട്ടി ഗീവർഗീസ്, മോൺസിവില്ല, കരിപ്പുഴ, മാവേലിക്കര.
10. സാറാമ്മ തമ്പി, വാലയിൽ, കോയമ്പത്തൂർ.
11. ഏലിയാമ്മ സക്കറിയ, ഹാപ്പി ഹോം അപ്പാർട്ട്മെന്റ്, കൽക്കട്ട.
12. ഷാജി മാമ്മൻ മാത്യു, നെയ്ശ്ശേരീൽ കുട്ടമ്പേരൂർ.

ഉത്തരം

### 2 കൊരിന്ത്യർ 5-6

1. മരണത്തിൽക്കൂടി (5:1)
2. നിത്യമായ നമ്മുടെ വാസസ്ഥലം സ്വീകരിക്കുവാൻ നമുക്ക് ഉടനെ കഴിയുന്നില്ല എന്ന ചിന്ത. (5:4)
3. കാഴ്ചയാലല്ല വിശ്വാസത്താൽ അത്രേ ഞങ്ങൾ നടക്കുന്നത്. (5:7)
4. പരിശുദ്ധാത്മാവ്. (5: )
5. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന്. (5:10)
6. (a) ക്രിസ്തുവിന്റെ പാപമില്ലാത്ത അവസ്ഥ.
   (b) ക്രിസ്തു നമുക്കുവേണ്ടി പാപമാക്കപ്പെട്ടു; നമ്മുടെ പാപത്തിന്റെ ശിക്ഷ അവിടുന്നേറ്റു.
   (c) തന്മൂലം അവിടുന്നു നമുക്ക് രക്ഷ പ്രദാനം ചെയ്തു.
7. സുവിശേഷത്തിന്റെ (6:4)
8. വിശ്വാസികളെ പുത്ര തുല്യം സ്നേഹിക്കണമെന്നാണ് പഠിപ്പിക്കുന്നത് (6:13)
9. പൊരുത്തപ്പെടാത്തവ തമ്മിൽ ഒന്നിച്ചു ചേരുക സാദ്ധ്യമല്ല.
10. (a) വിശ്വാസികൾ ദൈവത്തിന്റെ ആലയം ആണ് (6:16)
    (b) വിശ്വാസികൾ കർത്താവിന്റെ കുടുംബാംഗങ്ങൾ (6:17)

**12th Death Anniversary**
**26-7-2002**



**FR. T.S. THOMAS**
Thengumthottathil (House)
Ranny

*Inserted by*
Raichel Thomas
Fr. Thampan Varghese & Family
Saby & Family, Sunny & Family



## ഭവനസഹായ പദ്ധതി 2002

**കോട്ടയം:-** മലങ്കര ഓർത്തഡോക്സ് സഭയുടെ ഭവന സഹായ പദ്ധതിയിൽ നിന്നും 31-3-2002 വരെയുള്ള കാലയളവിൽ ആകെ 2047 വീടുകൾക്ക് കേന്ദ്ര വിഹിതമായ 98,49,000 രൂപ നല്കിക്കഴിഞ്ഞു.

നടപ്പു വർഷം കുറഞ്ഞത് 200 വീടിന് എങ്കിലും കേന്ദ്ര വിഹിതമായ 13 ലക്ഷം രൂപ നല്കാനാണ് ഉദ്ദേശിക്കുന്നത് കേന്ദ്ര വിഹിതം കൂടാതെ മറ്റു മൂന്നു ഘടകങ്ങളും (വ്യക്തി, ഇടവക, മെത്രാസനം) തുക സമാഹരിച്ച് 26000 രൂപയിൽ കുറയാത്ത വീടാണ് നിർമ്മിക്കേണ്ടത്.

ഉദാരമതികളായ വ്യക്തികളും, സ്ഥാപനങ്ങളും ഈ പദ്ധതിക്ക് തുടർന്നും സംഭാവന നല്കി സഹായിക്കുമെന്നാണ് കേന്ദ്ര കമ്മറ്റിയുടെ പ്രതീക്ഷ.

## വിദ്യാഭ്യാസ സഹായം

**കോട്ടയം:-** ഓർത്തഡോക്സ് വൈദീക സെമിനാരിയിൽ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷനിൽ നിന്നും വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷാഫോറം ആവശ്യമുള്ളവർ സ്റ്റാമ്പ് ഒട്ടിച്ച് മേൽവിലാസം എഴുതിയ കവർ സഹിതം എഴുതുക. ടെക്നിക്കൽ, പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ മാത്രം അപേക്ഷിക്കുക. പൂരിപ്പിച്ച അപേക്ഷാഫോറം ജൂലൈ 30-ന് മുൻപ് ലഭിച്ചിരിക്കണം.

*അപേക്ഷ അയയ്ക്കേണ്ട വിലാസം:-*

**മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ**
**ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി**
**പി.ബി. നമ്പർ 98; ചുങ്കം, കോട്ടയം-1**

# പരുമല സ്മൃതി

## പ്രീ-പബ്ലിക്കേഷൻ അറിയിപ്പ്

പരുമല തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദിയോടനുബന്ധിച്ച് മലങ്കരസഭ പ്രസിദ്ധീകരിക്കുന്ന പരുമല സ്മൃതി ഗ്രന്ഥത്തിന്റെ പ്രീ-പബ്ലിക്കേഷൻ സൗജന്യ വില 2002 ജൂലൈ 1 മുതൽ 200 രൂപയായിരിക്കും.

മുഖവില 250

പ്രീ പബ്ലിക്കേഷൻ വില 200 രൂപ

(ജൂലൈ 1 മുതൽ സെപ്തംബർ 30 വരെ) തപാലിൽ (ഇന്ത്യയിൽ) പുസ്തകം വേണ്ടവർ 25 രൂപ കൂടുതൽ നൽകേണ്ടതാണ്.

*N.B. പ്രമോട്ടേഴ്സ്, ഏജൻസ് ഇതൊരറിയിപ്പായി സ്വീകരിക്കണം*

*മാനേജിംഗ് എഡിറ്റർ.*

## ആർദ്രതാ ഫെലോഷിപ്പ് ചാരിറ്റബിൾ ട്രസ്റ്റ് പഠന ചികിത്സാ സഹായ വിതരണം

**കോട്ടയം:-** കോട്ടയം ആർദ്രതാ ഫെലോഷിപ്പ് ചാരിറ്റബിൾ ട്രസ്റ്റിൽ നിന്ന് പഠന ചികിത്സാ സഹായ വിതരണം ഏപ്രിൽ 21-ാം തീയതി, പഴയ സെമിനാരിക്കടുത്തുള്ള ട്രസ്റ്റ് ഓഫീസിൽ വച്ച് നിർവ്വഹിക്കപ്പെട്ടു. തദവസരത്തിൽ ജസ്റ്റിസ് കെ. റ്റ. തോമസും വൈദിക സെമ്മിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ഡ. ജേക്കബ് കുര്യനും മുഖ്യാതിഥികളായിരുന്നു.



*ട്രസ്റ്റിൽ നിന്ന് സഹായം ലഭിച്ചവരിൽ ചിലരും ട്രസ്റ്റ് പ്രവർത്തകരിൽ ചിലരും ജസ്റ്റീസ് കെ.റ്റി. തോമസിനോടൊപ്പം.*

## ധ്യാനവും മദ്ധ്യസ്ഥ പ്രാർത്ഥനയും

മലങ്കര ഓർത്തഡോക്സ് സഭാ പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ ജൂലൈ മാസം 13-ന് ശനിയാഴ്ച പരുമല സെമിനാരിയിൽ വച്ച് ധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തുന്നു. പ്രസ്ഥാനം പ്രസിഡന്റ് അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമനസുകൊണ്ട് വി. കുർബ്ബാന അർപ്പിക്കും. പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അനുഗ്രഹപ്രഭാഷണം നടത്തും. ഫാ. മോഹൻ ജോസഫ്, കോട്ടയം; ഫാ. റ്റി.ജെ. അലക്സാണ്ടർ; ശ്രീ. ജോസഫ് നൈനാൻ, തിരുവനന്തപുരം എന്നിവർ ധ്യാനപ്രസംഗങ്ങൾ നടത്തും.

സഭയുടെ ഇന്നത്തെ പ്രതിസന്ധിയിൽ സഭാമക്കൾ ഒരുമിച്ച് കൂടി സഭയ്ക്ക് വേണ്ടി പ്രാർത്ഥിക്കുവാനായി വേർതിരിച്ചിരിക്കുന്ന ഈ ദിവസം നമുക്ക് ഒരുമിച്ച് ദൈവകൃപയ്ക്കായി യാചിക്കാം. രോഗങ്ങളിലും, പ്രതിസന്ധികളിലും വിഷമിക്കുന്ന എല്ലാവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്.

## ദേശീയ ബഹുമതി



ഭാരത് സകൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ കേരളാ സ്റ്റേറ്റ് കമ്മീഷണർ ആയിരുന്ന ശ്രീ ടി.ഒ. ജേക്കബിന് (Retd. IPS) സിൽവർ സ്റ്റാർ എന്ന ദേശീയ ബഹുമതി നൽകപ്പെട്ടു. തിരുവനന്തപുരം സെന്റ് ജോർജ്ജ് കത്തീഡ്രൽ അംഗം.

## ജന്മദിനം ആഘോഷിച്ചു

**അമേരിക്ക:-** അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്തായും കാനഡ-യു.കെ., യൂറോപ്പ് ഭദ്രാസന അധിപനുമായ ഡോ. തോമസ് മാർ മക്കാറിയോസിന്റെ 76-ാം ജന്മദിനം റ്റൊറൊൻഡോ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ വച്ച് മേയ് 26-ാം തീയതി സമുചിതമായി ആഘോഷിച്ചു. ഫാ. ഗീവറുഗീസ് കോടിയാട്ട്, കെ. മാത്യൂസ് കുളഞ്ഞിപ്പുരയ്ക്കൽ, ഭദ്രാസന കൗൺസിൽ മെമ്പർ ഡേവിഡ് മാത്യു തുടങ്ങിയവർ ആശംസകളർപ്പിച്ചു പ്രസംഗിച്ചു.

**പത്തനംതിട്ട:-** തുമ്പമൺ ഭദ്രാസനമെത്രാപ്പോലീത്താ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ എഴുപത്തിരണ്ടാം ജന്മദിനം ജൂൺ 16-ാം തീയതി ഞായറാഴ്ച സമുചിതമായി ആഘോഷിച്ചു. ജന്മദിന സമ്മേളനത്തിൽ കുറിയാക്കോസ് മാർ ക്ലിമ്മീസ്, ബിഷപ്പ് സാം മാത്യു, ഫ്രാൻസിസ് ജോർജ്ജ് എം.പി., ഫാ. ടൈറ്റസ് ജോർജ്ജ്, ഫാ. എം.സി. ചെറിയാൻ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

## പാറശാലയിൽ ഓർത്തഡോക്സ് പള്ളി

തിരുവനന്തപുരം:- പാറശ്ശാലയ്ക്കടുത്ത് ആലമ്പാറയിൽ പുതുതായി പണിത സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ജൂൺ 4,5 തീയതികളിൽ പരിശുദ്ധ കാതോലിക്കാബാവ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിലും, തിരുവനന്തപുരം, കൊല്ലം ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. ഇടവക വികാരി വെരി. റവി. ഫാ. അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്കോപ്പാ, തിരുവനന്തപുരം ഭദ്രാസനത്തിലെ ബഹു. വൈദികർ, ശെമ്മാശ്ശന്മാർ, വിവിധ ഇടവകകളിൽ നിന്നെത്തിയ വിശ്വാസികൾ, ഇടവകാംഗങ്ങൾ എന്നിവരും വൻ ജനാവലിയും സന്നിഹിതരായിരുന്നു.

## സുവിശേഷ സംഘം വാർഷിക സമ്മേളനം

പത്തനംതിട്ട:- തുമ്പമൺ ഭദ്രാസന സുവിശേഷ സംഘത്തിന്റെ 2001-2002 ലെ അസംബ്ലിയും വാർഷിക സമ്മേളനവും 2002 ജൂൺ 16 ഞായറാഴ്ച പത്തനംതിട്ട ബേസിൽ അരമനയിൽ ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു.

വകയാർ:- സെന്റ് മേരീസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരായ 40 കുട്ടികൾക്ക് പാഠപുസ്തകവും, ബുക്കും പ്രസിഡന്റ് റവ. ഫാ. വർഗീസ് മാത്യു വിതരണം ചെയ്തു.

## വൈദീക പട്ടം



കുണ്ടറ:- കുണ്ടറ വലിയ പള്ളി ഇടവകയിൽ പൊയ്കയിൽ പുത്തൻ വീട്ടിൽ എം. കൊച്ചുമ്മന്റെ മകൻ ഡീക്കൻ പി.കെ. തോമസ്, നിയുക്ത കാതോലിക്കാ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നു വൈദിക പട്ടം സ്വീകരിച്ചു.



തുവയൂർ:- തുവയൂർ സെന്റ് ജോർജ്ജ് ഇടവകാംഗം ഷൈൻവില്ലയിൽ ശ്രീ. റ്റി.എം. വർഗീസ് ന്റെ മകൻ ഡീക്കൻ എസ്. വി. മാത്യു തുവയൂർ കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

കുണ്ടറ പ്ലാമൂട്ടിൽ ഹംബിൾ കോട്ടജിൽ ശ്രീ. വി. കുഞ്ഞുഞ്ഞിന്റെ മകൾ ഷൈനിയാണ് ഭാര്യ.

## ഒന്നാം റാങ്ക്



അഖില മലങ്കര മർത്തമറിയം വനിതാ സമാജം കേന്ദ്ര പരീക്ഷയിൽ സീനിയർ വിഭാഗത്തിൽ ഒന്നാം റാങ്കും അഖില മലങ്കര ബസ്ക്ക്യാമ്മ അസോസിയേഷൻ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനവും നേടിയ ജസ്സി വർഗ്ഗീസ് മയിലപ്ര തടിയിൽ ആകാശ് വില്ലയിൽ ഫാ. വർഗ്ഗീസ് മാത്യുവിന്റെ ഭാര്യ കുണ്ടറ എം.ജി.ഡി. ഗേൾസ് ഹൈസ്ക്കൂൾ അദ്ധ്യാപിക.



അഖില മലങ്കര മർത്തമറിയം വനിതാ സമാജം കേന്ദ്ര പരീക്ഷയിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം റാങ്ക് നേടിയ കുമാരി മീന തോമസ്. ചെങ്ങമനാട് വില്ലൂർ സെന്റ് മേരീസ് ഇടവക. ടി.കെ.പി. ഹൗസിൽ ജോൺ തോമസിന്റെയും ലളിതാമ്മ തോമസിന്റെയും മകൾ.



സൺഡേസ്ക്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ നടന്ന 6-ാം ക്ലാസിന്റെ മത്സര പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി നീതു ജെയിംസ്. വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവക അംഗമായ പടിയറ പുത്തൻവീട്ടിൽ ജെയിംസ് ജോർജ്ജിന്റെയും, സൂസൻ ജെയിംസിന്റെയും മകളാണ്.



മലങ്കരസഭ വാർത്തകൾ



കോയമ്പത്തൂർ തടാകം ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രിയുടെ വാർഡ് ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. എസ്. ആർ ബാലസുബ്രമണ്യം എം.എൽ.എ., ഡോ. ബെൻ സെൽസൻ, ആചാര്യാ ഫാ. കെ. വി. യാക്കോബ് വി.എസ്. കുമാർ ഐ.ആർ.എസ്. (ഇൻകം ടാക്സ് ഡപ്യൂട്ടി കമ്മീഷണർ) എന്നിവ സമീപം.

## പൗരോഹിത്യ രജത ജൂബിലി



ജോസ് പെരുമാൾ മണലിലച്ചന്റെ പൗരോഹിത്യ രജത ജൂബിലി അദ്ദേഹത്തിന്റെ മാതൃ ഇടവകയായ മാന്നാർ പാവുക്കര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ പാവുക്കര പള്ളിയിൽ വച്ച് 2002 ജൂലൈ 1-ന് തിങ്കളാഴ്ച നടത്തി.

കൊൽക്കത്താ ബിഷപ്സ് കോളജിൽ നിന്നും ഓതറ ദയറായിൽ നിന്നും വൈദീക വിദ്യാഭ്യാസം പൂർത്തീകരിച്ച അച്ചൻ 1975-ൽ ശെമ്മാശ്ശപട്ടവും 1977-ൽ കശ്ശീശാ പട്ടവും സ്വീകരിച്ചു. ചെങ്ങന്നൂർ, തുമ്പമൺ, നിരണം എന്നീ മെത്രാസനങ്ങളിലായി 10 പള്ളികളിൽ വികാരിയായി പ്രവർത്തിച്ചു. ഇപ്പോൾ കുട്ടമ്പേരൂർ സെന്റ് മേരീസ് പള്ളി വികാരിയാണ്.

അച്ചന്റെ പൗരോഹിത്യ രജത ജൂബിലി മെമ്മോറിയലായി പാവുക്കര പള്ളിയിൽ ഒരു എൻഡോവ്മെന്റ് ഫണ്ട് ആരംഭിച്ചു.

## ഓർത്തഡോക്സു സഭാംഗം ILO യിലേക്ക്



ഫെഡറേഷൻ ഓഫ് നാഷണൽ ടെലികോം ഓർഗനൈസേഷന്റെ അഖിലേന്ത്യ പ്രസിഡന്റും, അഹമ്മദാബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗവുമായ, ശ്രീ തോമസ് ജോൺ കൊട്ടക്കാട്ടേത്ത്, ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) സംഘടിപ്പിക്കുന്ന ഒരു ത്രികക്ഷി സമ്മേളനത്തിലേക്ക് ക്ഷണിയ്ക്കപ്പെട്ടിരിക്കുന്നു.

ILO പ്രാതിനിധ്യം ഉള്ള ഭരണകൂടങ്ങളെയും തൊഴിലുടമകളെയും തൊഴിലാളി വർഗ്ഗത്തെയും പ്രതിനിധീകരിച്ച് 66 വ്യക്തികളാണ് ഇതിൽ സംബന്ധിക്കുന്നത്. ഏഷ്യ പെസഫിക് ഭൂഖണ്ഡങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട നാലു തൊഴിലാളി നേതാക്കളിൽ ഒരാളാണ് ശ്രീ. തോമസ് ജോൺ. ഇദ്ദേഹം കോഴഞ്ചേരി സ്വദേശിയും കൊട്ടക്കാട്ടേത്ത് കുടുംബാംഗവുമാണ്.

## യുവജന പ്രസ്ഥാനം തിരുവനന്തപുരം ഗ്രൂപ്പ് സമ്മേളനം

തിരുവനന്തപുരം:- തിരുവനന്തപുരം ഗ്രൂപ്പ്, മെഡിക്കൽ ഓക്സിലറി, എന്നിവയുടെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം കുമാരപുരം സെന്റ്. തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് നിർവ്വഹിച്ചു.

നദിയിലൂടെ ഒഴുകിപ്പോകുന്ന കല്ലുകൾക്ക് പായൽ പിടിക്കുകയില്ല, അതുപോലെ യുവതീയുവാക്കൾ എപ്പോഴും ക്രിയാത്മക പ്രവർത്തനങ്ങളിൽ മുഴുകിയാൽ സമൂഹത്തിന്റെ തിന്മയുടെ, അലസതയുടെ പായൽ പിടിക്കാത്തവരായി കർമ്മശേഷിയുള്ളവരാകും എന്ന് യുവതീയുവാക്കളെ അദ്ദേഹം ഉത്ബോധിപ്പിച്ചു.

മാത്യൂസ് മാർ എപ്പിഫാനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഗ്രൂപ്പ് പ്രസിഡന്റ് ഫാ. റെജിലൂക്കോസ്, ശോഭന ജോർജ്ജ് എം.എൽ.എ., സി.കെ. കൊച്ചുകോശി, കൗൺസിലർ റ്റി. വി. അജിത്കുമാർ, ഗ്രൂപ്പ് ഓർഗനൈസർ സന്തോഷ് ചെറിയാൻ, മാത്യു സാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ഭിലായ് സെ. തോമസ് കോളജിൽ ഉപരിപഠനത്തിനവസരം

എം. എസ്സി. കംപ്യൂട്ടർ സയൻസ്, എം.എസ്സി മൈക്രോബയോളജി എം.എസ്സി ബോട്ടണി, എം.എസ്സി മാത്മാറ്റിക്സ്, എം.എ. ഇംഗ്ലീഷ്, എം.എ. ഇക്കണോമിക്സ്, എം.കോം, പി.ജി.ഡി.സി.എ എന്നീ കോഴ്സുകളിലേക്കും കംപ്യൂട്ടർ, ഫിസിക്സ്, മാത്സ്, ഇലക്ട്രോണിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, മൈക്രോ ബയോളജി, എന്നീ ബിഎസ്സി ക്ലാസ്സുകളിലേക്കും ഇംഗ്ലീഷ്, ഇക്കണോമിക്സ്, സൈക്കോളജി എന്നീ ബി.എ. ക്ലാസ്സുകളിലേക്കും ബി.ബി.എ., ബി.സി.എ. എന്നീ ക്ലാസ്സുകളിലേക്കും പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്സി. ബയോടെക്നോളജി, ബിഎസ്സി. ഐ.റ്റി., എം. എസ്സി ഐ.റ്റി., എം. എസ്സി ഇലക്ട്രോണിക്സ്, ബി.എഡ് എന്നീ കോഴ്സുകൾക്ക് ഈ വർഷം അനുമതി പ്രതീക്ഷിക്കുന്നു. വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യം.

ഭിലായ് എസ്.ബി.ഐ. യിൽ മാറാവുന്നതും പ്രിൻസിപ്പൽ, സെന്റ് തോമസ് കോളജ്, ഭിലായ് എന്ന പേരിൽ എടുത്തിട്ടുള്ളതുമായ 150 രൂപയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് St. Thomas College, Ruabandha, Bhilai P.O.- 490006, Durg (Dt.) Chattisgar (State) എന്ന വിലാസത്തിൽ അയച്ചാൽ പ്രോസ്പെക്ടസും അപേക്ഷാഫോറവും കിട്ടും. 0788/275970, 0788/432567, 0788/274223 എന്നീ നമ്പറുകളിൽ പ്രിൻസിപ്പലുമായി ബന്ധപ്പെടാവുന്നതാണ്.

8-ാം ചരമവാർഷികം

26-5-2002



**Mr. K.O. Ukkuru**

**Rtd. Civil Engineer**

**Ex. Trustee - ആർത്താറ്റു കുന്നംകുളം മഹാ ഇടവക**

5-ാം ചരമവാർഷികം

24-6-2002



**Mrs. Kunjai Ukkuru**

29-ാം ചരമവാർഷികം

21-6-2002



**MRS. MOLLY JOHN**

ജനനം: 9-11-1948

**K.O. ABRAHAM (UNNY)**

IDEAL ENGINEERS
GOREGAON WEST,
MUMBAI-400090
TEL- 022 8733081

KOOTHOOR HOUSE
SOUTH BAZAR
KUNNAMKULAM



By the Grace of God Almighty the sacrament of Holy Matrimony of John (Manoj) Son of (Mrs. Sosamma & Fr, Jesudasan, Puthethu, Thumpamon) (BG-I, Feedai Bang, Dewan Man, Vasai, Thane, Maharastra) with SHINI daughter of Mrs. Aleyamma & Mr. C.S. Thomas, Chenkottayil, Kanakapalam (Flat. 302, Sector.7, C.G.S. Qtrs, Antop Hill, Mumbai-37) has been solomnised at St. Thomas Orthodox Church, VASI on Monday, May 6, 2002 at 5. p.m. The Cheif Celebrant was His Grace Geevarghese Mar Coorilos, Asst. Metropolitan of the Diocese of Bombay, along with Fr. Jacob Thomas, Karakkal and 18 priests in the Diocese.

John is working as a Diocesan Student Coordinator in the MGOCSM of this diocese of Bombay and an achive member in the Gregorian Community here. John had been stayed at International Mediatation Centere at Taize in France for three months representating the Orthodox Church in India.


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാ കേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626

LICENCE NO. 475, 11TH APRIL 1946. REGISTERED NO. KL/CR/KTM/ 236/2002

**THE MALANKARA SABHA,** CATHOLICATE OFFICE, KOTTAYAM - 686 038

# 41–ാം ചരമദിനം

## ജൂലൈ 31–2002



# സാറാമ്മ ഫിലിപ്പോസ്

(നൂറ് വയസ്സ്)

തെങ്ങുംതോട്ടത്തിൽ പാലപുരത്ത്, അയിരൂർ, റാന്നി.

***Inserted by:-***

**BABY & FAMILY (AYROOR)**

**PHILIP (KUTTAPPAN) & FAMILY (U.S.A.)**

**KUNJAMMA THOMAS & FAMILY (KOZHENCHERRY)**

**M.P. ABRHAM (PAPPACHAN) & FAMILY (MUMBAI-MULLUND)**

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM

PRINTED AT GRAPHIC SYSTEMS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM - 38; CHIEF EDITOR FR. DR. JACOB KURIAN RS. 5/-